

സാഹോദര്യത്തിന്റെ സഹോദരി.

LP
M27



വന്ദ്യയായ കന്നോസ മദ്ദലേന.

ഉപവിയുടെ സഹോദരികളുടെ സഭാസ്ഥാപക.

XXVII. 145
2268. 3

I. H. S.

ഉപവിയുടെ കന്യാസ്ത്രീകളുടെ

സഭാസ്ഥാപകയായ

കനോസ മഗ്ദലേന

അഥവാ

സാഹോദര്യത്തിന്റെ സഹോദരി.

(ഒരു സംക്ഷിപ്ത ജീവചരിത്രം.)



HOUSE OF ST. JOSEPH I.C.S.C.
MANGALORE

ഫാദർ വിക്ടർ, സി. ഡി.
വിവർത്തനം ചെയ്തത്.

St. Joseph's I. S. Press, Elthuruth.

1938.

DHARMARAM COLLEGE LIB.
1631
BANGALORE

Nihil Obstat.

Fr. Francis Sales T. O. C. D.
Censor Deputatus.

Imprimi Potest.

Prior Generalis.

Champakulam,
22 September 1937.

Imprimatur.

✝ J. Kalachery,
Ep. Changanachery.
11—1—'38.

വിഷയവിവരം.

ഭാഗം ഒന്ന്. പക്ഷം

മശലേനായുടെ പൂർവ്വികന്മാർ	1
,, ജനനം	5
,, ശൈശവം	5
,, സഹോദരസഹോദരിമാർ	9
ഒരു പരീക്ഷ.	11
മശലേനായുടെ വിദ്യാഭ്യാസം	17
അദ്ധ്യാപിക	18
രോഗബാധ	25

ഭാഗം രണ്ട്.

ദൈവവിളി	30
പരിശുദ്ധ കന്യകയോടുള്ള ഭക്തി	33
കർമ്മലീത്തസഭയിൽ	36
പരദേശവാസം	39
ഒരു ദർശനം	41
സമാരംഭം	43
നെപ്പോളിയൻ കനോസായിൽ	45

ഭാഗം മൂന്ന്.

വി. യൗസേപ്പിന്റെ ആശ്രമം	51
മറ്റു സ്ഥാപനങ്ങൾ	52
ദൈവസ്നേഹം	56
പരസ്നേഹം	60
മശലേനായുടെ എളിമ	67
ആത്മസംയമനം	73
മരണം	76
മിഷ്യൻ രംഗം (ഉപസംഹാരം)	80
കനോസായിലെ വാഴ്ത്തുമശലേനായുടെ സ്തുതിക്കായുള്ള പ്രാർത്ഥന	82

മുഖവുര.

കുറഞ്ഞൊരു കാലംമുൻപ് ഞാൻ കൊച്ചിക്കോ ട്ടപ്പള്ളിയിൽ ധ്യാനപ്രസംഗങ്ങൾ നടത്തിവരവേ, അന്നവിടെ വികാരിയായിരുന്ന റവ. ഫാദർ എവറ റും ഒരുമിച്ചു സമീപെയുള്ള കനോഷ്യൻ കന്യകകളുടെ മഠം സന്ദർശിക്കുകയുണ്ടായി. "ഉപവിയുടെ സഹോദരി കമ്മ" എന്നറിയപ്പെടുന്ന പ്രസ്തുതകന്യകകളാൽ പ്ര ശംസനീയമാംവിധം നടത്തപ്പെടുന്ന ഹൈസ്കൂൾ, അനാഥമന്ദിരം ആദിയായ സ്ഥാപനങ്ങൾ മാധി പ ഞങ്ങളെ ആദരപൂർവ്വം കൊണ്ടുനടന്നു കാണിച്ചു. ക്രിസ്തീയ സാഹോദര്യത്താൽമാത്രം പ്രേരിതരായി, ഭൗ തിക സുഖസന്തോഷങ്ങളെല്ലാം തൃണവൽഗണിച്ചു്, മിശിഹായെ തങ്ങളുടെ മണവാളനായി സ്വീകരിച്ചു്, പരസ്നേഹപ്രവർത്തനങ്ങൾക്കായി സ്വയം സമർപ്പിച്ചു കൊണ്ടു്, പാശ്ചാത്യപൌരസ്ത്യ വ്യത്യാസംകൂടാതെ ഏക യോഗക്ഷേമമായി അവർ ചെയ്യുന്ന മഹത്സേവന ങ്ങളെക്കണ്ടു് സന്തുഷ്ടചിത്തരായി മടങ്ങിപോരുമ്പോ ൾ, മാധിപ അവരുടെ സഭാസ്ഥാപകയായ 'ക നോസ മഗ്ദലേനാ'യുടെ ഒരു സംക്ഷിപ്തജീവചരിത്രം എനിക്കു സമ്മാനിച്ചു.

ആംഗ്ലേയ ഭാഷയിൽ വിരചിതമായ പ്രസ്തുത ചരി ത്രം പലപ്രാവശ്യം പാരായണംചെയ്യുന്നതിൽ എനി ക്കു കൂടുതൽകൌതുകം തോന്നി. തൽഫലമായി ഇ

ത്ര മനോഹരവും അനുകരണീയവുമായ ജീവചരിത്രം നമ്മുടെ മാതൃഭാഷയിൽ ഉണ്ടായാൽ വനിതാലോകത്തിന് അതൊരനർഘനിക്ഷേപമായിരിക്കും എന്നും, തങ്ങളുടെ ജീവിതസ്ഥിതിയെപ്പറ്റി യാതൊരു തീരുമാനവും ചെയ്യാതെ ചഞ്ചലമനസ്കരായി കഴിഞ്ഞുകൂടുന്നവർക്കും, ദൈവമഹത്വത്തിനുവേണ്ടി മഹത്കാര്യങ്ങൾ നിർവ്വഹിക്കുവാൻ ആഗ്രഹിക്കുന്നവർക്കും സാമാന്യജീവിതംകൊണ്ടു സംതൃപ്തിയടയുന്നവർക്കും പുണ്യപൂർണ്ണത പ്രാപിക്കുന്നതിനും ഈ ജീവചരിത്രം തികച്ചും പര്യാപ്തമാകുമെന്നുള്ള വിചാരമാണ് ഇതു വിവർത്തനം ചെയ്യുന്നതിന് പ്രേരകമായിതീർന്നതു്.

കത്തോലിക്കതിരുസഭ ആദർശവനിതകളായി പലരേയും ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും നമ്മുടെ കത്തോലിക്ക വനിതകൾക്ക് അവരിൽ പലരും ഇനിയും അജ്ഞാതമായിട്ടാണിരിക്കുന്നതു്. നമ്മുടെ നാട്ടിലുള്ള കത്തോലിക്കവനിതകൾക്ക് ശരിയായ ശിക്ഷണവും ഉത്തമാദർശങ്ങളും നൽകിയിരുന്നെങ്കിൽ, സഭതേ ഭക്തിയിലേക്കു ചാഞ്ചിലുള്ള കത്തോലിക്കവനിതാലോകം മദ്ദലേനായെപ്പോലെയുള്ള മഹിളാരത്നങ്ങളെ തിരുസഭയ്ക്കു പ്രദാനം ചെയ്യുമായിരുന്നു. കേരളീയവനിതകളിൽ വല്ലവർക്കും തങ്ങളുടെ ഭാവി, ശോഭനമാക്കിതീർക്കുന്നതിന് ഈ ജീവചരിത്രസംക്ഷേപം അല്പമെങ്കിലും സഹായിച്ചാൽ ഞാൻ കൃതാർത്ഥനായി.

ഒരു ധന്യമാത്രമായിരിക്കുന്ന കഥാനായിക ഉ

ടനെതന്നെ വിശുദ്ധപദത്താൽ അലംകൃതയാകുമെ
ന്നുള്ള പ്രതീക്ഷയാണ് ഈ ഗ്രന്ഥപ്രസിദ്ധീകരണത്തി
ന താമസംവരുത്തിയത്. ഈ ജീവചരിത്രസംഗ്രഹം
വായിക്കുന്ന എല്ലാവരും കനോസ മഠലേന വിനാഫി
ളംബം വിശുദ്ധകളുടെ ഗണത്തിൽ ചേരുന്നതിനിട
യാക്കുവാൻ ദൈവത്തെ പ്രാർത്ഥിക്കണമെന്ന് സവിന
യം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഉദാരബുദ്ധിയോടെ പല സാഹായ്യങ്ങളും ചെ
യ്തതന്നവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കയും, വിശിഷ്ട
മായ ഒരവതാരികയാൽ ഈ ചരിത്രത്തെ അലംകരി
ച്ച ഫാദർ വില്യം അവർകളോട് എനിക്കുള്ള നിർ
വ്യാജമായ നന്ദി ഇവിടെ രേഖപ്പെടുത്തുകയും ചെയ്യു
കൊള്ളുന്നു.

മാന്നാനം
11 - 9 - 1938.

എന്ന്
ഫാദർ വിക്ടർ.



അവതാരിക.

'നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ ഇതുകൊണ്ടു, നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നു എന്നു എല്ലാവരും അറിയും'. (വി. യോഹ. XIII. 35.) എന്നുള്ള ദിവ്യരക്ഷകന്റെ അന്ത്യശാസനം വീരോചിതമായ സഹോദരസ്നേഹാഭ്യസനത്തിനു് നിരവധിയാളുകളെ പ്രേരിപ്പിച്ചിട്ടുള്ളതായി കത്തോലിക്കു സഭാചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു. ഒരു വിധവയുടെ പുത്രനെ മോചിപ്പിക്കുന്നതിനു് 'നോളായിലെ വി. പൌലീനോസ്' സ്വയം അടിമത്വം വരിച്ചതും, അടിമകളെ മോചിക്കുന്നതിനു സ്വപ്രയത്നങ്ങളും ചെയ്യാമെന്നും, ആവശ്യപ്പെട്ടാൽ സ്വയം അടിമകളായി വിറ്റു് മറ്റു അടിമകളെ മോചിച്ചുകൊള്ളാമെന്നും, വ്യവസ്ഥാനം ചെയ്തിരുന്ന ഒരു സന്ന്യാസസമൂഹം തന്നെ തിരുസഭയിൽ ഉണ്ടായിരുന്നതും ആരെയാണു് വിസ്മയിപ്പിക്കാത്തതു്?. അടിമകളെ മോചിക്കുന്നതിലെന്നപോലെ രോഗികളെ ശുശ്രൂഷിക്കുന്നതിലും, വിദ്യ അഭ്യസിപ്പിക്കുന്നതിലും നിരന്തരം പരിശ്രമിച്ചുവരുന്ന ഒരുതരം സഹോദരസ്നേഹമൂർത്തികൾ എല്ലാകാലത്തും വിശിഷ്യ നമ്മുടെ ഇക്കാലത്തും കത്തോലിക്കസഭയിലുണ്ടു്.

മേല്പറഞ്ഞ സഹോദരസ്നേഹപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അയ്യായിര (5000) ത്തിൽപ്പരം സന്ന്യാസിനികളുടെ സഭ സ്ഥാപിച്ച ധന്യയുടെ ജീവച

രിത്രമാണ് ക. നി. മൂ. സ. ബ. വിക്ടറച്ചൻ മല
യാളത്തിൽ എഴുതിയിരിക്കുന്നതു്. 1774-മാമ്മാ
സം 8-ാം തിയതിയാണ് നമ്മുടെ കഥാനായിക ഭൂജാ
തയായതു്. ഇറാലിയൻ ചരിത്രത്തിലെന്നല്ല തിരു
സഭാചരിത്രത്തിൽ തന്നെയും പ്രകീർത്തിതമായിട്ടുള്ള
കന്നോസാപ്രഭുകുടുംബത്തിലെ ഒരംഗമായി ജനിച്ച
ഈ ശിശു- കന്നോസ മഗ്ദലേന- കാലാന്തരത്തിൽ ദ
രിദ്രരുടെ ആപ്തമിത്രമെന്ന അപരനാമത്തിനർഹയാ
വുകയും സുദീർഘമായ തന്റെ ആയുഷ്കാലം മുഴുവൻ
ദരിദ്രരേയും രോഗികളേയും സംരക്ഷിക്കുന്ന ജോലിയി
ൽ ഏർപ്പെടുകയും സഹോദരസ്നേഹപരമായ ഈ ജോ
ലി നിരന്തരം നിർവ്വഹിക്കുന്നതിനായി ഒരു സഭ സ്ഥാ
പിക്കയും ചെയ്തു. പരിപാവനമായ ഈ കൃത്യനിർവ്വ
ഹണത്തിനു ദൈവം മഗ്ദലേനായെ യോഗ്യവതിയാ
ക്കിയതു് ചെറുപ്പംമുതൽക്കെ ഓരോ ദുഃഖങ്ങളും പീഡ
കളും അവർക്കു യാത്രയാക്കിക്കൊണ്ടായിരുന്നു. പി
താവിന്റെ അകാലമരണവും, മാതാവിന്റെ പുനർ
വിവാഹവും, തന്റെ ഗൃഹനാഥയിൽ നിന്നു ലഭിച്ച ക
ർക്കശമായ ശിക്ഷണങ്ങളും ഈ ബാലികയ്ക്കു് മിശിഹാ
യുടെ സ്വന്തം കളരിയായ പീഡാനുഭവക്കളരിയിൽ
നല്ല വ്യൽപ്പത്തി സമ്പാദിക്കുന്നതിനു സാഹായ്യമാ
യിരുന്നു. കേവലം ശൈശവാവസ്ഥയിലായിരുന്നപ്പോ
ൾ പോലും, തനിക്കു നേരിട്ടിരുന്ന ഉസ്സഹദുഃഖങ്ങൾ
ഈ സിദ്ധ സന്തോഷപൂർവ്വം സഹിച്ചിരുന്നതു് തീർച്ച
യായും ദിവ്യമായ വരപ്രസാദത്തിന്റെ ശക്തികൊണ്ടു
മാത്രമായിരുന്നു.

യൌവ്വനപ്രായത്തിലെത്തിയ മശ്ലേനായെ ലോകത്തിലേക്കു ബന്ധിക്കുവാൻ ബന്ധുജനങ്ങളും ചെയ്ത പരിശ്രമങ്ങളെല്ലാം വിഫലമായതേ ഉള്ളൂ. മിശിഹായിൽ മാത്രം തന്റെ ജീവനെ സമർപ്പിച്ചിരുന്ന ഈ യുവതി, സഹോദരസ്നേഹപരമായ ജോലികളിൽ ഏർപ്പെടണം എന്നുള്ള ഏക ആഗ്രഹത്താൽ പ്രേരിതയായി വർത്തിച്ചിരുന്നു. അവൾ കർമ്മലീത്ത ആശ്രമത്തിൽ ചേർന്നു. പക്ഷെ ദൈവവിളി ഇല്ലെന്നു മേലധികാരികൾ വിധിക്കയാൽ മശ്ലേന സ്വന്തം ഭവനത്തിലേക്കു മടങ്ങേണ്ടി വരികയാണുണ്ടായതു്. ദൈവജനനിയുടെ ഒരു ദർശനം മശ്ലേനായെ തന്റെ ഭാവിജീവിതപരിപാടി എന്തായിരിക്കണമെന്നു കാണിച്ചുകൊടുത്തു എന്നു വരികിലും, ഒരു നവീന സന്ന്യാസസഭാസ്ഥാപനം അവളെ കൊണ്ടുതന്നെ ചെയ്യു.

1808-ലാണു് മശ്ലേന സഭാസ്ഥാപനം നടത്തിയതു്. ഇക്കാര്യസാദ്ധ്യത്തിനായി തന്റെ ഭവനത്തിൽ തൽക്കാലം താമസിച്ചിരുന്ന നെപ്പോളിയൻ ചക്രവർത്തിയുമായി അഭിമുഖസംഭാഷണം നടത്തിയതും, ചക്രവർത്തിയിൽനിന്നു് ഒന്നാമത്തെ ആശ്രമത്തിനുള്ള കെട്ടിടവും മറ്റും വാങ്ങിയതും, അത്യന്തം ഹൃദയാവർജ്ജകമായ സംഭവങ്ങളാണു്. റോമായിൽ ഒന്നാമത്തെ ആശ്രമം സ്ഥാപിച്ച ശേഷം 30 വർഷത്തിനിടക്കൊണ്ടു് ഇറ്റലിയിൽ മിക്ക സ്ഥലങ്ങളിലും ആശ്രമങ്ങൾ സ്ഥാപിക്കാൻ ഈ ധന്യക്കു് സാധിച്ചു. കാലാന്തരത്തിൽ ഈ സന്ന്യാസസമൂഹം ചൈനാ, ഇൻഡ്യാ, ഓഷ്യാനിയ മുതലായ രാജ്യങ്ങളിലും പ്രവർത്തനം തുടങ്ങി. ഇപ്പോൾ 300 ആശ്രമങ്ങളിലായി

അനേകായിരം കന്യകകൾ സ്നേഹപരമായ തങ്ങളുടെ പ്രവർത്തനങ്ങളിൽ സദാ ഉദ്യുക്തരായിരിക്കുന്നു. 1835_ ലാണ് മശലേന ഐഹികവാസം വെടിഞ്ഞതു്. ഈ സുചരിതയെ ധന്യയെന്നു് ഒമ്പതാം പീയൂസ്മാപ്പാപ്പ നിർണ്ണയിച്ചു. ഭാഗ്യവതിയെന്നു നാമകരണം ചെയ്തതു് നമ്മുടെ പരിശുദ്ധ പിതാവു 11_ാം പീയൂസ് മാപ്പാപ്പയാണു്.


ഈ പുണ്യചരിതയിൽ വിളങ്ങിയിരുന്ന പുണ്യങ്ങളിൽ പ്രധാനമായവ സവിശേഷം ശ്രദ്ധേയങ്ങളാണു. പരിശുദ്ധ പിതാവു പ്രസ്താവിച്ചിരിക്കുന്നതുപോലെ എളിമയിലുള്ള ക്രിസ്തീയ സാഹോദര്യത്വവും, ക്രിസ്തീയ സാഹോദര്യത്തിലുള്ള എളിമയുമാണു് നാം പ്രത്യേകം കാണുന്നതു്. ഈ വിശുദ്ധയുടെ ചുരുങ്ങിയ ഈ ജീവചരിത്രം ഇക്കാലത്തിനു് ഏറ്റം യോജിക്കുന്നതാണെന്നുള്ള ഒരു മെച്ചംകൂടി അതിനുണ്ടെന്നുള്ളകാര്യം വിശേഷാൽ എടുത്തു പറയേണ്ടതായിട്ടുണ്ടു.

കത്തോലിക്കാ പരിശ്രമങ്ങളിലേക്കു് നമ്മുടെ ശ്രദ്ധ സവിശേഷമായി ചെലുത്തേണ്ട ഒരു കാലമാണല്ലൊ ഇതു്. മശലേനായെപ്പോലെയുള്ളവരുടെ ജീവിതദൃഷ്ടാന്തം ഈവിധ പരിശ്രമങ്ങളിൽ നമുക്കു് ദീപസ്തംഭങ്ങളായി സ്ഥിതിചെയ്യുന്നു. ഈ ദൃഷ്ടാന്തങ്ങളാണു് നമ്മെ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കേണ്ടതു്.

ഇത്ര വിശിഷ്ടമായ ഈ ഗ്രന്ഥം കേരളീയ കത്തോലിക്കർക്കു് അത്യധികം പ്രയോജനകരമാകട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഇതിനെ സഹൃദയ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മാന്നാനം.
1 - 9 - 1938.

ഫാദർ വില്യം ടി. ഒ. സി. ഡി.
എം. എ; എൽ. ടി.



കനോസ കൊട്ടാരം (മഗ്ദലേനായുടെ ജനനസ്ഥലം)

ഒന്നാം ഭാഗം.

മഗ്ദലേനായുടെ പൂർവ്വികന്മാർ.

അഗതികളുടേയും അധഃസ്ഥിതരുടേയും ആപ്ത മിത്രമെന്ന അപരാഭിധാനത്തിനു് സർവ്വഥാ അർഹയായിട്ടുള്ള കനോസ മഗ്ദലേന ഇറാലിയിൽ വെറോനാ എന്ന സ്ഥലത്തു് കനോസ എന്ന വിഖ്യാതവും കുലീനവുമായ കുടുംബത്തിലെ ഒരംഗവും മാർകിസ് ഒക്ടേവിയസ് (Marquis Octavius) ടെ റേസ സ്ലൂസ്കി (Teresa Siuzkhe) എന്നീ മാതാപിതാക്കന്മാരുടെ ദ്വിതീയ സന്താനവുമായിരുന്നു. പത്താം നൂറാണ്ടിലെന്നല്ല, അതിനു് മുൻപുമുതൽ തന്നെ ചരിത്രപ്രസിദ്ധമായ ഒന്നായിരുന്നു കനോസ കുടുംബം. അതിന്റെ പൂർവ്വചരിത്രം ആരായുന്നപക്ഷം വൈദിക പ്രമുഖർ, ഭരണകുശലന്മാർ, രാജ്യതന്ത്രവിദഗ്ദ്ധന്മാർ, നാടുവാഴികൾ, തുടങ്ങി പലതുറകളിലും പേരും പെരുമയും സമ്പാദിച്ചിട്ടുള്ള പലരും ആ കുടുംബത്തിൽ ജീവിച്ചു് വിരചരമം അടഞ്ഞിട്ടുള്ളതായി കാണാൻ കഴിയും. ഈ പ്രഭ കുടുംബത്തിന്റെ പ്രാബല്യം അതിന്റെ മൂല്യത്തിൽ എത്തിയിരുന്ന ഘട്ടത്തിൽ ഇറാലിയുടെ മദ്ധ്യപ്രദേശം മുഴവനും പ്രായേണ ഇവരുടെ അധീനത്തിലും അധികാരത്തിലും ആണ്ടിരുന്നതെന്നുപറയാം.


നാലു കുന്നുകളിന്മേലായി സ്ഥിതിചെയ്തിരുന്ന മനോഹരമായ കനോസ കൊട്ടാരം 970-ൽ പണിതു പൂർത്തിയാക്കി. ഈ രമ്യഹർമ്മ്യത്തെ വലയം ചെയ്തിരുന്ന ബലവത്തായ കോട്ടയ്ക്കുള്ളിൽ, മദ്ധ്യശതകങ്ങളിലെ കുപ്രസിദ്ധമായ കലാപഘട്ടങ്ങളിൽ മാപ്പാപ്പാമാർ പലപ്പോഴും അഭയം പ്രാപിച്ചിട്ടുള്ളതാണ്. കനോസ കുടുംബത്തിലെ മെറിൽഡാ എന്ന മഹിളാരത്നം ഒന്നിലധികം പ്രാവശ്യം ഇവിടെ വെച്ച് ഒരു മാപ്പാപ്പായുടെ ജീവനെ ശത്രുക്കളിൽനിന്നു രക്ഷിച്ചിട്ടുള്ള വസ്തുതയും ഈ അവസരത്തിൽ സ്മർത്തവ്യമത്രെ. ഈ സ്ത്രീ രത്നത്തിനു് പരിശുദ്ധ സിംഹാസനത്തോടുണ്ടായിരുന്ന അനന്യസാധാരണമായ ഭക്ത്യാദരവുകൊണ്ടു നിമിത്തം കാഡലസ് (Cadalous) എന്നൊരു സഭാവൈരി കോപിഷ്ടനായി, അവന്റെ സർവ്വശക്തികളും ഉപയോഗിച്ചു്, കനോസ കുടുംബത്തെ നാമാവശേഷമാക്കി, കൃതകൃത്യനാകാൻ പോലും ഒരുമ്പെട്ടു. പാപ്പാസ്ഥാനസംരക്ഷണത്തിനു വേണ്ടി പടക്കളത്തിൽ പോരാടുന്നതിനുകൂടിയും കനോസാ കുടുംബം സന്നദ്ധമായിരുന്നു. മെറിൽഡായുടെ നേതൃത്വത്തിൽ ഒരു ടസ്കൻ സൈന്യം കാഡലസിനോടു നേരിട്ടു് അയാളെ നിശ്ശേഷം തോല്പിച്ചയച്ചു.

മാപ്പാപ്പായ്ക്കുവേണ്ടി എന്തു ത്യാഗവും സസന്തോഷം സഹിക്കുവാൻ മെറിൽഡാ ഒരുക്കമായിരുന്നു. വേണ്ടിവന്നാൽ സർവ്വസ്വവും പരിശുദ്ധ സിംഹാസ

ത്തിനുവേണ്ടി സംത്യജിക്കുവാൻ അവർ സന്നദ്ധയായിരുന്നു എന്നു് പറഞ്ഞാൽ കഴിഞ്ഞല്ലൊ. നാട്ടുകടത്തപ്പെട്ട മാപ്പ്രാപ്പാമാർക്കായി, കനോസക്കൊട്ടാരകവാടങ്ങൾ ആദരപൂർവ്വം തുറക്കപ്പെട്ടിരുന്നു. ആപൽഘട്ടങ്ങളിൽ നീട്ടപ്പെട്ട ഈ സഹായഹസ്തം തിരസ്കാരാനാഥന്മാർ പലപ്പോഴും സഹർഷം സ്വീകരിച്ചിട്ടുണ്ടു്. ഏഴാം ഗ്രിഗോറിയോസ് മാപ്പ്രാപ്പാ ഒരിക്കൽ ഈ കൊട്ടാരത്തിൽ അഭയം തേടിയിരിക്കുമ്പോൾ, അദ്ദേഹത്തോടു് തന്റെ തൊഴുകൈ ഏറെ പറഞ്ഞു്, ക്ഷമായാചനം ചെയ്യുവാനായി, ജർമ്മനിയിലെ ഹെൻടി നാലാമൻ കനോസാകൊട്ടാരത്തിൽ എത്തി, പരിശുദ്ധ പിതാവിന്റെ മുഖദർശനത്തിനായി അഭ്യർത്ഥിച്ചുകൊണ്ടു് മൂന്നു ദിനരാത്രങ്ങൾ കോട്ടക്കുവെളിയിൽ കഴിച്ചുകൂട്ടേണ്ടിവന്നു. ഒടുവിൽ മെറിൽഡായുടെ സാഹായ്യത്തോടുകൂടിയാണു് അഹങ്കാരിയായ ആ നാടുവാഴി ഉദ്ദിഷ്ടകാര്യം സാധിച്ചു മടങ്ങിയതു്. പക്ഷെ കുടില ചിത്തനായിരുന്ന ഹെൻടി, വീണ്ടും ഏഴാം ഗ്രിഗോറിയോസ് മാപ്പ്രാപ്പായുടെനേരെ തന്റെ കരബലം പ്രയോഗിക്കുവാൻ ഒരുമ്പെട്ടു. മാപ്പ്രാപ്പായെ ഏതുവിധത്തിലെങ്കിലും രക്ഷിക്കുന്നുണ്ടെന്നു് മെറിൽഡായും ഉറച്ചു. രാജശക്തിയോടെതിർത്തു നിൽക്കുന്നതു് സാദ്ധ്യമല്ലെന്നു കണ്ടതിനാൽ, മാപ്പ്രാപ്പാ നാടുവിട്ടുപോകുന്നതിനുതന്നെ തീരുമാനിച്ചു. ധർമ്മസങ്കടത്തിലകപ്പെട്ടിരുന്ന മാപ്പ്രാപ്പായുടെ സാഹായ്യത്തിനായി മെറിൽഡാ ഒരു സൈന്യം പടയാ-

ളികളുമായെത്തി; അദ്ദേഹത്തെ സുരക്ഷിതമായ ഒരു സ്ഥാനത്തെത്തിച്ചശേഷമേ ആ ധീരവനിത പിൻതിരിഞ്ഞുള്ളൂ.

ഇങ്ങനെ പാപ്പാസ്ഥാനസംരക്ഷണത്തിനുവേണ്ടി, രാജശക്തിയെപ്പോലും തൃണവൽഗണിച്ച് പോർക്കളത്തിലിറങ്ങി പോരാടിയ ധീരവീരന്മാരുൾപ്പെട്ട ഒരു സുപ്രസിദ്ധ പ്രഭുകുടുംബത്തിലെ അംഗമാണ് നമ്മുടെ കഥാനായിക എന്നു് സൂചിപ്പിക്കുന്നതിനു്, വിഷയത്തിൽനിന്നു് അല്പമൊന്നു വ്യതിചലിച്ചു് ഇത്രയും ഇവിടെ പ്രസ്താവിച്ചു എന്നേ ഉള്ളൂ. എന്നാൽ മെറിൽഡായെപ്പോലെ, അടർക്കളത്തിൽ പോരാടുന്നതിനു് അവസരമൊ ഭാഗധേയമൊ മഗ്ദലേനായിക്കു് ഉണ്ടായില്ല എന്നതു വാസ്തവംതന്നെ; എങ്കിലും മഗ്ദലേനായും മഹത്തായ ഒരു ധർമ്മസമരം നടത്തി. ക്രിസ്തീയ സാഹോദര്യത്തിനുവേണ്ടിയായിരുന്നു മഗ്ദലേനായുടെ പോരാട്ടം. തിരുസഭാനാഥനുവേണ്ടി മെറിൽഡാ ത്യാഗം സഹിച്ചുവെങ്കിൽ, ആ പുരാതന പാരമ്പര്യത്തെ ഒന്നുകൂടി ശ്രേയസ്കരമാംവിധം പുലർത്തുമാറു് മഗ്ദലേന അഗതികൾക്കും അനാഥർക്കുംവേണ്ടി പോരാടുകയൊ ത്യാഗം സഹിക്കയൊ മാത്രമല്ല, സ്വയം ബലിയായി അർപ്പിക്കുകകൂടി ചെയ്തു. ആത്മസമർപ്പണത്തിൽ പരമമായ മറ്റെന്തൊരു ത്യാഗമാണു് മനുഷ്യനു സാദ്ധ്യമായിട്ടുള്ളതു്?



മഗ്ദലേനായുടെ ജനനം (1774)

ജനനം.

ആയിരത്തി എഴുനൂറ്റി എഴുപത്തിനാല് മാച്ച് മാസം എട്ടാംതീയതി മശലേന ജാതയായി. കനോസാകുടുംബത്തിന്റെ അവകാശിയായി, ഒരു പുരുഷസന്താനത്തെ കാണുവാൻ ആകാംക്ഷയോടെ പ്രാത്ഥിച്ചും പ്രതീക്ഷിച്ചും ഇരുന്ന മാതാപിതാക്കന്മാർക്കും, ബന്ധുമിത്രാദികൾക്കും, ഈ ദ്വിതീയപുത്രിയുടെ ജനനം അല്പം ഇച്ഛാഭംഗത്തിനിടയാക്കിയെങ്കിൽ അതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളത്? "ഏവരാലും ഉപേക്ഷിക്കപ്പെട്ടവളായിരുന്ന ഞാൻ" എന്നു പിൽക്കാലത്ത് നേരംപോക്കായിട്ടെങ്കിലും മശലേനത തന്നെ പലപ്പോഴും പറയാറുണ്ടായിരുന്നു. പക്ഷെ ദൈവചിത്തം ആരറിയുന്നു! സൃഷ്ടിചൈചിത്ര്യത്തിലടങ്ങിയിരിക്കുന്ന സ്രഷ്ടാവിന്റെ ഉദ്ദേശ്യങ്ങൾ, പരിമിതമായ മനുഷ്യബുദ്ധിക്ക് തികച്ചും അതീതമാണെന്നുള്ളതിനു് ഈ സംഭവം ഒരു മകുടോദാഹരണമാണ്. അനന്തരസംഭവങ്ങളിൽനിന്നും തെളിയുന്നതു പോലെ, ദൈവസ്തുതിയും മഹത്വവും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സമുചിതോപകരണമായി മശലേന ജാതയായി. ജനനത്തിൽ മാതാപിതാക്കന്മാർക്ക് ഇച്ഛാഭംഗത്തിനു് ഹേതുഭൂതയായിത്തീർന്ന ഈ പിഞ്ചുപൈതലിന്റെ തൊട്ടിലാട്ടി താരാട്ടുപാടുവാൻ വാനഭൂതരെത്തന്നെ ദൈവം യാത്രയാക്കി.

കനോസകുടുംബാന്തരീക്ഷത്തിൽ വ്യാപിച്ച മ്ലാനത ശാശ്വതമല്ലായിരുന്നു. അചിരേണ ഈ പൈ

തൽ സകലരുടേയും കണ്ണിലുണ്ണിയായിത്തീർന്നു. അതിന്റെ ലീലാവിനോദങ്ങൾ മാതൃപിതൃഹൃദയങ്ങളിൽ ആനന്ദമകരന്ദം പൊരിഞ്ഞു. മാച്ച് ഒമ്പതാംതിയതി കുട്ടിയുടെ ജ്ഞാനസ്നാനകർമ്മം നടത്തപ്പെട്ടു. ഭാവിയുടെ ഒരു സൂചന എന്നു തോന്നുമാറ്, കുട്ടിക്കു "ദൈവത്തിന്റെ സ്നേഹിത" എന്നും "ദൈവത്തിന്റെ ധീരവതി" എന്നും അർത്ഥമുള്ള "മശലേന ഗബ്രിയേൽ" എന്ന നാമധേയമാണ് നൽകുവാൻ ഇടയായതു്.

ശൈശവം.

മശലേന ജന്മനാ ഒരു സിദ്ധയായിരുന്നുവൊ? നിശ്ചയമായും അല്ല. എന്നാൽ അവൾ തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽപ്പെട്ട ഒരുവൾതന്നെയായിരുന്നു. ശിശുസഹജമായ ചാപല്യങ്ങൾക്കും, ന്യൂനതകൾക്കും അവൾ അതീതയായിരുന്നില്ല. "പിള്ളമനസ്സിൽ കള്ളമില്ല" എന്ന പഴമൊഴി സാധാരണഗതിയിൽ അവളെ സംബന്ധിച്ചു് അനവദ്യമായിരുന്നു. എന്നാൽ വിശേഷവിധിയായി ഒരു കാര്യം പ്രത്യേകം ചൂണ്ടിക്കാണിക്കുവാനുണ്ടു്. ബാല്യാൽ പ്രൃതി സ്വന്ത കുറഞ്ഞൾ ഏറുപറയുന്ന വിഷയത്തിൽ അവൾക്കുണ്ടായിരുന്ന സന്നദ്ധതയും ഉത്സാഹവും, അനിതരശിശുസാധാരണമായിരുന്നു എന്നു് അതിശയോക്തി ലേശമെന്യെ പറയാം. തിന്മയോ

ട്ട് സ്വാഭാവികമായിത്തന്നെ ഒരു വെറുപ്പ് ഈ കുട്ടിയിൽ കുടികൊണ്ടിരുന്നു. ഒരുദാഹരണം മാത്രം പറയാം. ഒരിക്കൽ, കേവലം ബാലികയായിരിക്കുമ്പോഠം ശിക്ഷാഹ്മായി എന്തോ അവഠം പ്രവത്തിക്കുന്നതിന്നിടയായി. ശിക്ഷ ഉണ്ടാകുമല്ലൊ എന്നോത്തു് അവഠം വളരെ ഭയപ്പെട്ടു. വളത്തമ്മ ഇതറിഞ്ഞു. ഒരു ചെറിയ നുണ പറഞ്ഞാൽ ഇതിൽനിന്നു് രക്ഷപ്പെടാമെന്നു് ധാത്രീജന സഹജമായ അനുകമ്പയോടെ കുട്ടിയെ ഉപദേശിച്ചു. മശലേന അതിനു തുനിഞ്ഞില്ല. അവസരം ലഭിച്ച മാത്രയിൽ കുട്ടി കുറഠം ഏറ്റു പറഞ്ഞു. അങ്ങനെ അവഠം കൃതാത്ഥയായി.

ശിശുക്കളിൽ സാധാരണ കാണാറില്ലാത്ത ഈ ഗുണവിശേഷങ്ങഠംക്കെന്നവണ്ണം, ചില ദുശ്ശാഠ്യങ്ങഠംക്കും മശലേന വിധേയയായിരുന്നു. ആഗ്രഹിക്കുന്നതെല്ലാം സാധിക്കണം. ആരായാലും അവളുടെ ഇച്ഛാനുസരണം മാത്രം വത്തിക്കണം. അഹിതാനുവത്തികളോടു് അവഠം അസാമാന്യമായി ക്രോധിച്ചിരുന്നു. ഇവ അവളുടെ ദുസ്സ്വഭാവവശമായിരുന്നു. അവഠം മഹാ താന്തോന്നിയായിത്തീരും എന്നായിരുന്നു വളത്തമ്മയുടേയും മറ്റും ഖണ്ഡിതമായ അഭിപ്രായം. "ഈ കുട്ടി ഇത്ര ശാന്തശീലയാകുമെന്നു് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ഇഹത്തിൽ ആക്കെക്കിലും ഇവളെ നിയന്ത്രിക്കാൻ കഴിയുമെന്നും ഞാൻ പ്രതീക്ഷിച്ചിരുന്നില്ല" എന്നു് ആശ്ചയ്യപൂവ്വം അവളുടെ വളത്തമ്മ പിൽക്കാലത്തു് പറയുകയുണ്ടായി.

അക്കാലത്തു് സ്ത്രീകളുടെ വേഷഭൂഷാദികളിൽ ഇന്നത്തെപ്പോലെയുള്ള വഴിപിഴച്ച പരിഷ്കാരങ്ങൾ ഒന്നും അന്നാട്ടിൽ ഇല്ലായിരുന്നു. മാതാപിതാക്കൾ ബാലികമാരുടെ വസ്ത്രധാരണത്തിൽ വലിയ നിഷ്ഠ പ്രദർശിപ്പിച്ചുപോന്നു. കണങ്കാൽവരെ എത്തുന്ന പാവാട, ശരീരമാകെ മറക്കുന്ന ദേഹാവരണം, ഇതായിരുന്നു അന്നത്തെ വസ്ത്രധാരണരീതി. മഗ്ദലേനായുടെ മൂത്ത സഹോദരിക്കു് രണ്ടു വയസ്സിന്റെ കൂടുതലേ ഉണ്ടായിരുന്നുള്ളൂ; എങ്കിലും ചെറുപ്പംമുതൽക്കെ അവൾ വിനയാന്വിതമായ ഒരു ജീവിതമാണു് നയിച്ചുവന്നിരുന്നതു്. അതിഥിസൽകരണം, പരിചരണം എന്നിത്യാദി കുടുംബമുറകളിൽ അവൾ വളരെ തല്പരയും സമർത്ഥയുമായിരുന്നു. ഇതിൽനിന്നു് തികച്ചും വ്യത്യസ്തമായ ഒരു സ്വഭാവമാണു് മഗ്ദലേനായിൽ കാണപ്പെട്ടിരുന്നതു്. പകൽ മുഴുവൻ ഉദ്യാനത്തിൽ നായ്ക്കുട്ടികളുമൊന്നിച്ചു് ഓടിക്കളിക്കുന്നതിൽ മാത്രം അവൾ സന്തോഷം പ്രദർശിപ്പിച്ചിരുന്നു. നായ്ക്കുട്ടികളെ കൂടാതെ, വേറേയും അനേകം സഖാക്കൾ അവൾക്കുണ്ടായിരുന്നു. അവ, അവിടവിടെ പറന്നു നടന്നിരുന്ന പ്രാവുകളല്ലാതെ മറ്റൊന്നുമായിരുന്നില്ല. കുട്ടി ശ്വാനശിശുക്കളൊന്നിച്ചു് ഓടിക്കളിക്കുമ്പോൾ ഈ സാധുകപോതങ്ങൾ അവളെ സമീപിക്കുന്നതിനു ഭയന്നിരുന്നു. ഇങ്ങനെ നായുടെ സാമീപ്യവും, പ്രാവുകളുടെ സാന്നിദ്ധ്യവും മഗ്ദലേനായ്ക്കു് അതീവസന്തോഷസംഭാവകങ്ങളായിരുന്നു.

ഒരിക്കൽ കുട്ടികളെല്ലാവരുംകൂടി കുതിരസവാരിക്കു പുറപ്പെട്ടു. നിശ്ചിതസ്ഥലത്തെത്തിയ മാത്രയിൽ, കാരാഗൃഹത്തിൽനിന്നും മോചനം ലഭിച്ച ഒരു കള്ളപ്പുള്ളിയെപ്പോലെ മഗ്ദലേന മഹാ സന്തോഷത്തോടുകൂടി കുതിരവണ്ടിയിൽനിന്നു ചാടിയിറങ്ങി പുറത്തു വന്നു് ഓട്ടമായി. വളർത്തമ്മ ശകാരിക്കുകയൊ മറ്റൊ ചെയ്യുപോയാൽ, അവൾ ശ്രുണിപിടിച്ചു് വാവിട്ടു നിലവിളിക്കും. പക്ഷെ കുറെ പ്രായമായതിനോടെ, വളരെ വൈമനസ്യത്തോടുകൂടി എങ്കിലും, വിരാഗപൂർണ്ണമായ ഈ ജീവിതത്തിൽനിന്നും എന്നേക്കുമായി വിരമിക്കുവാൻ അവൾ നിർബന്ധയായി. മാതൃശാസനക്കു വിധേയയായി ഒരു പ്രഭുകുടുംബാംഗത്തിനനുയോജ്യമായ ജീവിതചര്യകളിൽ അഭ്യസിക്കുവാൻ അവൾ നിർബന്ധയായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

മഗ്ദലേനായുടെ സഹോദരീസഹോദരന്മാർ.

ഒരു പുത്രനുപ്പുടെ ഒക്ടേവിയസ് പ്രഭുവിനു് അഞ്ചു സന്താനങ്ങൾ ജനിച്ചു. മഗ്ദലേനായ്ക്കു് രണ്ടു വയസ്സു പൂർത്തിയായപ്പോൾ അവളുടെയും മാതാപിതാക്കളുടെയും സംബന്ധികളുടെയും അഭിലാഷം സാധിക്കുമാറു് ഒരാൺകുട്ടി ജനിച്ചു. ജ്ഞാനസ്നാനവേളയിൽ അവനു് ബോനിഫസ്സു് (Boniface) എന്ന പേരു നൽകി. മൂത്തസഹോദരിയുടെപേരു് ലോറാ (Laura)

എന്നും ഇളയ സഹോദരിമാരുടെ പേരുകൾ റോസ് (Rose) എലീനർ (Eleanor) എന്നും ആയിരുന്നു. തന്റെ സന്താനങ്ങളെപ്പറ്റി വലിയ മതിപ്പും, സന്തോഷവും, അവരുടെ പേരിൽ അതിയായ വാത്സല്യവും ഉള്ള ഒരാളായിരുന്നു ഒക്ടേവിയസ് പ്രൂട്ട്. പ്രൂട്ടുവിന്റെ ഒരു സമുചിത പിൻഗാമിയായും, ആ ശ്രേഷ്ഠകുടുംബത്തിന്റെ ഭാവിനാഥനായും, ശോഭിക്കേണ്ട ഒരുവന്റെ സകല ഗുണപൌഷ്ക്കല്യങ്ങളും ഉള്ള ഒരു കോമളകളേബരനായിരുന്നു ബോനിഫസ്. ലോരാപ്രായത്തിൽ കവിഞ്ഞു വിവേകമുള്ളവളായി കാണപ്പെട്ടു. റോസ് വളരെ ശാന്തശീലയായിരുന്നു. എലീനറാകട്ടെ കാണികളുടെ കണ്ണും കരളും കവരുന്ന ഒരു പിഞ്ചുപൈതൽ. നമ്മുടെ കഥാനായികയായ മാർഗരേനായോ? യാതൊരുവിധ നിബന്ധനകളും അനുസരിക്കാത്ത ഒരു ഒന്നാംതരം വികൃതി. മറ്റു സഹോദരിമാരെ അപേക്ഷിച്ചു് സൗകുമാര്യത്തിലും അവയവ തുലോം പിന്നോക്കമായിരുന്നു. വികൃതിയായ ഈ ബാലിക, ഭാവിയിൽ സഭക്കും സമുദായത്തിനും ആവശ്യമായ ഒരു മഹത്കാര്യനിർവ്വഹണത്തിനായുള്ള സൽപാത്രമായി തെരഞ്ഞെടുക്കപ്പെടുമെന്നും നിരവധി അത്ഭുതങ്ങൾക്കു നിദാനമായി ഭവിക്കുമെന്നും സർവ്വോപരി വിശുദ്ധയെന്ന സമുന്നത പദവിയിലേക്കുയർത്തപ്പെടുമെന്നും ആരു പ്രതീക്ഷിച്ചിരുന്നു? പിന്നെ എങ്ങനെ ഇതെല്ലാം സംഭവിച്ചു? സ്നേഹത്തിനു് — അതെ സകല പരിശുദ്ധതയുടേയും നിദാനമാ

യ സ്നേഹത്തിനു് — ഇതും ഇതിലപ്പുറവും സാദ്ധ്യമാ ണു്. മിശിഹായുടെ സ്നേഹത്തെപ്രതി, മശ്ലേന അവളുടെ ഉശ്ശീലങ്ങൾ ക്രമേണ നിയന്ത്രിക്കും, കാലാ ന്തരത്തിൽ ഇതെല്ലാം സംഭവിക്കും. തല്ക്കാലം മ ശ്ലേന അവളുടെ സോദരീസോദരരുടെ സഖ്യത്തിൽ സാമോദം ദിനരാത്രങ്ങൾ കഴിച്ചുകൂട്ടട്ടെ.

ഒരു പരീക്ഷ.

ദൈവപരിപാലനയിൽ അന്തർലീനമായിരിക്കു ന്ന മഹാരഹസ്യങ്ങൾ അറിഞ്ഞവർ ആരുണ്ടു്. ലോ കം മായയാകുന്നുവെന്നും പ്രപഞ്ചസുഖങ്ങൾ ക്ഷണ ഭംഗുരങ്ങളാണെന്നും ഉള്ള പാരമാർത്ഥ്യം അനുദിനാനു ഭവങ്ങൾതന്നെ നമ്മെ വിളിച്ചറിയിക്കുന്നില്ലയൊ? സന്താനസമ്പത്തു്, സമ്പൽസമൃദ്ധി, സമാധാനം, എന്നിങ്ങനെ ഏതുകൊണ്ടു നോക്കിയാലും അദ്വിതീ യമായ ഒന്നായിരുന്നു കനോസാ കുടുംബം. ആ കുടും ബത്തിന്റെ പേരും പെരുമയുമാണെങ്കിൽ അനുപമ മായിരുന്നു. പക്ഷെ കൂടിൽതൊട്ടു കൊട്ടാരംവരെയു ള്ള സകലരും പ്രകൃതിനിയമങ്ങൾക്കു വിധേയരാണു്. സർവ്വവിധ ലൗകികസുഖങ്ങളും അനുഭവിച്ചുപോന്ന കനോസാകുടുംബത്തിനു പെട്ടെന്നു് ഒരു മഹാ വിപ ത്തിനെ അഭിമുഖീകരിക്കേണ്ടിവന്നു. മുപ്പത്തൊമ്പ തു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഒക്ടേവിയസ് പ്രഭുവിനു് അവിചാരിതമായി ഒരു രോഗം പിടിപെട്ടു.

ഭിഷഗ്വരന്മാർ സർവ്വശക്തിയും പ്രയോഗിച്ചിട്ടും ഒരു ഫലവും ഉണ്ടായില്ല. പ്രേമ അവർകൾ വിനാവിളംബം പ്രപഞ്ചയവനികക്കുള്ളിൽ തിരോധാനംചെയ്തു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ. അനാഥരായ ഏതാനും പൈതങ്ങൾ; യൗവനയുക്തയെങ്കിലും വൈധവ്യം നേരിട്ട കുടുംബനാഥ; കനോസാകുടുംബത്തിനു നേരിട്ട ഈ മഹാ വിപത്തിന്റെ കാഠിന്യം വിവരിക്കുന്നതിൽ ഉത്തമം ഊഹിച്ചുകൊള്ളുകയായിരിക്കും. പിഞ്ചുബാലകരുണ്ടൊ പെട്ടെന്നു് ഇതിന്റെ ഗൗരവം ഗ്രഹിക്കുവാൻ പോകുന്നു? മൃതശരീരം സംസ്കരിക്കുന്നതിനുള്ള സമയം ആസന്നമായി; അന്ത്യയാത്രക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചപ്പോൾ മാത്രമേ, കുട്ടികൾ കാര്യം ഏറെക്കുറെ ഗ്രഹിച്ചുള്ളു. അശ്രുകണങ്ങൾ ധാരധാരയായി പൊഴിച്ചുകൊണ്ടു് വിധവയായ പ്രഭു ശവമഞ്ചത്തിനു സമീപെ ആലില പോലെ വിറച്ചുണ്ടു് നിലകൊള്ളുന്നു. പ്രേമ അവർകളുടെ വൃദ്ധനായ പിതാവിന്റെ സ്ഥിതിയാണു് അതിലും ദയനീയം. പുത്രന്റെ മൃതദേഹം ദർശിക്കുവാൻപോലും ശക്തനാകാതെ ആ വൃദ്ധൻ അധോമുഖനായി സമീപെ ഒരിടത്തു് നിലകൊള്ളുന്നു! പരിഭ്രാന്തചിത്തരായ പൈതങ്ങൾ വിമ്മിവിമ്മിക്കരയുവാൻ തുടങ്ങി. അവർ ഓരോരുത്തരായും കൂട്ടമായും പിതാവിനെ വിളിച്ചുകൊണ്ടു് ശവമഞ്ചത്തെ സമീപിച്ചു. അഹോ മഹാ ദൈന്യം!! ശബ്ദശ്രവണമാത്രയിൽ ഓരോരുത്തരേയും മാറോടണച്ചു് ആലിംഗനം

ചെയ്ത പതിവായിരുന്ന ആ പിതാവു് ഇന്നിതാ ദീനാരവങ്ങൾക്കിടയിൽ ഉടഞ്ഞൊരുങ്ങി നിശ്ചേഷ്ടനായി ശയ്യയിൽത്തന്നെ കിടക്കുന്നു. മഗ്ദലേനായുടെ ജീവിതയാത്രയിൽ ആദ്യം അനുഭവപ്പെട്ട കൈപ്പുരസം നിറഞ്ഞ 'കാസാ' ആയിരുന്നു അതു്. ഇതിന്റെ സ്വാദു് ആജീവനാന്തം അവൾ അനുഭവിക്കുതന്നെ ചെയ്തു. മഗ്ദലേന ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവളായിരുന്നു. കുരിശുകളാണല്ലൊ ദൈവസ്നേഹത്തിന്റെ ഉത്തമ ലക്ഷ്യങ്ങൾ. ഇതുമുതൽ കുരിശുകൾ അവളുടെ നിത്യാനുഭവമായിരുന്നു എന്നു് ചുരുക്കിപ്പറയാം.

ഒക്ടേവിയസ് പ്രേത എന്നേക്കുമായി അവരെ പിരിഞ്ഞു. പിതാവിന്റെ അഭാവത്തിൽ ആ കുട്ടികളുടെ മുഖ്യാവലംബം മാതാവു മാത്രമായിരുന്നുവെന്നു വിശിഷ്യ പറയേണ്ടതില്ലല്ലൊ. കുട്ടികൾക്കു് അവരുടെ മാതാവിന്റെ നേരെ ഉണ്ടായിരുന്ന സ്നേഹവാത്സല്യാദികൾക്കു് അതിരുണ്ടായിരുന്നില്ല. മഗ്ദലേനായുടെ സ്നേഹവാത്സല്യം സീമയറ്റതായിരുന്നു എന്നു പറയാം. മാതാവിനെ എത്രപ്രാവശ്യം ചുംബിച്ചാലും അവൾക്കൊരിക്കലും മതിയായിരുന്നില്ല. മാതാവിനും അവളുടെ ചുംബനാശ്ലേഷങ്ങളിൽ അലംഭാവമുണ്ടായിരുന്നില്ല. പിതാവിന്റെ മരണത്തോടുകൂടി, മഗ്ദലേനായിൽ അപ്രതീക്ഷിതമായ ചില മാറ്റങ്ങൾ കാണപ്പെട്ടു. മഹാ തന്നിഷ്ടയും ദുശ്ശാഠ്യയുമായിരുന്നവൾ, വളരെ ശാന്തസ്വഭാവിനിയായി രൂപാന്തര

പ്പെട്ടു. ക്രക്ടേവിയസ്പ്രഭുവിന്റെ അകാലചരമം കഴിഞ്ഞു് കഷ്ടിച്ചു് രണ്ടുകൊല്ലം ആയപ്പോൾ ഇതാ മറെറാരു വിപത്തു. മഗ്ദലേനായുടെ മാതാവു്, മാർ കിസ് സനിറെറി (Marquis Zanetti) എന്നൊരു പ്രഭുവിന്റെ ഭായ്ക്കാപദം സ്വീകരിച്ചു്, മഗ്ദലേനായേയും മറു കുട്ടികളേയും, അനാഥരായി ഉപേക്ഷിച്ചു്, നവവരനുമൊരുമിച്ചു് മാനുവാ എന്ന സ്ഥലത്തേയ്ക്കു വാസം മാറി. രണ്ടുവയസ്സുമുതൽ ഒമ്പതു വയസ്സുവരെ പ്രായമുള്ള അഞ്ചാറു പിഞ്ചുപൈതങ്ങളെ അനാഥരായി, അനന്യശരണരായി, ഉപേക്ഷിച്ചുപോകുവാൻ ധൈര്യപ്പെട്ട ആ മാതൃഹൃദയത്തിന്റെ കാഠിന്യം ആരിലും വൈരസ്യം വളർത്തുന്നതത്രെ. മഗ്ദലേനായ്ക്കു എട്ടുവയസ്സു പ്രായമുണ്ടായിരുന്നുള്ളൂ; എങ്കിലും, ഈ സംഭവം അവളുടെ ബാലഹൃദയത്തെ നിഷ്കരുണം ഭേദിക്കതന്നെ ചെയ്തു. തങ്ങളോടൊരക്ഷരംപോലും ശബ്ദിക്കാതെ, മാതാവു് സ്ഥലം വിട്ടുകളഞ്ഞതറിഞ്ഞപ്പോൾ മഗ്ദലേനായുടെ ഹൃദയം തകർന്നുപോയി. ചെറുപ്പമെങ്കിലും ബുദ്ധിശാലിനിയായിരുന്നതുകൊണ്ടു്, കുറഞ്ഞൊരുകാലമായി മാതാവിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ചില ഭാവഭേദങ്ങൾ അവളും വീക്ഷിക്കാതിരുന്നില്ല. 'കൌണ്ടടെറേസാ' കനോസായിൽനിന്നും പോകുന്നതിനു് കുറെദിവസങ്ങൾക്കുമുമ്പു്, ഒരു ദിവസം കുട്ടികളേവരും കൂടി തോട്ടത്തിൽ ശിശുസഹജമായ ലീലാവിനോദങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു മഗ്ദലേന വീട്ടി

ലേക്കോടി "അമ്മെ എനിക്കൊരുമ്മ" എന്നു പറഞ്ഞുകൊണ്ട് മാതാവിനെ കെട്ടിപ്പിടിച്ചു. ഇതൊരപൂർവ്വസംഭവമായിരുന്നില്ല. മഗ്ദലേന ഇതിനുമുമ്പും ചില ചുംബനാഭ്യർത്ഥനകളും നടത്തുകയും ചുംബനങ്ങളാസ്വദിക്കയും ചെയ്തിട്ടുള്ളതാണ്. അവൾ അന്നും പതിവുപോലെ കുട്ടിയെ മാറോടണച്ചുകൊണ്ട് ആലിംഗനം ചെയ്യുവെങ്കിലും, അന്നത്തെ ആലിംഗനത്തിലും നടപടികളിലും, ഏതൊ ഒരു സാധാരണത്വം കലർന്നിരുന്നതായി മഗ്ദലേനയ്ക്ക് തോന്നി. കുട്ടിയിൽനിന്നും വേർപെടുവാൻ അസാദ്ധ്യമായിപ്പോയൊ എന്നു തോന്നിപ്പോയി. ടെറേസാ മഗ്ദലേനായെ ആവർത്തിച്ചാവർത്തിച്ച് ചുംബിച്ച് തൃപ്തയായി. അടുത്ത പ്രഭാതത്തിൽ, ആ മാതാവ് സ്ഥലംവിട്ട വസ്തുതയാണ് അവൾക്കു ഗ്രഹിക്കുവാനിടയായതു. അപ്പോൾ മാത്രമേ തലേദിവസത്തെ അസാധാരണമായ ഗാഢാലിംഗനങ്ങൾ, അമ്മയുടെ അവസാന യാത്രോക്തികളായിരുന്നു എന്ന് അവൾക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞൊള്ളൂ. സാധുബാലിക! മാതൃസ്നേഹത്താൽ ജ്വലിച്ചുകൊണ്ടിരുന്ന ആ നിർമ്മല ഹൃദയം എത്ര വ്യാകുലമനുഭവിച്ചു!! അന്യരെ സന്തോഷിപ്പിക്കുവാൻവേണ്ടി തങ്ങളെ പരിത്യജിച്ച മാതാവിന്റെ സ്മരണപോലും അവൾക്ക് സഹിക്കുവാഹിയായിരുന്നു. മാതാവ് അകാലമൃത്യുവിന്നിരയായിത്തീർന്നിരുന്നുവെങ്കിൽപ്പോലും, ഇത്രയധികം മനോവ്യഥ അവൾക്കുളവാകുമായിരുന്നെന്നു തോന്നുന്നില്ല.

പക്ഷെ ഇതായിരുന്നു ദൈവചിത്തം. സർവ്വജ്ഞനായ ദൈവത്തിന്റെ നയങ്ങൾ പരിമിതമായ മനുഷ്യബുദ്ധിക്കതീതമായവയാണ്. മഗ്ദലേന അഗതികളും അനാഥരുമായവരുടെ മാതാവായിത്തീരണമെന്നായിരുന്നു ദൈവനിശ്ചയം. അനാഥത്വത്തിന്റെ രുചി അനുഭവിച്ചറിയാത്തവരുണ്ടോ, അതിന്റെ യഥാർത്ഥനില ഗ്രഹിക്കുവാൻപോകുന്നു. മഗ്ദലേനായെ ദുഃഖിതരുടെ ആലംബവും അനാഥരുടെ സങ്കേതവും ആക്കിതീർക്കാൻ ദൈവം ചിത്തമായി. അതിലേയ്ക്ക് ഒരു പരിശീലനമെന്നവിധം ദുർവിധിയുടെ നിർദ്ദയതാഡനങ്ങളാൽ ഇളംപ്രായംമുതൽക്കെ അവളെ പീഡിപ്പിക്കുന്നതിനാണ് ദൈവം തിരുമനസ്സായത്. ബാല്യത്തിൽ ദുഃഖമെന്തെന്നറിയാതെ, മാതാപിതാക്കന്മാരുടെ പരിലാളനയിൽതന്നെ അവൾ വളർന്നിരുന്നു എങ്കിൽ, പിൽക്കാലത്തു് അവൾക്ക് സാധുക്കളോട് ഇത്ര വലിയ അനുകമ്പ ഉണ്ടാകുമായിരുന്നൊ?

എന്നാൽ മഗ്ദലേനായ്ക്ക് ഈ പീഡകൾ യാത്രയാക്കിയതിൽ ദൈവത്തിനു വേറേയും ഉദ്ദേശ്യമുണ്ടായിരുന്നു. അവൾ ഒരു പുണ്യവതിയായിത്തീരണമെന്നു് അവിടുന്നു് നിശ്ചയിച്ചു. പീഡകളും കുരിശുകളുമാണല്ലൊ പുണ്യപൂർണ്ണതയിലേക്കുള്ള ഉത്തമസോപാനങ്ങൾ.

വിദ്യാഭ്യാസം

ദിവസങ്ങൾ പിന്നെയും പലതുകഴിഞ്ഞു. മഗ്ദലേന തന്റെ സോദരസോദരിമാരെ ഒരുത്തമ മാതാവിന്നടുത്ത വാത്സല്യത്തോടെ പരിപാലിച്ചുപോന്നു. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ മഗ്ദലേനായുടെ പിതൃസഹോദരരുടെ സതുരശ്രദ്ധതന്നെ പതിഞ്ഞു. ഇളയകുട്ടികളെ വീട്ടിൽ ഇരുത്തി വിദ്യ അഭ്യസിപ്പിക്കുന്നതിനായി മാർക്വസ് ജറോം(Marquis jerome)എന്ന ഒരദ്ധ്യാപകനെ നിയമിച്ചു. മൂത്തകുട്ടികളായ ലൊറായേയും മഗ്ദലേനായേയും മിലാനിലെ ഒരു വിസിറേഷൻ മഠത്തിലേക്കയക്കുവാനും തീർച്ചയാക്കി. കുട്ടിക്കാലത്തു് മാതാവിൽനിന്നും കന്യാസ്ത്രീകളെപ്പറ്റി പലേകാര്യങ്ങളും ഗ്രഹിച്ചിരുന്ന മഗ്ദലേനായ്ക്കു് ഈ തീരുമാനം വളരെ സന്തോഷത്തെ ഉളവാക്കി. ഇവരുടെ യാത്രക്കുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു്, ദിവസവും നിശ്ചയിച്ചു. പക്ഷെ നിശ്ചിതദിവസമായപ്പോഴം പരിപാടികളെല്ലാം പൊട്ടന്നനവെ ഭേദപ്പെടുത്തി. മഗ്ദലേനായുടെ ബുദ്ധിസാമർത്ഥ്യം ഹേതുവാലും അവൾ പിതൃസഹോദരരുടെ കണ്ണിലുണ്ണിയായിതീർന്നിരുന്നതിനാലും അവളെ പിരിയുന്നകാര്യത്തിൽ അവർക്കു വളരെ വൈമനസ്യമുണ്ടായി. പോരെങ്കിൽ മൂത്തകുട്ടികളെ രണ്ടുപേരേയും ഇങ്ങനെ അയക്കുന്നതു് ബുദ്ധിപൂർവ്വമല്ലെന്നും അവർക്കു തോന്നി. ഒടുവിൽ ലോറായേയും മഗ്ദലേനായേയും പഠിപ്പിക്കുന്നതിനു് ഒരദ്ധ്യാപികയെകൂടി നിയമിക്കുവാൻ തീർച്ചയാക്കി.

അദ്ധ്യാപിക.

കുട്ടികളെ പഠിപ്പിക്കുവാൻ നിയുക്തയായ അദ്ധ്യാപികയുടെ ആഗമനത്തോടുകൂടി, കനോസാകുടുംബത്തിൽ മഗ്ദലേനായെ സംബന്ധിച്ചിടത്തോളം നവമായ ഒരന്തരീക്ഷം സംജാതമായി. ഈ ഘട്ടത്തിലാണ് മഗ്ദലേനായുടെ ആത്മാവിനെ കുരിശുകളാലും പീഡകളാലും പവിത്രീകരിക്കുവാൻ രക്ഷകനായ ദൈവം തിരുച്ചിത്തമായതു്. തന്റെ പ്രത്യേകപ്രീതിക്കു പാത്രീഭവിക്കുന്നവർക്കു് ദൈവം നിരന്തരം പീഡകളാത്രയാക്കുക സാധാരണവുമാണല്ലൊ.

ആദ്യകാലങ്ങളിൽ മഗ്ദലേന അദ്ധ്യാപികയുടെ സാക്ഷാൽ കണ്ണിലുണ്ണിതന്നെയായിരുന്നു. മാതൃസഹജമായ വാത്സല്യത്തോടുകൂടെ അദ്ധ്യാപിക മഗ്ദലേനായെ പരിരക്ഷിച്ചുപോന്നു. അദ്ധ്യാപികയുടെ പ്രീതിയും ലാളനവും പ്രകൃത്യാ തന്നിഷ്ടയായിരുന്ന മഗ്ദലേനായുടെ ഉള്ളിലങ്ങൾക്കു് വളമായി പരിണമിച്ചു എന്നു പറയാം. കുട്ടിയുടെ തന്നിഷ്ടങ്ങളെപ്പറ്റി അദ്ധ്യാപിക ഗൗനിച്ചതേ ഇല്ല. നല്ല ശിക്ഷണത്തിന്റെ അഭാവത്തിൽ, മഗ്ദലേനായുടെ തന്നിഷ്ടങ്ങളും ഉള്ളാഗ്യങ്ങളും, വർദ്ധമാനമായെങ്കിൽ അതിൽ വിസ്മയിക്കാനൊന്നുമില്ലല്ലൊ. മഗ്ദലേന അതിരുകടന്ന ചില സ്വാതന്ത്ര്യപ്രകടനങ്ങൾക്കുപോലും തയ്യാറായി എങ്കിലും അദ്ധ്യാപിക അതൊന്നും കണ്ടില്ലെന്നു മനഃപൂർവ്വം നടിച്ചുകളഞ്ഞു. പക്ഷെ ഈ സ്ഥിതിഗതികൾ ദീർഘ

നാം നിലനിൽക്കുവാനിടയായില്ല. അതുവരെ സ്വന്ത പുത്രിയെപ്പോലെ പരിലാളിച്ചിരുന്ന മഗ്ദലേനായെ അദ്ധ്യാപിക മനഃപൂർവ്വം ദ്വേഷിക്കാൻ തുടങ്ങി. അവളെ കാണുന്നതു തന്നെയും അവക്ക് അസഹ്യമായി. സാഹചര്യങ്ങളാൽ ഇതിനിടയാക്കിയെന്നല്ലാതെ, ഗൗരവമായ യാതൊരു കുറവും മഗ്ദലേനായിൽ ആരോപിക്കുന്നതിനില്ലായിരുന്നു. പക്ഷേ അദ്ധ്യാപികക്ക് നീരസം ഉളവാക്കത്തക്ക ചില ചില്ലറ സംഭവങ്ങളാൽ ഉണ്ടാകാതേയുമിരുന്നില്ല.

അദ്ധ്യാപികയും മഗ്ദലേനായും ആത്മമിത്രങ്ങളെന്ന നിലയിൽ കാലങ്ങളാൽ കഴിച്ചു വരുമ്പോൾ കനോസാക്കുടുംബക്കാരുടെ അടുത്ത ചാച്ചയിൽപ്പെട്ട ഒരു സ്ത്രീ അവിടെ വന്നു. അവൾ കുറെ ദിവസം അവിടെത്തന്നെ താമസിക്കുവാനും ഇടയായി. കുട്ടികളുടെ അദ്ധ്യാപിക അവരുടെ വിദ്യാഭ്യാസ വിഷയത്തിൽ വേണ്ടതുപോലെ ശ്രദ്ധിക്കുന്നില്ലെന്നുള്ള വസ്തുത ആ സ്ത്രീക്ക് അവിടത്തെ സാഹചര്യത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. അവരുടെ മതപരമായ വിദ്യാഭ്യാസത്തിൽ, അദ്ധ്യാപിക അക്ഷന്തവ്യമായ അനാസ്ഥയാണ് പ്രകടിപ്പിക്കുന്നതെന്ന് ആ സ്ത്രീ ഗ്രഹിച്ചു. തങ്ങളുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായ ശിക്ഷണമാണ് കുട്ടികൾക്കു ലഭിക്കുന്നതെന്നു കണ്ടപ്പോൾ, അവൾക്ക് വലിയ ഇച്ഛാഭംഗംതന്നെ നേരിട്ടു; എങ്കിലും അവൾ ഇക്കാര്യം ഉടനെ പരസ്യമാക്കാതെ ചില തന്ത്രങ്ങൾ പ്രയോഗിച്ചു നോക്കി. അദ്ധ്യാപികയു

മായടുത്തു സംസാരിക്കാൻ അവസരം ലഭിച്ചപ്പോളെല്ലാം, ആ മഹിളാരത്നം അദ്ധ്യാപികവൃത്തിയുടെ മാഹാത്മ്യത്തെപ്പറ്റിയും, അതിൻെറ അഭാവത്തിൽ നേരിടാവുന്ന അനാശാസ്യഫലങ്ങളെപ്പറ്റിയും സുദീർഘം സംഭാഷിക്കുകയുണ്ടായി. അദ്ധ്യാപികയാകട്ടെ ഇതൊന്നും വകവെച്ചതേ ഇല്ല. മാത്രമല്ല കനോസാക്കുടുംബത്തിലെ ചാച്ചിക്കാരിയായ ഈ സ്ത്രീയുടെ ഉപദേശവും നടപടികളുമെല്ലാം കേവലം അസംഗതമായിട്ടാണ് അവർക്ക് തോന്നിയതു. കൂടാതെയും അനാവശ്യമായ ഒരു കൈകടത്തലായി ഇതിനെ പരിഗണിക്കയുംചെയ്തു.

ഒരു ദിവസം ഇവർതമ്മിൽ മേല്പറഞ്ഞവിധം സംഭാഷണം നടത്തിക്കൊണ്ടിരിക്കവെ, സായാഹ്നസഞ്ചാരവുംകഴിഞ്ഞു് കുട്ടികൾ അവർ നിന്നിരുന്ന സ്ഥലത്തുകൂടി വരുവാനിടയായി. മഗ്ദലേന അവിടെ എങ്ങും താമസിക്കാതെ നേരെ മുറിയിലേക്കാണ് പോയതു്. മുറിയുടെ ഒട്ടടുത്താണ് ഇവർ നിന്നു സംഭാഷിച്ചുകൊണ്ടിരുന്നതും. മഗ്ദലേന മുറിയിൽ പ്രവേശിച്ചുകഴിഞ്ഞപ്പോൾ "ചരിത്രമൊ ഭൂമിശാസ്ത്രമോ പോലെമാത്രം, വേദോപദേശം കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്ക് ശാപം. മതം ഇവയെല്ലാറ്റിനേയുംകാൾ പ്രാധാന്യം അർഹിക്കുന്നു. മറ്റുവിഷയങ്ങളെപ്പോലെമാത്രം മതപഠനം പരിഗണിച്ചാൽ പോരാ" എന്നു് തങ്ങളുടെ ചാച്ചിക്കാരിയായ സ്ത്രീ അദ്ധ്യാപികയോടു് പറയുന്നതു കേൾക്കാൻ ഇടയായി. ചെ

വപ്പമായിരുന്നെങ്കിലും ഈ വാക്കുകൾ അവളുടെ ഹൃദയത്തിൽ ആഴമായി പതിഞ്ഞു. അവൾ അതർഹിക്കുന്ന ഗൌരവത്തോടെ അതേപ്പറ്റി ചിന്തിച്ചു. ഉടനെ തന്നെ ആ വാക്കുകൾ, അതേരൂപത്തിൽ അവളുടെ നോട്ടപുസ്തകത്തിൽ കുറിച്ചിട്ടുകയുംചെയ്തു. അടുത്ത ഒരു ദിവസം അദ്ധ്യാപിക കുട്ടികളുടെ നോട്ടുബുക്കുകൾ പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ ഈ കുറിപ്പുകണ്ടു. ആ സ്ത്രീയുടെ ഉപദേശം തന്നെ ഇഷ്ടപ്പെടാതിരുന്ന അദ്ധ്യാപികയ്ക്ക് ഇതുകൂടികണ്ടപ്പോൾ കോപം വർദ്ധിച്ചു. തന്നെ അധിക്ഷേപിക്കുവാനായി മാദലേന മനഃപൂർവ്വം ചെയ്ത ഒരു കൃത്യമാണിതെന്ന് അവൾ തീർച്ചയാക്കിക്കഴിഞ്ഞു. ആ ക്ഷണംമുതൽ അവൾ മാദലേനായെ അധികമായി ദ്വേഷിക്കുവാൻ തുടങ്ങി. സാധുമാദലേനായെ സംബന്ധിച്ചിടത്തോളം ഒരു പീഡനം തന്നെയാണ് അന്നുമുതൽ ആരംഭിച്ചതു്. സാരമായ കുറ്റങ്ങൾപോലും കണ്ടില്ലെന്നു ഭാവിച്ചിരുന്ന അദ്ധ്യാപിക നിസ്സാരമായ കുറ്റങ്ങൾക്കു വേണ്ടിയും, ചിലപ്പോൾ അകാരണമായും മാദലേനായെ നിർദ്ദയമായി ശിക്ഷിക്കുവാൻതുടങ്ങി. അവൾ പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം കുറ്റംതന്നെ. തൊട്ടതിനെല്ലാം ശിക്ഷ. വീട്ടിൽ വല്ല അതിഥികളും വന്നാൽ മാദലേനായ്ക്കുമാത്രം സദസ്സിൽ പ്രത്യക്ഷപ്പെടുവാൻ നിവൃത്തിയില്ല. കൊട്ടാരത്തിൻെറ വിജനമായ വല്ലമൂലയിലേയ്ക്കും അവളെ പറഞ്ഞയയ്ക്കും. അവൾ വല്ലതും ചെയ്തുപോയാൽ അതു് ശൂന്യിത്തരമായി; വല്ലതും ശബ്ദിച്ചുപോയാൽ അതു് അ

നാശാസ്യമായി; കളിവിളയാട്ടങ്ങളിൽ ഏർപ്പെട്ടാൽ അവൾ മഹാമൂഢയായി; മൌനംതന്നെ പാലിക്കാമെന്നുവച്ചാൽ അതു് ധിക്കാരവുമാകും. ചുരുക്കിപ്പറയാം. അദ്ധ്യാപികയുടെ നീരസം ഒന്നിനൊന്നിനു് വർദ്ധിച്ചുതന്നെ വന്നതിനാൽ അവൾ അദ്ധ്യയനസമയമൊഴിച്ചുള്ള നേരമെല്ലാം ഒരുമുറിയിൽ, പരിശുദ്ധ ദൈവജനനിയുടെ തിരുസ്വരൂപത്തിൻ മുമ്പാകെ സാഷ്ടാംഗപ്രണാമംചെയ്തു കഴിച്ചുപോന്നു. ആ സ്ഥിതിയിൽ പലപ്പോഴും അവൾ അശ്രുകണങ്ങൾ പൊഴിച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെട്ടിരുന്നു. സുമാർ ആറുവത്സരക്കാലം കാരാഗൃഹവാസത്തേക്കാൾ കഷ്ടതരമായ ഒരുജീവിതം വിസ്മയനീയമായ ക്ഷമയോടെ നയിച്ചു. ദൈവം യാത്രയാക്കിയ ഈ കുരിശുകളെ അവൾ വിഫലമാക്കിയില്ല. മഹത്തായ ഫലംതന്നെ അവൾ അതിൽനിന്നും എടുത്തു.

ഈ വസ്തുത ഒന്നു സൂചിപ്പിക്കുകമാത്രം ചെയ്താൽ മതിയായിരുന്നു, അവൾക്കതിൽനിന്നും രക്ഷപ്രാപിക്കുവാൻ. പക്ഷെ ഇതെപ്പറ്റി പരാതിപ്പെടുന്നതിനുപകരം മറ്റുനന്മയിൻറെ വൃക്ഷത വർദ്ധിക്കുംതോറും അവൾ അതിനു് സസന്തോഷം സ്വാഗതമരുളുകയാണു് ചെയ്തിരുന്നതു്. അവളുടെ സഹോദരങ്ങൾ ഇതു് ഒട്ടെല്ലാം അറിയാതിരുന്നില്ല. പക്ഷെ യാഥാർത്ഥ്യം വെളിപ്പെടുത്തുവാൻ മടിച്ചതിനാൽ അവരെപ്പോഴും അനുവദിച്ചില്ല. അദ്ധ്യാപികയുടെ നടപടിയെപ്പറ്റി അവർ ആക്ഷേപമായി വല്ലതും പറഞ്ഞുപോ

യാൽ, മഗ്ദലേന ഉടനെ ഗുരുനാഥയ്ക്കുവേണ്ടി വക്കാലത്തുമായി ചാടിവീഴും. എല്ലാം തന്റെ കുറ്റമാണെന്നേറ്റുകഴിയും. അവരുടെ പിതൃസോദരരോ? കഷ്ടം അവർ ഇതൊന്നുമറിഞ്ഞിരുന്നുമില്ല. കരയാത്ത പിള്ളക്കു സ്തന്യം ലഭിക്കാറില്ലല്ലൊ.

ഒരു ദിവസം മഗ്ദലേനായുടെ പിതൃസോദരനായ ജെറോം ഉദ്യാനത്തിൽ കൂടി നടന്നുകൊണ്ടിരിക്കുകയായിരുന്നു. മഗ്ദലേന ഇതൊട്ടറിഞ്ഞുമില്ല. കുറെ കഴിഞ്ഞപ്പോൾ അടുത്തുള്ള ഒരു മുറിയിൽനിന്നും ആരോ ഏങ്ങിയേങ്ങി കരയുന്നശബ്ദം കേൾക്കാറായി. ജെറോം സപ്തസമയം ചെവിപാത്തു നിന്നശേഷം, ജനൽക്കമ്പികൾക്കിടയിൽകൂടി മുറിയിലേക്ക് സൂക്ഷിച്ചുനോക്കി. അപ്പോൾ ആശ്ചര്യമേ! മഗ്ദലേന ആ മുറിയുടെ ഒരു മൂലയിൽ മുട്ടിന്മേൽ നിന്നുകൊണ്ട് വിമ്മി വിമ്മി കരയുന്ന കാഴ്ചയാണ് അയാളുടെ ദൃഷ്ടിക്കു വിഷയീഭവിച്ചതു്. "മഗ്ദലേന, നീ ഇവിടെ ആണോ? എങ്ങനെ നീ ഇവിടെ വന്നു?" എന്നു് ജെറോം അവിടെ നിന്നുകൊണ്ടു ചോദിച്ചു. "എന്റെ അഹങ്കാരത്തിനൊരു ശിക്ഷയായി അദ്ധ്യാപിക എന്നെ ഇവിടെ ആക്കിയതാണു്" എന്നു് അവൾ കുറക്കാരി എന്ന ഭാവത്തിൽ പ്രശാന്തസ്വരത്തിൽ മറുപടിപറഞ്ഞു. ജെറോം ഇതു വിശ്വസിച്ചില്ല. "ഇങ്ങനെ ഒരു ശിക്ഷ നൽകത്തക്കവണ്ണം ഒരു കുറ്റം നീ ചെയ്തോ? ക്ഷണം ഇറങ്ങിവരിക" എന്നായി ജെറോം.

മഗ്ദലേനായുടെ കാരാഗൃഹവാസം എന്നേക്കുമായി അവസാനിച്ചു. അവൾ വിമുക്തയായി. ജെറോം ഇതേപ്പറ്റി കായ്മമായിത്തന്നെ അന്വേഷണം നടത്തി. കുട്ടികളിൽനിന്നും ലഭിച്ച അറിവുകൂടി ആയപ്പോൾ യാഥാർത്ഥ്യം മുഴുവൻ വെളിപ്പെട്ടു. ഏതാനും ദിവസങ്ങൾക്കുള്ളിൽ അദ്ധ്യാപികയെ അവിടെനിന്നും പിരിച്ചുവിട്ടു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ.

മഗ്ദലേനയെ നിരന്തരം പീഡിപ്പിച്ചിരുന്ന അദ്ധ്യാപികയെ ബഹിഷ്കരിച്ചപ്പോൾ മാത്രമേ അവൾക്ക് യഥാർത്ഥ സൈ്വരവും സമാധാനവുമുണ്ടായുള്ളൂ എന്നു് സാധാരണ ഗതിയിൽ വായനക്കാർ വിചാരിച്ചേക്കാം. എന്നാൽ വാസ്തവം അങ്ങനെ അല്ല. ആ ദുഷ്ടസ്ത്രീ നമ്മുടെ കഥാനായികയെ എത്രമാത്രം വെറുത്തുവോ, അത്രക്ക് മഗ്ദലേനാ ആ സ്ത്രീയെ സ്നേഹിക്കുകയാണു് ചെയ്തതു്. വളരെ സങ്കടങ്ങൾ അവൾ അനുഭവിച്ചു; പക്ഷെ അതെല്ലാം അവൾ മിശിഹായ്ക്കു് സമർപ്പിച്ചുകൊണ്ടു്, മിശിഹായ്ക്കുവേണ്ടി അനിതരസാധാരണമായ ക്ഷമയോടെ സഹിച്ചു. പഴയ അദ്ധ്യാപികയുടെ വിവാഹം നടക്കുവാൻപോകുന്നു എന്നുകേട്ടപ്പോൾ മഗ്ദലേന അവൾക്ക് ഒരു നല്ല സമ്മാനം അയച്ചുകൊടുക്കുകപോലും ഉണ്ടായി.

തന്റെ മാതൃസ്ഥാനം വഹിച്ചിരുന്ന ഒരാളുടെ അനീതിപരവും നിർദ്ദയവുമായ മർദ്ദനങ്ങൾക്ക് വിധേയയായി ജീവിക്കുന്നതിൽ എത്രകണ്ടു് തന്നോടുതന്നെ ബലംചെയ്തിരിക്കണം. ഒരുദിവസമൊ മാസ

മോ അല്ല, ആറുവത്സരക്കാലം ഈ ദുസ്സഹമായ മ
ദ്ദനം— അതും അകാരണമായ മദ്ദനം— അവർ അ
നുകരണീയവും അത്ഭുതജനകവുമായ ക്ഷമയോടെ സ
ഹിച്ചു. "അഹങ്കാരം എനിക്കു കുറെ കൂടുതലാണ്. അതെനിക്കുതന്നെ അറിയാം. ഈ ശിക്ഷയ്ക്കു ഞാൻ സാക്ഷാൽ അർഹയാണ്" എന്നുപലപ്പോഴും മഗ്ദലേനതന്നെ തന്റെ സഹോദരങ്ങളോടു പറയാറുണ്ടായിരുന്നു. ഹാ! എന്തൊരു ക്ഷമ!! ഈ മഹൽഗുണമായിരിക്കുമോ അവളിൽ പ്രസ്തുതശക്തിയുളവാക്കിയതു? ഏറെത്താമസിയാതെ മഗ്ദലേനായുടെ പ്രഥമദിവ്യകാരുണ്യസ്വീകരണം നടന്നു. പിന്നീടു് അടുക്കലടുക്കൽ ദിവ്യകാരുണ്യകർത്താവിനെ, അത്യന്ത ഭക്തിയോടെ സ്വീകരിക്കുന്നതിൽ അവൾ സദാ ഉത്സുകയായി കാണപ്പെട്ടു. പിൽക്കാലത്തു നേരിട്ട ക്ലേശങ്ങളും ദുഃഖങ്ങളും ക്ഷമയോടെ സഹിക്കുന്നതിനുവേണ്ട സഹനശക്തി, ദിവ്യകാരുണ്യകർത്താവു അവൾക്കു് നൽകി.

രോഗബാധ.

മിശിഹായുടെ സ്നേഹഭാജനങ്ങളെ അവിടുന്നു നിരന്തരം പീഡിപ്പിക്കുമെന്നുള്ളതിനു് പര്യാപ്തമായ ഒരുദാഹരണം മാത്രമാണു് നമ്മുടെ കഥാനായികയുടെ ജീവചരിത്രം എന്നുപറയാം. വൃക്ഷത്തെ ഫലത്തിൽനിന്നറിയാം. അതുപോലെതന്നെ നമുക്കു നേരിട്ടു

ന്ന കുരിശുകളുടെ ആധിക്യത്തിൽനിന്നും ദൈവത്തിന്നു് നാം ഓരോരുത്തരുടേയും നേക്കുള്ള വാത്സല്യത്തിന്റെ പരിമാണം ഏറെക്കുറെ അറിയാം എന്നു പറയുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

മഗ്ദലേന അവളെത്തന്നെ നിയന്ത്രിച്ചു കീഴടക്കുന്നതിനു് നടത്തിയ ശക്തിമത്തായ സമരം അവളുടെ ആരോഗ്യത്തെ സാരമായി ബാധിച്ചു. അവളുടെ അദ്ധ്യാപിക സ്ഥലം വിട്ടു് ഏറെ ദിവസങ്ങൾ കഴിയുന്നതിനു മുമ്പുതന്നെ അവൾ രോഗശയ്യയെ അവലംബിച്ചു. പകൽ മുഴുവൻ, സഹോദരങ്ങളൊരുമിച്ചു് ഓടിക്കളിച്ചു നടന്നിരുന്ന മഗ്ദലേനായ്ക്കു് രോഗശയ്യയിലെ അസ്വാതന്ത്ര്യജീവിതം എത്രകണ്ടു ഹൃദ്യമായിരുന്നിരിക്കാമെന്നു് ഏറെക്കുറെ ഊഹിക്കയായിരിക്കും ഉത്തമം. എങ്കിലും അസന്തുഷ്ടിയുടെ ഒരു ലാഞ്ഛനപോലും അവളുടെ മുഖത്തു് കാണ്മാൻ ഇല്ലായിരുന്നു. സ്വസ്ഥം അവൾ അടക്കി. എല്ലാം അവൾ മിശിഹായെപ്രതി സസന്തോഷം സഹിച്ചു. അവൾ രോഗിണിയായി കിടക്കയിൽ കഴിച്ചുകൂട്ടുന്നതു കാണുവാൻതന്നെ പ്രത്യേകം കൌതുകമുണ്ടായിരുന്നു.

അവൾ രോഗശയ്യയെ അവലംബിച്ചു അധികനാൾ കഴിയുന്നതിനു മുമ്പായി വാതത്തിന്റെ ഉപദ്രവം തുടങ്ങി. ദുസ്സഹമായ വേദന അവൾ സഹിക്കേണ്ടതായി വന്നു. വേദന അടിക്കടി വർദ്ധിച്ചുകൊണ്ടിരുന്നു. രോഗശമനം ഉദ്ദേശിച്ചു് ചില പ്രതിവിധികളും നടത്തിയെങ്കിലും, അതുമൂലം കാലിലെ വേദന

പൂർവ്വാധികം വർദ്ധിച്ചതേയുള്ളൂ. ഈ അവസരത്തിൽ പോലും അവൾ വളരെ പ്രശാന്തയായും പ്രസന്നയായും കാണപ്പെട്ടിരുന്നു. ഗ്ലാനതയുടേയൊ അസഹിഷ്ണുതയുടേയൊ ലക്ഷ്യംപോലും ആ ബാലികയിൽ കാണുവാൻ കഴിഞ്ഞില്ല. ഒരു ദിവസം വൈദ്യോപദേശം അനുസരിച്ച് ഒരു പുതിയ കഴമ്പിട്ടു. അതോടെ വേദന പതിന്മടങ്ങു വർദ്ധിച്ചു. "പുതിയ മരുന്നിട്ടപ്പോൾ വേദനയ്ക്ക് അല്പമൊരു ശമനമുണ്ട് ഇല്ലെ" എന്ന് പരിചാരിക ചോദിച്ചു. അസഹനീയമായ വേദനയാൽ നട്ടം തിരിയുന്ന മദ്ധ്യലേന ഇതു കേട്ട് ഇങ്ങനെ പ്രതിവചിച്ചു: "ശരിതന്നെ, പുതിയ മരുന്ന് അസ്ഥിമാത്രമല്ല കാലു മുഴുവൻതന്നെയും എടുത്തു കളയുവാൻ പോവുകയാണോ എന്ന് തോന്നിപ്പോകുന്നു". അത്ര വലിയ വേദനയാണ് ആ സാധുബാലിക അപ്പോൾ സഹിച്ചിരുന്നത്.

കേവലം ഒരു ബാലികയായിരുന്നു എങ്കിലും, അക്കാലത്തുപോലും അവളുടെ ചാരിത്രത്തെ എത്രമാത്രം ആദരിക്കയും പാലിക്കയും ചെയ്തിരുന്നു എന്നതിന് ചില ലക്ഷ്യങ്ങൾ ഈ രോഗശയ്യയിൽ വെളിപ്പെടുവാനിടയായി. അസ്വാസ്ഥ്യം ബാധിച്ചിരുന്ന ആ കാലിൽ മറെറാരുത്തരുമെന്നല്ല പരിചാരികയായിരുന്ന 'സ്റ്റെല്ലാ' തന്നെയും സ്പർശിക്കുവാൻപോലും അവൾ അനുവദിച്ചിരുന്നില്ല. സ്റ്റെല്ലാ ആണെങ്കിൽ, ശൈശവം മുതൽക്കേ അവളെ എടുത്തു വളർത്തി പരിപാലിച്ചുവന്നവളുമായിരുന്നു. "എൻെറ കരങ്ങൾ

ക്കു പലതും നിവൃഹിക്കുവാൻ കഴിയും. അവ നല്ല പരിചാരികമാരാണു. ഞാൻ എന്തു ചെയ്യണമെന്നു നിങ്ങാം പറഞ്ഞാൽ മതി. ആ ക്ഷണത്തിൽ അവരെക്കൊണ്ടു് അതു് ഞാൻ ചെയ്യിച്ചുകൊള്ളാം. എന്നെ പരിചരിക്കുവാൻ എപ്പോാം അവ അശക്തങ്ങളായി ഭവിക്കുന്നുവോ അപ്പോാം മുതൽ എന്നെ സ്പർശിക്കുവാൻ ഞാൻ നിങ്ങളെ അനുവദിക്കാം" എന്നാണു് അവാം പറഞ്ഞിരുന്നതു്.

കാലിലെ അസ്വാസ്ഥ്യം അധികനാാം ദീർഘിച്ചില്ല. അതു മിക്കവാറും സുഖപ്പെട്ടതിനോടെ അവാംക്കു കഠിനമായ മസൂരിരോഗം പിടിപെട്ടു. ഇതു് പകച്ചവ്യാധിയായിരുന്നതിനാൽ, മറുള്ളവരുടെ സാമീപ്യംകൊണ്ടുള്ള സമാശ്വാസംപോലും ലഭിച്ചിരുന്നില്ല. മൂന്നുമാസങ്ങാം വേണ്ടിവന്നു അതു സുഖപ്പെടുവാൻ. ഇതിൽനിന്നും രക്ഷപെടുമോ എന്നുപോലും പലരും ശങ്കിച്ചുപോയി. ഈ മഹാരോഗം പിടിപെട്ടു് ഏകാകിനിയായി, രോഗസഹജമായ ഉഗ്രപീഡകളും സഹിച്ചു കിടന്നിരുന്നപ്പോാംപോലും മുഖപ്രസന്നതയ്ക്കു് തെല്ലും വാട്ടംതട്ടിക്കണ്ടില്ല എന്നാണു് അവളുടെ പരിചാരിക പ്രസ്താവിക്കുന്നതു്. മിശിഹായെപ്രതി പീഡകാം സഹിക്കുവാൻ സന്നദ്ധരായിരിക്കുന്നവരുണ്ടോ അതുമൂലം നിരാശയാൽ ഉഴലുവാൻ പോകുന്നു? മിശിഹായെ സ്നേഹിക്കുന്നവക്കു് കഷ്ടാനുഭവങ്ങാം ഹൃദ്യമായ പരിലാളനങ്ങാം മാത്രമാണു്. സുഖപ്രാപ്തിക്കായി മഗ്ദലേനായുടെ പിതൃസഹോദരർ

നേച്ചുകാം പലതും നിശ്ചയിച്ചിരുന്നു. അവർ സുഖം പ്രാപിച്ചപ്പോൾ, അദ്ദിഗ്വാസികളായ അഗതികൾക്കു സുഭിക്ഷതയുടെയും സന്തോഷത്തിന്റെയും ഉദയമായിരുന്നു എന്നു് ചുരുക്കിപ്പറയാം. അഗതികളുടെ ആലംബമാണെന്നു പണ്ടേ പ്രകീർത്തിതമായിരുന്ന കനോസാകുടുംബം, മദ്രലേനായുടെ സുഖപ്രാപ്തിയോടുകൂടി അഗതികളുടെയും അനാഥരുടേയും സാക്ഷാൽ സങ്കേതസ്ഥാനമായി പരിണമിച്ചു. അവിടെ കൂടിയിരുന്ന സാധുക്കൾക്കെല്ലാം ഭക്ഷണവും വസ്ത്രവും നൽകപ്പെട്ടു. അവർ സന്തോഷത്താൽ മതിമറന്നു. പക്ഷെ പിൽകാലത്തു് അവർക്കു് നമ്മുടെ കഥനായികയിൽ നിന്നും അനുഭവപ്പെടാനിരിക്കുന്നതെന്താണെന്നു് ദീർഘദർശനം ചെയ്യുവാൻ കഴിഞ്ഞിരുന്നു എങ്കിൽ അവർ ഇതിലധികം സന്തോഷിക്കുമായിരുന്നു—അല്ല, സന്തോഷസാഗരത്തിൽ നിമഗ്നരാവുകതന്നെ ചെയ്യുമായിരുന്നു. ഇന്നു അവർക്കു് കുറെ ഭക്ഷണവും കുറെ പണവും മാത്രം ലഭിച്ചു. പക്ഷെ അവർക്കുള്ള പണം മാത്രമല്ല അവളെത്തന്നെയും അവർക്കായി ബലി അർപ്പിക്കുന്നതിനുള്ള ഒരു ഘട്ടം വരാനിരിക്കുന്നുണ്ടു്. ഇന്നവരുടെ കുട്ടികൾക്കു ഭക്ഷണം മാത്രം ലഭിച്ചു. അവരുടെ കുട്ടികളെ പ്രഭുവംശജയായ മദ്രലേന തന്നെ പരിചരിക്കുവാനിരിക്കുന്ന ഒരു കാലം വരുന്നു. ആ സാധുക്കളുണ്ടോ ഇതു വല്ലതും അറിയുന്നു! താൽക്കാലികലാഭത്തിൽ അവർ സംതൃപ്തരാകട്ടെ.

രണ്ടാം ഭാഗം.



ദൈവവിളി.

പ്രായംകൊണ്ടു പക്വത പ്രാപിച്ചില്ലെങ്കിലും, യൌവനദശയിലേയ്ക്കു കാലൂന്നിയതോടുകൂടി മഗ്ദലേന ആത്മികവും ശാരീരികവുമായ നിരവധി പരീക്ഷകളിൽ പ്രശസ്തമായ വിജയം കരസ്ഥമാക്കിക്കഴിഞ്ഞു. പരീക്ഷാഘട്ടങ്ങളിൽ പ്രദർശിപ്പിച്ച പ്രശംസനീയമായ സഹിഷ്ണുതയും ത്യാഗങ്ങളുംമൂലം അവൾ അവളെത്തന്നെ പരിപൂർണ്ണമായി ജയിച്ചു. അവനവനെത്തന്നെ ജയിക്കുക എന്നതു്, ദുരാശാപാശങ്ങളാൽ ബന്ധനസ്ഥരായ മനുഷ്യരെ സംബന്ധിച്ചിടത്തോളം ഒരു മഹാവിജയവും നേട്ടവുമാണല്ലൊ. കനോസാകുടുംബത്തിന്റെ അന്തസ്സിനും അഭിമാനത്തിനും അനുയോജ്യമായ നടപടികളും, പ്രവൃത്തികളും സർവ്വോപരി അവളുടെ ശീലഗുണങ്ങളും ഹേതുവാൽ, ബാലികയായ മഗ്ദലേന, സജ്ജനങ്ങളുടെയും അയൽക്കാരുടെയും മാത്രമല്ല, അവളെ അറിയുവാനിടയായ അന്യരുടെയും, നിസ്സീമമായ സ്നേഹാദരങ്ങൾക്കു് പാത്രീഭൂതയായി. അവൾ ഇതരരുടെ സ്നേഹഭാജനം ആയിരുന്നു എങ്കിൽ, അവളുടെ സോദരിമാർക്കും കൊച്ചുസോദരനും, പുത്രവത്സലയായ ഒരു കൊച്ചു

ജനനിയും ആയിരുന്ന എന്നു് അതിശയോക്തി ലേശ
മെന്യെ പറയാം. മഗ്ദലേനായുടെ ശൈശവശേ കഴി
ഞ്ഞു്, അവൾ താരുണ്യവതിയായ ഒരു മഹിളാമണി
യായിത്തീർന്നു. ഒരു ജീവിതസ്ഥിതി തെരഞ്ഞെടുക്കേ
ണ്ട കാലം ഏതാണ്ടു് സമാഗതമായി. ഉന്നതകുലജാ
തയും സുശീലയുമായ ഈ യുവതിയെ, ഭാര്യയായി
സ്വീകരിക്കുവാനിരിക്കുന്ന ആ ഭാഗ്യവാൻ, ആരായി
രിക്കുമെന്നു് പലരും അത്യാകാംക്ഷയോടെ പ്രതീക്ഷി
ക്കുവാൻ തുടങ്ങി. കുലീനരായ പല യുവാക്കന്മാരും
അവളെ വിവാഹംചെയ്യുവാൻ അഭിലഷിച്ചു. പല
രും അവരുടെ അഭിലാഷം പരസ്യമായി പ്രകടിപ്പി
ക്കാതെയുമിരുന്നില്ല. മഗ്ദലേനയാകട്ടെ, വിവാഹാഭ്യ
ർത്ഥനകളെല്ലാം പാടെ നിരസിക്കുകയാണു് ചെയ്തതു്.
അവൾ ഒരാളെ നേരത്തെ മനസാ വരിച്ചുകഴിഞ്ഞി
രുന്നു. അതു് ദിവ്യരക്ഷകനായ മിശിഹാ അല്ലാതെ
മറ്റാരും ആയിരുന്നില്ല. ആ അഖിലേശനു് തന്റെ
ഹൃദയത്തെ സമർപ്പിച്ച മഗ്ദലേനായെപ്പോലെയുള്ള ഒ
രു യുവതിയുണ്ടോ മറ്റാരുടെയെങ്കിലും അർത്ഥനയെ
ആദരിക്കുവാനോ അംഗീകരിക്കുവാനൊ പോകുന്നു.
അവൾ തന്നെ എന്നേക്കുമായി തന്റെ സ്വർഗ്ഗീയമ
ണവാളനു് സമർപ്പിച്ചുകഴിഞ്ഞിരുന്നു. രോഗശയ്യയിൽ
വച്ചാണു് ഈ സമർപ്പണകൃത്യം അവൾ നിർവ്വഹിച്ച
തു്. "ഞാൻ മറ്റൊരുവനിൽ അനുരക്തയായി കഴി
ഞ്ഞിരിക്കുന്നു. അദ്ദേഹത്തെ അല്ലാതെ മറ്റാരേയും
സ്വീകരിക്കാനിടയാകാതിരിക്കത്തവണ്ണം എന്റെ

നെറ്റിത്തടത്തിൽ അദ്ദേഹം ഒരു മുദ്രപതിച്ചുപോയി. അദ്ദേഹം എന്റെ കഴുത്തിലും വലതുകരത്തിലും ആഭരണങ്ങളും ചാർത്തിയിരിക്കുന്നു. കർത്താവ് എന്നെ സ്വർണ്ണവസ്ത്രങ്ങൾകൊണ്ടും, മാലകൾകൊണ്ടും അലങ്കരിച്ചിരിക്കുന്നു" എന്നു് വി. അഗ്നസിനെപ്പോലെ തന്റെ പ്രണയകാംക്ഷികളോടു പറയുവാൻ മഗ്ദലേന മടിച്ചില്ല.

ദിവ്യരക്ഷകനായ മിശിഹ മഗ്ദലേനായെ വരിച്ചുകഴിഞ്ഞിരുന്നു. ഒരു കന്യകയായി അവശം ആയുഷ്കാലം കഴിക്കണമെന്നവിടുന്നു് തിരുചിത്തമായി. പക്ഷെ എവിടെ? ഏതു സഭയിൽ? അതു് ഇനിയും അജ്ഞാതമായിരുന്നതേയുള്ളൂ.

അക്കാലത്തു സന്ന്യാസസഭകൾ ഇന്നത്തെപ്പോലെ അത്ര സുസാധാരണമായിരുന്നില്ല. ക്ലാരസഭ, അഗസ്തീയൻ സഭ, കർമ്മലീത്താസഭ ഇവയായിരുന്നു അന്നത്തെ ചില സന്ന്യാസസഭകൾ. ഈ സഭക്കാരാവട്ടെ, അവരുടെ ആശ്രമഭിത്തികൾക്കുള്ളിൽ പ്രാർത്ഥനയും തപഃക്രിയകളുമായി കഴിച്ചിരുന്നതല്ലാതെ ഇന്നത്തേതുപോലെ, വിദ്യാപ്രവർത്തനങ്ങളിലും മറ്റും ഏർപ്പെട്ടിരുന്നില്ല. അവർക്കു് ലോകവുമായി യഥാർത്ഥത്തിൽ യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ചുരുക്കം ചില സഭകൾ, വിദ്യാപ്രവർത്തനങ്ങളിലും മറ്റും ഏർപ്പെട്ട തുടങ്ങുക മാത്രമേ ചെയ്തിരുന്നുള്ളൂ. ഗതാഗതസൌകര്യങ്ങളും മറ്റും വളരെ വിരളമായിരുന്നതിനാൽ, ഈ കൂട്ടരെപ്പറ്റി മഗ്ദലേനായുടെ നാട്ടുകാർക്കു്

യാതൊരറിവുപോലും ഉണ്ടായിരുന്നില്ല.

മഗ്ദലേനായ്ക്ക് ഈ ഒതുങ്ങിയ സന്ന്യാസജീവിതത്തോട് തെല്ലും പ്രതിപത്തി തോന്നിയിരുന്നില്ല. അഗതികളേയും അനാഥരേയും സഹായിക്കുക, അവക്ക് മതാഭ്യസനം നല്കുക, അങ്ങനെ ആത്മാക്കളെ വീണ്ടെടുക്കുക, എന്നിത്യാദികാര്യങ്ങളിൽ ഏർപ്പെടുന്നതിനു് അവൾക്കുണ്ടായിരുന്ന ഉത്സാഹം വാചാമഗോചരമായിരുന്നു. മഗ്ദലേനാവഴി വലിയ കാര്യങ്ങൾ നിർവ്വഹിക്കുവാനാണ് ദൈവം ചിത്തമായിരുന്നതു്. പക്ഷെ അതുപര്യന്തം അവളുടെ സ്നേഹതാതൻ അതൊന്നും പരസ്യമാക്കിയില്ല. മഗ്ദലേനായാകട്ടെ ദൈവചിത്തം അറിയുവാനായി നിരന്തരം പ്രാർത്ഥിച്ചുപോന്നു.

പരിശുദ്ധ കന്യകയോടുള്ള ഭക്തി.

ബാല്യാൽപ്രഭൃതി നിരവധി സങ്കടങ്ങൾ മഗ്ദലേന സഹിക്കേണ്ടിവന്നു എന്നു് നാം കണ്ടു. എന്നാൽ ഇതെല്ലാം ക്ഷമയോടെ സഹിക്കുന്നതിനുള്ള ശക്തി ഈ ബാലികയ്ക്ക് എങ്ങനെ ആയിരിക്കും സിദ്ധിച്ചതു്? ചെറുപ്പംമുതൽക്കേ പരിശുദ്ധ കന്യകമറിയത്തിന്റെ നേരെ ഉള്ള ഭക്തിയിൽ ഇവൾ അദ്വിതീയതന്നെ ആയിരുന്നു. ക്ലേശങ്ങളും സങ്കടങ്ങളും നേ

രിട്ടപ്പോൾ എല്ലാം അവൾ ഈ മാതാവിന്റെ സങ്കേതത്തിലാണ് അഭയം തേടിയിരുന്നതു്. കഷ്ടാരിഷ്ടതകൾ ക്ഷമയോടെ സഹിക്കുവാനുള്ള ശക്തി, ഈ അമ്മ മഗ്ദലേനായുടെ പിഞ്ചു ഹൃയത്തിനു് നൽകുകയും ചെയ്തു. ശിശുപ്രായത്തിൽതന്നെ അവളിൽ അങ്കുരിച്ച ഈ ഭക്തി, അവരുടെ മാതാപിതാക്കന്മാരുടെ നിയ്ക്കാണത്തോടുകൂടി ശതഗുണീഭവിച്ചു. സ്വന്ത മാതാവിന്റെ അഭാവത്തിൽ ദൈവജനനിയെ തന്റെ മാതാവും, മദ്ധ്യസ്ഥയും, സംരക്ഷകയും ആയി അവൾ സ്വീകരിച്ചു. മഗ്ദലേനായുടെമരിയഭക്തി വി: അമ്മത്രേസ്യായുടെ മരിയഭക്തിയോടു് സാധർമ്മ്യം വഹിക്കുന്നുണ്ടു്. അമ്മത്രേസ്യായുടെ മാതാവു് മരിച്ച ക്ഷണത്തിൽ വിശുദ്ധ, മുറിയിലേയ്ക്കോടി അവിടെയുണ്ടായിരുന്ന പരിശുദ്ധ കന്യകമറിയത്തിന്റെ ഒരു തിരുസ്വരൂപത്തിൻ മുമ്പാകെ മുട്ടുകുത്തി, "നീ എന്റെ അമ്മയായിരിക്കണമെ" എന്നു് തീഷ്ണതയോടെ പ്രാർത്ഥിച്ചു. മഗ്ദലേനായും ഇതേ നയംതന്നെയാണു് സ്വീകരിച്ചതു്. അതുമുതൽ ആജീവനാന്തം, മഗ്ദലേന ഈ ഭക്തിയിൽ സ്ഥിരമായി നിലനിൽക്കയും ചെയ്തു. മഗ്ദലേനായുടെ അപേക്ഷയും ഉപേക്ഷിക്കപ്പെട്ടില്ല. പിൽകാലത്തു് അവളുടെ ജീവിതായോധനത്തിൽ ആ അമ്മ അവൾക്കു് ദിവ്യസ്തംഭവും മാർഗ്ഗദർശിയും ആയിത്തീർന്നു.

മഗ്ദലേനായ്ക്കു് ദൈവജനനിയുടെനേരെ അതിരറ്റ ഭക്തിയാണു് ഉണ്ടായിരുന്നതു്. പക്ഷെ അതു

കൊണ്ടുമാത്രമവൾ തൃപ്തിപ്പെട്ടില്ല. ആ ഭക്തി പ്രചരിപ്പിക്കുതിനും മറവുള്ളവരേയും ഈ ഭക്തിയിലേക്കാനയിക്കുന്നതിനും അവൾ അക്ഷീണം യത്നിച്ചു. അവളുടെ പരിശ്രമഫലമായി പലപ്പോഴും കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി, ദേവമാതൃഭക്തി ദ്യോതകമായ പ്രാർത്ഥനകളും മറ്റും നടത്തുക പതിവായിരുന്നു.

മഗ്ദലേനായുടെ ഭക്തിയും വിശ്വാസവും അസ്ഥാനത്തായില്ല. കർമ്മപദ്ധതി എന്താണെന്നും, എവിടെയാണാരംഭിക്കേണ്ടതെന്നും അറിയാതെ വിഷമിച്ചിരിക്കെ, ഈ അമ്മയത്രേ അവളുടെ സാഹായത്തിനെത്തി അവളുടെ പ്രവർത്തനപദ്ധതി നിർണ്ണയിക്കുന്നതിൽ മാർഗ്ഗദർശിത്വം വഹിച്ചതു്. അവളുടെ ഭാവിപ്രവർത്തനകേന്ദ്രവും, രക്ഷണീയകൃത്യത്തിനുള്ള ഉപകരണവുമായി ഭവിച്ച സ്ഥാപനം ഏർപ്പെടുത്തുവാനിടയായതു് ഈ അമ്മയുടെ വിലയേറിയ സാഹായ്യം കൊണ്ടു മാത്രമായിരുന്നു. "വ്യാകുലജനനിയത്രെ നമ്മുടെ സഭാസ്ഥാപക" എന്നു് മഗ്ദലേനതന്നെ പിൽകാലത്തു് പറഞ്ഞിട്ടുണ്ടു്. സഭയുടെ ആരംഭകാലത്തു് നിരവധിക്ലേശങ്ങൾ അവൾക്കു നേരിട്ടു. പലപ്രതിബന്ധങ്ങളും അവളെ അഭിമുഖീകരിച്ചു. ശത്രുക്കൾ അവളുടെ ആശ്രമങ്ങൾ അടച്ചുപൂട്ടിക്കളയുമോ എന്നുപോലും സംശയിക്കേണ്ടിവന്ന ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ടു്. ഈ വിപത്ഘട്ടങ്ങളിൽ, ആരായിരുന്നിരിക്കാം മഗ്ദലേനായ്ക്കു് ആലംബമായി

രുന്നതു്? വ്യാകുലജനനി—അതെ ആ അമ്മയല്ലാതെ മറ്റാരും ആയിരുന്നില്ല. ആപൽസന്ധികളിൽ വ്യാകുലമാതാവിന്റെ കാഴ്ചരൂപം എടുത്തു് അധരങ്ങളിൽ അവൾ അമർത്തിപ്പിടിച്ചുകൊണ്ടു് "എന്റെ അമ്മേ ഈ വിപത്തുസംഭവിക്കുവാൻ അവിടുന്നനുവദിക്കയില്ലെന്നു എനിക്കു് ഉറപ്പുണ്ടു്. ഇതു് നിന്റെ ജോലിയാകുന്നു" എന്നു് സുദൃഢമായ വിശ്വാസത്തോടുകൂടി പറയുക പതിവായിരുന്നു. സംഗതികളുടെ പര്യവസാനവും ഒരിക്കലും അവളുടെ പ്രതീക്ഷയ്ക്കും അഭിലാഷത്തിനും വിരുദ്ധമായിരുന്നില്ല.

കർമ്മലീത്താസഭയിൽ.

ജീവിതാവസ്ഥ തെരഞ്ഞെടുക്കുന്നതിൽ തന്റെ ദൈവവിളി എന്താണെന്നറിവാൻ മഗ്ദലേന തീവ്രമായ പ്രാർത്ഥന തുടർന്നുപോന്നു. കന്യകാശ്രമവാസത്തോടു് ഒരാകർഷണവും അവൾക്കു തോന്നിയിരുന്നില്ല. എങ്കിലും താദൃശമായ ഒരു ജീവിതമാണവൾക്കനുയോജ്യമായിരുന്നതു് എന്നു് നിരീക്ഷണബുദ്ധികൾക്കു കണ്ടുപിടിക്കുവാൻ പ്രയാസം ഇല്ലായിരുന്നു. ഇതുകൊണ്ടാണു അവളുടെ ആത്മീയഗുരു ഇതു ഗ്രഹിച്ചു, മഗ്ദലേന കർമ്മലീത്താമഠത്തിൽ ചേരണമെന്നും, അതിലേക്കാണു് ദൈവവിളി എന്നും അവളെ ഉപദേശി

ച്ചത്. അവർ വിനാവിളംബം കൊനെഗ്ലിയാനൊ (Conegliano)യിലെ കർമ്മലീത്താമഠത്തിൽ ചേർന്നു. വൈവിളി അതിലേക്കാണെന്നും, അവിടെ തനിക്ക് പൂർണ്ണമനസമാധാനം സംസിദ്ധമാകാതിരിക്കയില്ലെന്നും അവർ ആത്മാർത്ഥമായി വിശ്വസിച്ചു.

അഹോ! കൊട്ടാരത്തിലെ ആഡംബരപൂർണ്ണവും വിഭവസമൃദ്ധവുമായ അന്തരീക്ഷം എവിടെ? ഒരാശ്രമ മതിൽക്കെട്ടിനുള്ളിൽ പ്രശാന്തമെങ്കിലും അനാഡംബരപരമായ അവസ്ഥ എവിടെ? ഇവ തമ്മിൽ എത്രയോ വലിയ അന്തരമാണുള്ളതു്. എങ്കിലും ഈ വ്യതിയാനത്തിൽ അവർക്കു തെല്ലും ക്ലേശമുണ്ടായില്ല. ആശ്രമത്തിലെ നിബന്ധനകൾ സൂത്യമായും കൃത്യമായും നിറവേറ്റി. നിശാവേളയിൽ നിദ്രയിൽ നിന്നുണർന്നു് പ്രാർത്ഥനമുറിയിൽ എല്ലാവരിലും മുൻപായി മദ്ദലേന സന്നിഹിതയായിത്തുടങ്ങി. മൃദുമെത്തയിൽമാത്രം കിടന്നു പരിചയിച്ചവൾ നാലു് തറയിൽ കിടന്നുറങ്ങുവാൻ ഒരു വിഷമതയും ഉണ്ടായില്ല. വി. ത്രേസ്യാ നവീകരിച്ച സഭയിലെ നിയമങ്ങളും ക്രമങ്ങളും കൃത്യമായി അവർ അനുസരിച്ചു. ഉഗ്രമായ ഉപവാസങ്ങളും തപഃക്രിയകളും അവർ സസന്തോഷം നടത്തി. പ്രഭുകുലജാതയായ മദ്ദലേന ഒരുത്തമ മാതൃകാസഭാംഗമായിത്തീരുമെന്നു് ആർക്കും തോന്നിയിരുന്നു. എങ്കിലും ഈ കന്യക ഒരു കർമ്മലീത്താ സഭാംഗമായി ജീവിക്കുവാൻ ഉള്ളവളല്ലെന്നു് അവിടത്തെ മഠാധിപക്കു തോന്നി. പക്ഷേ

അവർ മൗനം ഭീക്ഷിച്ചതേയുള്ളൂ. ഏറെ നാളുകഠം കഴിയുന്നതിനുമുമ്പു് ഒരു കമ്മ്മലിത്താവൈദികൻ അവിടെ ആഗതനായി. അദ്ദേഹത്തിനു് പുതിയ യോഗാത്ഥിനിയെപ്പററി മേല്പറഞ്ഞ അഭിപ്രായം ത ന്നെയാണുണ്ടായതു്. ഇതെല്ലാം പ്രത്യേക ദൈവനി ശ്ചയത്താൽ സംഭവിച്ചതാണെന്നു് അനന്തര സംഭ വങ്ങളിൽനിന്നും തെളിയുന്നതാണു്. ആ വൈദിക ൻ യാഥാത്ഥ്യം മറച്ചുവെച്ചില്ല. വി. ത്രേസ്യായുടെ ആശ്രമം അവഠംക്കു യോജിച്ചതല്ലെന്നു് അദ്ദേഹം തു റന്നു പറയുകതന്നെ ചെയ്തു.

ആ വന്ദ്യവൈദികന്റെ അനുമാനം അസംഗ തമൊ, അനാസ്പദമൊ അല്ലെന്നു് മശ്ലേനായ്ക്കും അ റിയാമായിരുന്നു. അതിനാൽ അല്പം ഇച്ഛാഭംഗത്തോ ടെ അവഠം ആ സഭയോടു എന്നേയ്ക്കുമായി യാത്രപ റഞ്ഞു പിരിഞ്ഞു.

മശ്ലേനായുടെ പ്രത്യാഗമനം വീട്ടുകാക്കു വലി യ സന്തോഷത്തിനിടയാക്കിയെങ്കിലും, നാട്ടുകാരിൽ ചിലർ ഇതെപ്പററി അന്യഥാ വ്യാഖ്യാനിക്കാതിരുന്നി ല്ല. മശ്ലേന ഇതൊന്നും കാര്യമായി ഗണിക്കാതെ എല്ലാം ദൈവചിത്തംപോലെ ഭവിക്കട്ടെ എന്നു സ മാശ്വസിച്ചു.

പരദേശവാസം.

പത്തൊമ്പതാം ശതാബ്ദത്തിന്റെ ആരംഭദശയിലാണ് നാമിപ്പോൾ എത്തിയിരിക്കുന്നതു. ദിഗന്തകീർത്തിമാനും അസാധാരണ പരാക്രമംകൊണ്ട് ലോകത്തെ അത്ഭുതപരതന്ത്രമാക്കി, വിജയശ്രീയുടെ പ്രത്യേക കടാക്ഷത്തിനു് പാത്രീഭൂതനുമായ നെപ്പോളിയൻ ചക്രവർത്തി ഒരു വമ്പിച്ച സേനയോടുകൂടി യൂറോപ്പു മുഴുവൻതന്നെയും കീഴടക്കി കഴിഞ്ഞിരുന്നകാലം. വിജയശ്രീലാളിതനായ ആ പരാക്രമശാലി ആൽപ്സ് (Alps) പർവ്വതപംക്തികളും കടന്നു് വടക്കെ ഇറലിയിൽ പ്രവേശിച്ചു വിജയഭേരി മുഴക്കിത്തുടങ്ങി. അജയ്യനെന്നു തോന്നിയിരുന്ന ഈ മഹാന്റെ മുമ്പിൽ, രാജാക്കന്മാരും നാടുവാഴികളും മുട്ടുമടക്കി. നെപ്പോളിയൻ അഹങ്കാരലഹരിയാൽ മതിമറന്നു. താൻ ഒരസാധാരണ മനുഷ്യനാണെന്നുതന്നെ ഈ വിജയലഹരിക്കിടയിൽ അയാൾ വിചാരിച്ചുപോയി. രാഷ്ട്രപരിധിയുംവിട്ടു് അയാൾ സഭാധികാരത്തിൽപോലും കൈകടത്തുവാൻ ധൈര്യപ്പെട്ടു. അയാൾ ഉൾപ്പെട്ടിരുന്ന ആ കത്തോലിക്കസഭാമാതാവിനെത്തന്നെയും, അവഗണിച്ചു നിന്ദിച്ചുകളഞ്ഞു. പരിശുദ്ധപിതാവിന്റെനേരെ അയാൾ അസിലതയിളക്കി. അദ്ദേഹത്തെ പീഡിപ്പിക്കുവാനും അയാൾ മടിച്ചില്ല. സന്ന്യാസികളേയും സന്ന്യാസിനികളേയും ആശ്രമങ്ങളിൽനിന്നും ബഹിഷ്കരിച്ചു. ആശ്രമസ്വത്തുക്ക

ാം കൊള്ളചെയ്തു. ആശ്രമങ്ങൾക്കു കൊള്ളിവെച്ചു. ഉത്തരഇറ്റലിയിൽ സർവ്വത്ര ആധിയും ഭീതിയും വർദ്ധിച്ചു. ഫ്രാൻസുകാർക്കുണ്ടായ അനുഭവം ഓർത്തപ്പോൾ ഭയചികിതരായിത്തീർന്ന ഇറ്റലിയിലെ പ്രഭൃകുലജാതർ, നാടും വീടും വിട്ട അന്യസ്ഥലങ്ങളിൽ അഭയം തേടി. നമ്മുടെ ചരിത്രത്തിനു വിഷയമായ കനോസാകുടുംബവും ഇതിൽ ഉൾപ്പെട്ടിരുന്നു. വെനീസു പട്ടണത്തിലാണു് അവർ അഭയം കണ്ടെത്തിയതു്. ഇവിടെ വെച്ചു് മഗ്ദലേനായുടെ കർമ്മപദ്ധതി അവർക്കു കാണിച്ചുകൊടുക്കുവാൻ ദൈവം തിരുവുള്ളമായി. ഈ വിദേശവാസത്തിനിടയിൽപോലും, സ്വാർത്ഥം ഉപേക്ഷിച്ചു് സ്വസഹോദരനേയും കുടുംബാംഗങ്ങളേയും സമാശ്വസിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധയായി മഗ്ദലേന കാണപ്പെട്ടു. തൻകായ്മ്പേക്കാൾ കൂടുതലായി പരിചാരകരുടെ കായ്മ്പത്തിനു അവൾ പ്രാമുഖ്യം നൽകി. ഭൌതികസുഖങ്ങൾ അവൾ ഇച്ഛിച്ചതേയില്ല. ദൈവസ്നേഹത്തിൽ അവൾ സകലസുഖവും കണ്ടിരുന്നു. അതുമാത്രം പ്രധാനമായി അവൾ കരുതി. അതിൽ മാത്രം അവൾ ആനന്ദിക്കുകയും ചെയ്തു. ദൈവജനനിയുടെ നേരെയുള്ള അവളുടെ ഭക്തിക്കു് ഈ അവസരത്തിൽ ഒന്നുകൂടി മാറ്റു് വർദ്ധിച്ചു. ജീവിതസ്ഥിതി നിർണ്ണയിക്കുന്നതിൽ തന്നെ സഹായിപ്പാൻ നിരന്തരം പ്രാർത്ഥിച്ചുപോന്നു. ദൈവജനനി തൻറെ പ്രിയപുത്രിയുടെ അർത്ഥനയെ സ്വീകരിക്കയും ചെയ്തു.

ഒരു ദർശനം:

മഗ്ദലേനായ്ക്ക് ഒരു ദർശനം ഉണ്ടായി. തന്റെ വിനയാധിക്യത്താൽ ഇതൊരു സ്വപ്നമാണെന്നവൾ പറഞ്ഞിരുന്നു. പക്ഷെ ആ സ്വപ്നം അക്ഷരാർത്ഥം നിറവേറിയതവൾ സ്മരിക്കുമ്പോൾ, അതു കേവലം സ്വപ്നമായിരുന്നില്ല; പ്രത്യുതാ, ഒരു ദർശനംതന്നെയായിരുന്നു എന്നു കാണാവുന്നതാണ്. ഇതുസംബന്ധിച്ച് മഗ്ദലേനതന്നെ പ്രസ്താവിക്കുന്നതിങ്ങനെയാണ്: "തുറസ്സായതും മനോഹരവുമായ ഒരുസ്ഥലത്തു ഞാൻ നിൽക്കുന്നതായി എനിക്കു തോന്നി. അതിന്റെ മദ്ധ്യസ്ഥാനത്തു് രാജസപ്രാഭവത്തോടുകൂടിയ ഒരു വനിതാരത്നവും നിലകൊണ്ടിരുന്നു. ആറു കന്യകമാർ അവളെ വലയംചെയ്തിരുന്നതായി കാണപ്പെട്ടു. അവർ സദാ ആ സ്ത്രീയെ അനുഗമിച്ച് അകമ്പടി സേവിച്ചിരുന്നു. ഇരുണ്ട കറുത്ത നിറത്തിലുള്ള വസ്ത്രങ്ങളും ഒരു ശിരോലങ്കാരവും അയിരുന്നു അവരുടെ വേഷവിതാനങ്ങൾ. ഇവർ ഓരോരുത്തരും കഴുത്തിൽ വ്യാകുലമാതാവിന്റെ ഓരോ കാഴ്ചരൂപം ധരിച്ചിരുന്നു. ഇവർ ആരാണെന്നറിയുവാനുള്ള അഭിവാഞ്ഛയാലും, ആ മോഹനാംഗികളുടെ അനുയായികളിലൊരുവളായി ആ കന്യകമാരോടൊപ്പം അവരുടെ വാത്സല്യപാത്രമായിത്തീരുവാനുള്ള അഭിലാഷത്താലും പ്രേരിതയായി ഞാനും അവരോടടുത്തു. അപ്പോൾ ആ സൌന്ദര്യധാമം, ആ കന്യകമാരിൽ രണ്ടുപേരെ മതാട്ട

സനം നഠംകുന്നതിനു് ഒരാളെ അക്ഷമതയോടെ പ്രതീക്ഷിച്ചുകൊണ്ടുനിന്നിരുന്ന കുറേ സ്ത്രീകളും ബാലികമാരും കൂടിയിരുന്ന ഒരു ദേവാലയത്തിലേക്കാനയിക്കുന്നതു കണ്ടു.

ദേവാലയത്തിൽ പ്രവേശിച്ച ഉടനെ അവക്കു മതാഭ്യസനം നഠംകുവാൻ ആ മനോഹാരിണി കന്യകമാരോടാവശ്യപ്പെട്ടു. അവർ അദ്ധ്യയനകൃത്യം ആരംഭിക്കുന്നതുവരെ ആ സ്ത്രീ അവിടെനിന്നശേഷം, വളരെ വാത്സല്യത്തോടെ അവരെ അനുഗ്രഹിച്ചുകൊണ്ടവിടംവിട്ടു. പേറെ രണ്ടു കന്യകമാരെ ധാരാളം രോഗികൾ കിടന്നിരുന്ന ഒരാശുപത്രിയിലേക്കാനയിച്ചശേഷം, അവരെ പരിചരിക്കുവാനും കഷ്ടാരിഷ്ടതകൾ ക്ഷമയോടെ സഹിക്കുവാൻ അവരെ പഠിപ്പിക്കുവാനും നിർദ്ദേശിച്ചശേഷം, മുന്നേപ്പോലെ മാതൃസഹജമായ വാത്സല്യത്തോടെ അവരേയും അനുഗ്രഹിച്ചുകൊണ്ടു് അവിടെനിന്നും പോയി.

ശേഷിച്ച രണ്ടു കന്യകമാരെ ഒരു വിശാലമായ ശാലയിലേക്കാണു് ആ മഹതി ആനയിച്ചതു്. ദരിദ്രരും വൃത്തിഹീനരും, കീറത്തുണികൾ ധരിച്ചിരുന്നവരുമായ ഒരു സംഘം കുട്ടികൾ അവിടെ കൂടിയിരുന്നു. "മക്കളെ, കണ്ടാലും. ഇതാണു് ഞാൻ നിങ്ങളെ പ്രത്യേകമായി ഭരമേല്പിക്കുന്ന ജോലി" എന്നവരോടു പറഞ്ഞശേഷം ആ മോഹനാംഗി അപ്രത്യക്ഷയായി.

സമാരംഭം.

മഗ്ദലേനയുടെ കമ്മപരിപാടി അവർക്കു വെളിപ്പെടുത്തപ്പെട്ടു. അവളുടെ നിരന്തരമായ പ്രാർത്ഥന സഫലമായി. എങ്കിലും ആദ്യം അവർക്ക് ഈ ദർശനത്തിൽ വിശ്വാസം ഉണ്ടായിരുന്നില്ല. അവർ വീണ്ടും പ്രാർത്ഥനയെത്തന്നെ അഭയംപ്രാപിച്ചു. അവളുടെ ഹൃദയഭിത്തികളിൽ ഈ ദർശനചിത്രം സുദൃഢം പതിഞ്ഞു. എത്രതന്നെ ശ്രമിച്ചിട്ടും അവർക്കതു മറക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ ഇതു ദൈവചിത്തംതന്നെ എന്നവർ നിശ്ചയിച്ചു. തദനുസരണമായ പ്രവർത്തനങ്ങൾക്കവർ സന്നദ്ധയായി.

തന്റെ പ്രവർത്തനരംഗം വെറോനാ (Verona) തന്നെയാക്കുവാൻ തീർച്ചയാക്കിക്കൊണ്ട് അങ്ങോട്ടു തിരിച്ചു. നവമായ ഒരുത്സാഹം അവളിൽ കാണ്മാറായി. അവിടത്തെ ആശുപത്രികളിൽ മഗ്ദലേന ഒരനുദിന സന്ദർശകയായിത്തീർന്നു. സാധുക്കളും അശരണരും ദുഃഖിതരുമായ ആ ആതുരഗണം, അവളുടെ ആഗമനത്തെ അക്ഷമയോടും അത്യാകാംക്ഷയോടും പ്രതീക്ഷിച്ചുകിടന്നിരുന്നു. ഒരു കാണപ്പെട്ട ദൈവമെന്നായി അവളെ ആ സാധുക്കൾ ആചരിച്ചാദരിച്ചു. പരിചരണത്തോടുകൂടി രോഗികളിൽ മതബോധവും മതനിഷ്ഠയും, പ്രാർത്ഥനയിൽ ആസക്തിയും ഉത്സാഹവും ഉൽഭൂതമാക്കുവാനും മഗ്ദലേന സഫലമായി ശ്രമിച്ചു. രോഗികൾ മഗ്ദലേനായുടെ നിസ്സ്വാർത്ഥ

പരമായ പരിചരണാദി സേവനങ്ങളെ ഹൃദയപൂർവ്വം സ്വീകരിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ.

ആദരണിയവും അനുകരണിയവുമായ ഈ സേവനത്തിൽ മറ്റു പല യുവതികളും ക്രമേണ മഗ്ദലേനയെ അനുകരിക്കുവാൻ തുടങ്ങി. പക്ഷെ സാധുക്കളായ കുട്ടികളുടെ പഠനാവശ്യത്തിലേയ്ക്കു് സൗകര്യമായ ഒരു സ്ഥലവും അതിൽ, തന്നെ സഹായിക്കുന്നതിനു ചില സഹപ്രവർത്തകരും അചിരേണ അപരിത്യാജ്യമായിത്തീർന്നു. ചുരുക്കിപ്പറഞ്ഞാൽ എളിയ നിലയിലെങ്കിലും മതപ്രബോധനപ്രധാനവും, ആതുരശുശ്രൂഷാപരവും ആയ ഒരു സന്ന്യാസസമൂഹംതന്നെ ഏർപ്പെടുത്താതെ ഗത്യന്തരമില്ലെന്നായി. പക്ഷെ അന്നത്തെ പരിതഃസ്ഥിതികൾ അതിനനുവദിക്കുമോ? നെപ്പോളിയൻ സന്ന്യാസസഭകളെ പാടേ ഉന്മൂലനം ചെയ്യുന്നതിനെന്തും പ്രവൃത്തിക്കുവാൻ ഒരുങ്ങിയിരുന്ന ഒരു ദശാസന്ധിയിൽ, റെറോമായിൽ ഉണ്ടായിരുന്ന സന്ന്യാസജീവിതക്കാരെത്തന്നെയും, ബഹിഷ്ക്കരിച്ചു കൃതകൃത്യനായിരിക്കുന്ന ഒരവസരത്തിൽ, ഒരു പുതിയ സന്ന്യാസസഭ ഏർപ്പെടുത്തുകയൊ? പക്ഷെ ഈ സാഹചര്യങ്ങൾ ഒന്നും അവളെ ഭഗ്നാശയാക്കിയില്ല. മിശിഹായിലും പരിശുദ്ധ ജനനിയിലും അവൾ തന്റെ സർവ്വ ശരണവും നിക്ഷേപിച്ചു. അചഞ്ചലമായ വിശ്വാസമാണ് ദൈവപരിപാലനയിൽ അവൾക്കുണ്ടായിരുന്നതു്. റെറോമായിൽ മടങ്ങിഎത്തിയ ഉടനെതന്നെ കൊട്ടാരത്തിന്റെ ഒരു മൂറി ഒരു

കപ്പേളയായി രൂപാന്തരപ്പെടുത്തി. പ്രതിദിനവും ദിവ്യപൂജാപ്പണവും നടത്തിച്ചുകൊണ്ടിരുന്നു. ആ താല്ക്കാലിക കപ്പേളയിൽ സജ്ജമാക്കിയിരുന്ന പീഠത്തിൻമുമ്പിൽ സാഷ്ടാംഗപ്രണാമംചെയ്തുകൊണ്ട് മശ്ലേന തന്നെ മുഴുവനും ദൈവത്തിനു സമർപ്പിച്ചു. എന്തിലും ദൈവചിത്തം നിറവേറുവാനും തീർച്ചയാക്കി. അവളുടെ വിശ്വാസാപ്പണം ഇവിടെയും അസ്ഥാനത്തായില്ല. താമസമെന്യെ പ്രവർത്തനമാർഗ്ഗങ്ങൾ താനേതുറന്നു കാണപ്പെട്ടു.

നെപ്പോളിയൻ കനോസായിൽ.

നെപ്പോളിയന്റെ ആഗമനത്തെപ്പറ്റി മുൻ ഒരദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. വെറോന എന്നല്ല, ഇറ്റലി മുഴുവൻതന്നെയും അദ്ദേഹത്തിന്റെ കീഴിലായിക്കഴിഞ്ഞു. അദ്ദേഹം ഇറ്റലിയുടെ ഭരണാധികാരിയും ചക്രവർത്തിയുമായി വാഴുന്നു. വിശ്വവിശ്രുതമായ കനോസാ കുടുംബത്തെപ്പറ്റി ഇതിനിടനിൽ അദ്ദേഹം കേൾക്കുകയും അവരുടെ കൊട്ടാരം തന്റെ വാസസ്ഥലമായി സ്വീകരിക്കയുംചെയ്തു. ഗൃഹനായിക എന്നനിലയിൽ മശ്ലേന പലപ്പോഴും ചക്രവർത്തിയെ നേരിട്ടു സന്ദർശിക്കുകയും സംഭാഷിക്കുകയും ചെയ്യേണ്ടതു് ആവശ്യമായിതീർന്നു. നെപ്പോളിയന് അവളെ ആദ്യം കണ്ടനാൾമുതൽ

അവളോട് മതിപ്പും ബഹുമാനവും തോന്നിയിരുന്നു. അചിരേണ അതു ചലിച്ചുമാനമായതല്ലാതെ, അതിൽ തെല്ലും ലോപം സംഭവിക്കുവാൻ ഇടയായില്ല. "ഒരു മാലാഖായ്ക്കുതുല്യം നിർമ്മലയാണവൾ; സാക്ഷാൽ ഒരു മാതാവിന്റെ ഹൃദയമാണവളിലുള്ളതു്" എന്നു് മശ്ലേനായെക്കുറിച്ചു് മഹാനായ നെപ്പോളിയൻതന്നെ തന്റെ അനുയായികളോടു് ആശ്ചര്യപൂർവ്വം പറയാറുണ്ടായിരുന്നു. ഒരു ദിവസം നെപ്പോളിയന്റെ ഉദ്യോഗസ്ഥന്മാരിലൊരാൾ അവളോടുള്ള ആദരാധിക്യംഹേതുവാൽ അവൾക്കു് കൈകൊടുത്തു. നെപ്പോളിയൻ അതുകണ്ടഉടനെ ഇങ്ങനെ പറഞ്ഞു: "അവളെ തൊടരുതു്, ഒരു മാലാഖായാണവൾ"

ഒരു ദിവസം മശ്ലേന നെപ്പോളിയനെ രഹസ്യമായി സന്ദർശിക്കുവാൻ അനുമതിയാവശ്യപ്പെട്ടു. അവളുടെ ഉദ്ദേശ്യം എന്തായിരിക്കാം എന്നോർത്തു് നെപ്പോളിയൻ അല്പം ആശ്ചര്യപ്പെടാതിരുന്നില്ല. എങ്കിലും ആവശ്യപ്പെട്ട അനുമതി ഉടനെതന്നെ നൽകി. അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷയായ ഉടനെ ഏതോ ഒരഭ്യർത്ഥനക്കെന്നതുപോലെ അവൾ അദ്ദേഹത്തിന്റെ കാല്മൽ മുട്ടുകുത്തി. "അരുതു്, നീ നിന്റെ സ്വന്തഗൃഹത്തിലാണു്. ഇവിടെവച്ചു് എന്റെമുമ്പിൽ മുട്ടുകുത്തുന്നതു് വിഹിതമല്ല. നിനക്കെന്തുവേണമെങ്കിലും ചോദിച്ചുകൊൾക" എന്നു് നെപ്പോളിയൻ അങ്ങോട്ടു പറഞ്ഞുകഴിഞ്ഞു. കുലീന കുടുംബാംഗമെങ്കിലും, ഒരു ചക്രവർത്തിയുടെ മുമ്പിലാ

ണവൻ നില്ക്കുന്നതു്. അവൻ തെല്ലൊന്നമ്പരന്നു. അല്പം സങ്കോചവും അവളിൽ ഉണ്ടാകാതെയിരുന്നില്ല. എങ്കിലും ധൈര്യം അവലംബിച്ചുകൊണ്ടു് അവൻ തന്റെ ഉദ്ദേശ്യം ചക്രവർത്തിയെ അറിയിച്ചു. അവിടത്തെ അഗതികളുടേയും, അനാഥരും ബന്ധനരഹിതരുമായ കുട്ടികളുടേയും ദയനീയസ്ഥിതി നമ്മുടെ കഥാനായിക പാടവത്തോടെ ചക്രവർത്തിയുടെ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിച്ചു. അവൻക്കൊരു ഭവനം അത്യാവശ്യമാണെന്നു് ചക്രവർത്തിയെ ധരിപ്പിച്ചു. തന്റെ മനോരാജ്യത്തിൽ കുടികൊണ്ടിരുന്ന അനാഥസംരക്ഷണപദ്ധതി അവൻ വെളിപ്പെടുത്തി. ഒന്നും മറക്കാതെ സവ്വതും മഗ്ദലേന അദ്ദേഹത്തെ കേൾപ്പിച്ചു. അദ്ദേഹം നിർദ്ദയം ബഹിഷ്കരിച്ച അഗസ്തീനിയൻ സന്ന്യാസികളുടെ ഭവനമായിരുന്ന വി. യൌസേപ്പിന്റെ ആശ്രമം തനിക്കു വിട്ടുതരണമെന്നു് അഭ്യർത്ഥിക്കുവാൻ പോലും അവൻ ധൈര്യപ്പെട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഒരു യുവതിയായ മഗ്ദലേനായുടെ ധൈര്യവും, സാധുസേവനതല്പരതയും കണ്ടു് കുറെ സമയം ചക്രവർത്തി ആശ്ചര്യപരതന്ത്രനായി നിന്നുപോയി. അടുത്ത നിമിഷത്തിൽതന്നെ അളുടെ അഭ്യർത്ഥന അനുവദിച്ചുകൊടുത്തു.

അങ്ങനെ ഒരു മഹാ കാര്യം അവൻ സാധിച്ചതോടെ ഒരു വലിയ ഭാരം എല്ലുപ്പത്തിൽ അവൻക്കു നീങ്ങിക്കിട്ടി. സൗകര്യപ്രദമായ ഒരാസ്ഥാനം എവി

ടെ എങ്ങനെ ഉണ്ടാക്കേണ്ടു എന്നാലോചിച്ചിരിക്കു മ്പോളാണു് ചക്രവത്തിയുടെ ആഗമനം ഉണ്ടായതു്. ഭവനം സ്വാധീനത്തിലായതോടുകൂടി തന്റെ സമയം മുഴുവനും അവിടെത്തന്നെ ചിലവാക്കേണ്ടതിനു വേണ്ടി താമസം അങ്ങോട്ടു മാറുവാനുള്ള ആലോചനയായി. പക്ഷെ പലേ പ്രതിബന്ധങ്ങളും അവൾ അഭിമുഖീകരിക്കേണ്ടിയിരുന്നു. വീടും വീട്ടുകാരേയും ഉപേക്ഷിക്കണം. തന്റെ വാത്സല്യ സഹോദരനേയും, സഹോദരിമാരേയും വിട്ടുപിരിയണം. ആ ത്യാഗം സഹിക്കുവാൻ അവൾ ഒരുക്കമായിരുന്നു. കനോസാകുടുംബത്തിന്റെ ഏകാവലംബം മഗ്ദലേന ആയിരുന്നു എന്നു പറയാം. സഹോദരികൾ മൂന്നു പേരും വിവാഹംചെയ്തുപോയതിനാൽ, മഗ്ദലേനായും കൊച്ചുസഹോദരനും മാത്രമേ അവിടെ ശേഷിച്ചിരുന്നുള്ളൂ. പോരെങ്കിൽ മഗ്ദലേനായുടെ പിതൃസഹോദരപത്നിയായ ബറിപ്രഭ്വി (Countess Bury) മരിക്കുമ്പോൾ പ്രഭ്വിയുടെ ഏകസന്താനത്തെ ഏല്പിച്ചിരുന്നതു മഗ്ദലേനായെ ആയിരുന്നു. പ്രഭ്വിയുടെ അന്ത്യാഭിലാഷത്തെ അവഗണിക്കാതെ, അവൾക്കു പുതിയ ഭവനത്തിലേക്കു മാറുവാൻ തരമില്ലാതെ വന്നു. അവളുടെ സഹോദരനും ബന്ധുമിത്രങ്ങളും എന്നുവേണ്ട, അവളെ പരിചയമുണ്ടായിരുന്ന സകലരും അവളോടുള്ള വാത്സല്യാധിക്യം നിമിത്തവും, കുടുംബത്തിൽ അവളുടെ സാന്നിദ്ധ്യത്തിന്റെ അപരിത്യാജ്യതകൊണ്ടും, പുതിയസംരംഭത്തിൽനിന്നും അവളെ വ്യ

തിചലിപ്പിക്കുവാൻ ഉത്സാഹിക്കുകയും ഉപദേശിക്കുക യുംചെയ്യാതിരുന്നില്ല. കനോസാകുടുംബക്കാരുടെ അ ഗതിസംരക്ഷണവും ദീനദയാലുത്വവും സുപ്രസിദ്ധ മായിരുന്നു. അതിൽ കവിഞ്ഞ ഒരു ത്യാഗത്തിന്റെ ആവശ്യം കാണുന്നില്ലെന്നു് അവർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. എങ്കിലും ഇതൊന്നുകൊണ്ടും മഗ്ദ ലേന അവളുടെ നിശ്ചയത്തിൽനിന്നും വ്യതിചലിച്ചി ല്ല. ഒരു ദിവസം മഗ്ദലേന അവളുടെ മുറിയിൽനിന്നും ഇറങ്ങിവരുമ്പോൾ സഹസഹോദരനായ ബോനിഫ സിനെ ഏകാകിയായി കണ്ടുമുട്ടി. സഹോദരിയുടെ നി ശ്ചയത്തെപ്പറ്റി ബോനിഫസും അറിഞ്ഞിരുന്നു. മഗ്ദ ലേനായുടെ വേർപാടു് അവനു് അസഹ്യമായി തോ ന്നി. മഗ്ദലേനായെ ദർശിച്ച മാത്രയിൽ അവൻ കടന ഭാരത്താൽ തരളിതചിത്തനായി, "മഗ്ദലേന, നീ ഞ ങ്ങളെ വിട്ടുപിരിഞ്ഞുപോകുമോ?" എന്നു് ആ ബാല ൻ വികാരഭരിതനായി ചോദിച്ചു. 'ഞാൻ പിരിയുകത ന്നെ വേണം. ദൈവചിത്തം അതാണു' എന്നായി രുന്നു മറുപടി. "അപ്പോൾ ഞങ്ങളോടുകൂടിയുള്ള വാ സം നിനക്കു അരോചകമാണു്. അല്ലേ?" എന്നു് ആ ബാലൻ വീണ്ടും ചോദിച്ചു. "അല്ലല്ല; ഇവിടത്തെ വാസം എനിക്കു വളരെ സന്തോഷപ്രദമാണു്. പ ക്ഷെ "എന്നെക്കാൾ പിതാവിനെയോ മാതാവിനെ യോ സ്നേഹിക്കുന്നവർ എനിക്കനുയോജ്യനല്ല" എന്നു് നമ്മുടെ കർത്താവു അരുൾചെയ്യുന്നു എന്നു് അവൾ തന്റെ വാത്സല്യ സോദരനെ സൂക്ഷിച്ചു വീക്ഷിച്ചു

കൊണ്ട് പ്രതിവചിച്ചു. "നീ കർത്താവിനെയോജ്യ
യാണ്! സഹോദരീ, ഇവിടെത്തന്നെ ഞങ്ങളോടാ
രുമിച്ചു താമസിക്കുക. ഇവിടെ ജീവിച്ചുകൊണ്ട് നിന
ക്കൊരു പുണ്യവതിയാകുവാൻ സാധിക്കും" എന്നു അ
വൻ ഒരു സഹോദരനുടെത്ത ആത്മാർത്ഥതയോടുകൂടി
അഭ്യർത്ഥിച്ചു. പക്ഷെ എന്തുഫലം? "ദൈവം എ
ന്നെ വിളിക്കുന്നു; ഇനി താമസിക്കാൻ പാടില്ല" എ
ന്നു സഹജമായ പ്രശാന്തതയോടെ ദൃഢവ്രതയായ മ
ദലേന തന്റെ വാത്സല്യ സഹോദരന്റെ അഭ്യർത്ഥ
നയ്ക്ക് മറുപടി നല്കി. പിന്നീട് ബോനിഫസ് അ
വിടെ നിന്നില്ല. അവൾ നേരിടേണ്ടിയിരുന്ന പ്രതി
ബന്ധങ്ങളെ സൂചിപ്പിച്ചിരുന്ന ഒരംശം മാത്ര
മാണ് നാം മുകളിൽ കണ്ടതു്. കുടുംബാംഗങ്ങളിൽ
ഓരോരുത്തരോടും അയൽവാസികളോടും ലോക
ത്തോടും അവൾ ഇതുപോലെയുള്ള പോരാട്ടങ്ങൾ ന
ടത്തേണ്ടിയിരുന്നു. ചിലർ അവളോടഭ്യർത്ഥിച്ചു. മറ്റു
ചിലർ അശ്രുധാരയോടെ അവളെ സമീപിച്ചു. എ
ല്ലാം നിഷ്ഫലമായി. അവൾ അണുപോലും വ്യതിച
ലിക്കാതെ, സ്ഥിരമായി നിലനില്ക്കുകതന്നെ ചെയ്തു.
യാത്രക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി. ആയി
രത്തി എണ്ണൂറിഎട്ട് മേയ് മാസം എട്ടാം തീയതി,
അവൾ സ്വഭവനത്തോടു് എന്നേയ്ക്കുമായി യാത്ര പ
റഞ്ഞു.

മൂന്നാം ഭാഗം.

വി. യൌസേപ്പിന്റെ ആശ്രമം.

ആഭാടങ്ങളൊ ആഡംബരങ്ങളൊ ഒന്നുംകൂടാതെ, പിറ്റെദിവസം മശലേന ചുരുക്കം ചില സഹപ്രവത്തകരുമായി, ചക്രവത്തിയിൽനിന്നും ലഭിച്ച ആശ്രമവളപ്പിനുള്ളിൽ കടന്നു. അവരുടെ സംരക്ഷണയിൽ ഇരുന്നിരുന്ന സാൻസെനൊ (SanZeno) യിലെ അനാഥരും അഗതികളുമായ ബാലികമാരെ ആശ്രമത്തിൽ സ്വീകരിച്ചു. കുട്ടികളും ആശ്രമത്തിനുള്ളിൽ ഇരിക്കുകയും, ആ രംഗം മശലേനായുടെ ദൃഷ്ടിക്ക വിഷയീഭവിക്കുകയും ചെയ്തപ്പോൾ "കത്താവെ! ഒടുവിൽ ഇതാ എന്റെ ദർശനം സാർത്ഥകമായിരിക്കുന്നു" എന്നു് തീച്ചയായും അവൾ അറിയാതെതന്നെ പറഞ്ഞുപോയിരിക്കണം.

ആശ്രമത്തിലെ ശിക്ഷണം യഥാവിധി നടന്നു. മതാഭ്യസനത്തോടൊപ്പം തയ്യൽതുടങ്ങിയ കൈവേലകളിലും മശലേനായും സഹപ്രവത്തകരുംകൂടി അവരുടെ അദ്ധ്യേതാക്കൾക്കു് പരിശീലനം നല്കിപോന്നു. സാമം, ദാനംതുടങ്ങിയ ഉപായങ്ങളും ഉപയോഗിച്ചു് അവൾ ദരിദ്രബാലികമാരെ അങ്ങോട്ടാകർഷിച്ചു. പുതിയസ്കൂളിനെപ്പറ്റി കുട്ടികൾക്കുമാത്രമല്ല നാട്ടുകാക്കുപോലും ബഹുമാനം വർദ്ധിക്കുവാൻ ദിവസങ്ങളും അധികം വേണ്ടിവന്നില്ല. മശലേനായുടെയും സ

ഫ്രവർത്തകരുടെയും അന്യാദൃശമായ സേവനത്തെപ്പറ്റി നാട്ടുകാർ പ്രശംസിക്കുവാൻ തുടങ്ങി. എന്നാൽ ഇതിൽനിന്നും വല്ല പ്രതിഫലവും മദ്രലേന ആശിച്ചിരുന്നുവോ? ഒരിക്കലുംഇല്ല. ഭ്രാതൃത, ദീനാനുകമ്പ, സർവ്വോപരി ആത്മാക്കളുടെ രക്ഷയിലുള്ള തീഷ്ണത, ഇവമാത്രമായിരുന്നു ഈ നിസ്സ്വാർത്ഥസേവനത്തിനു അവളെ പ്രേരിപ്പിച്ചതു്. ദൈവസ്തുതിയും ആത്മാക്കളുടെ രക്ഷയും മാത്രമായിരുന്നു അവളുടെ പരമമായ ലക്ഷ്യം.

മറ്റു സ്ഥാപനങ്ങൾ:

വെറോനായിലെ അനാഥമന്ദിരത്തിന്റെ കീർത്തി നാടെങ്ങും പ്രചരിച്ചു. താദൃശസ്ഥാപനങ്ങൾ പലയിടത്തും ആവിർഭവിച്ചു കാണുവാൻ ജനങ്ങൾ അഭിലഷിച്ചുതുടങ്ങി. നാനാഭാഗങ്ങളിൽനിന്നും മദ്രലേനായ്ക്കു അഭ്യർത്ഥനാസന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. ഒടുവിൽ വെനീസിനാണു്, അവളുടെ അനാഥമന്ദിരത്തിന്റെ സേവനസുഖം അനുഭവിക്കുവാനുള്ള ഭാഗധേയം ആദ്യമായി സിദ്ധിച്ചതു്. അഡ്രിയാറ്റിക്കിലെ രാജ്ഞി (The Queen of the Adriatic) എന്ന അഭിധാനം അർഹിക്കുമാറു് അത്ര പ്രാമാണ്യവും പ്രസിദ്ധിയും അന്നു ആ പട്ടണത്തിനുണ്ടായിരുന്നു. അജ്ഞാതയായി, അപ്രസിദ്ധയായി, കഴിച്ചുകൂട്ടുന്നതിനുള്ള അഭിലാഷവും, സഹജമായ എളിമയുടെ ആ

ധിക്യവും, ആഡംബരങ്ങളോടും ലൌകികമായ കോലാഹലങ്ങളോടും ഉണ്ടായിരുന്ന വിരക്തിയുംനിമിത്തം വെനീസിലേയ്ക്കു പോകുവാൻ ആദ്യം മഗ്ദലേന മടിച്ചു. എങ്കിലും അവിടെ ആത്മാക്കളെ നേടുന്നതിനു ഒരു നല്ലവയൽ ഉണ്ടെന്നു് ബോദ്ധ്യമായപ്പോൾ അങ്ങോട്ടു പോകുവാൻതന്നെ തീച്ചയാക്കി. ഇതിനിടക്കു് യുവതികളായ മറ്റുപലരും മഗ്ദലേനായുടെ സ്ഥാപനത്തിൽ ചേർന്നുകഴിഞ്ഞിരുന്നു. അവരിൽ ഏതാനും പേരും ഒരുമിച്ചു് മഗ്ദലേന വെനീസിലേയ്ക്കു് യാത്രയായി. അവിടെ അവർ ആരംഭിച്ച സ്ഥാപനത്തിൽ അനാഥരായ ബാലികമാർ തിക്കിക്കൂടി. ഈ സഹോദരികളുടെ ആഗമനവിവരം ഗ്രഹിച്ചപ്പോൾ, ആശുപത്രികളിലും മറ്റുംകിടന്നിരുന്ന രോഗാതുരരുടെ ആഹ്ലാദം അവർണ്ണനീയംതന്നെയായിരുന്നു. തദനന്തരം വെനീസ് ഇടവകയിലെ വേദാദ്ധ്യയനക്കളരിയിൽ നവമായ ഒരുന്മേഷം താനേ ഉണ്ടായി.

എന്നാൽ സുഖദുഃഖ സമ്മിശ്രമായ ലോകത്തിൽ എല്ലാം സന്തോഷം മാത്രമായിരിക്കുമെന്നു് പ്രതീക്ഷിക്കാവതല്ലല്ലൊ. മഗ്ദലേനായുടെ സേവനം അടിക്കടി സഫലമായിത്തീർന്നതിൽ അവർ കൃതാർത്ഥയായി. പക്ഷെ ഇതോടൊപ്പം കഷ്ടതകളും പരീക്ഷകളും ധാരാളമായി അവർക്കഭിമുഖീകരിക്കേണ്ടിയിരുന്നു. വിപ്ലവങ്ങളുടെയും സമരങ്ങളുടെയും ഒരു കാലമായിരുന്നു അതു്. വെനീസിലെ ശാഖാസ്ഥാപനം ആരംഭിച്ചു് അധികനാൾ കഴിയുന്നതിനു മുമ്പാ

യി ആ പട്ടണത്തെ ഫ്രഞ്ചുകാർ വളഞ്ഞു. മഗ്ദലേനാ യും സഹപ്രവർത്തകരും, ഈ സമരകോലാഹലങ്ങ ൾക്കിടയിൽ, ദാരിദ്ര്യദുഃഖംപോലും അനുഭവിക്കേണ്ട തായി വന്നിട്ടുണ്ട്. ആശ്രമത്തിലെ തുച്ഛജോലിയുംകൂ ടി മഗ്ദലേന നിർവ്വഹിക്കേണ്ട ദിവസങ്ങൾ ഉണ്ടായി രുന്നു. ആശ്രമസ്ഥാപകയായിരുന്നുവെങ്കിലും, എവി ടെയും ആക്കും ദാസ്യവൃത്തി ചെയ്യാൻ അവൾക്ക് ഒരു ക്കമായിരുന്നു.

ഒരു ദിവസം ആശ്രമത്തിൽ പാചകജോലിക്ക് ആരും ഇല്ലാതെ വന്നു. ആരെ അതിലേക്കു നിയോ ഗിക്കണം എന്നു് അവിടത്തെ ശ്രേഷ്ഠത്തി ആലോചി ച്ചിരിക്കവെ, ആ ഭാരം ഏൽക്കുന്നതിനു മഗ്ദലേന ത യ്യാറായി. മദ്ധ്യാഹ്നമായപ്പോൾ പതിവുപോലെ എ ല്ലാം ശരിപ്പെടുത്തികഴിഞ്ഞു. ആരായിരിക്കാം ഇതിൽ മഗ്ദലേനായെ സഹായിച്ചതെന്നോർത്ത് ആശ്രമവാ സികൾ അത്ഭുതപ്പെട്ടു. എന്റെ രണ്ടു ദാസിമാർ സാ ഹായ്യത്തിനുണ്ടായിരുന്നു എന്നു് മഗ്ദലേന പറഞ്ഞു. ദാസികൾ അവളുടെ കൈകളല്ലാതെ മറ്റാരുമല്ലായി രുന്നു എന്നറിഞ്ഞപ്പോൾ, അവർക്കുണ്ടായ ആശ്ചര്യം വർണ്ണിക്കുക സാദ്ധ്യമല്ല.

കാലാന്തരത്തിൽ മറ്റു പല സ്ഥലങ്ങളിലേക്കും മഗ്ദലേനായുടെ സാന്നിദ്ധ്യത്തെ ക്ഷണിക്കുവാൻ തുട ങ്ങി. നിരന്തരമായി ലഭിച്ചുകൊണ്ടിരുന്ന അഭ്യർത്ഥന കളെ അവഗണിക്കുവാൻ അവൾക്കു നിവൃത്തിയില്ലാ തെവന്നു. അവളുടെ ശ്രമം അടിക്കടി ഫലവത്തായ

തല്ലാതെ ഒരിടത്തും വിഫലമായതുമില്ല. വെറോനായിലെ സ്ഥാപനം ആരംഭിച്ചു മൂന്നുദശവത്സരക്കാലം കഴിഞ്ഞപ്പോൾ ഉത്തരഇറലിയിൽ എല്ലായിടത്തും തന്നെ ശാഖാഭവനങ്ങൾ സ്ഥാപിതങ്ങളായി എന്നു പറയുമ്പോൾ അവളുടെ സംരംഭം എത്രകണ്ടു് ആദരിക്കപ്പെട്ടിരുന്നു എന്നു് ഊഹിക്കാവുന്നതാണല്ലൊ.

വെറോനായിലെ ആശ്രമസ്ഥാപനംമുതൽ ആജീവനാന്തം മഗ്ദലേന ഘോരമായ ഒരു ജീവിതസമരത്തിലാണു് ഏർപ്പെട്ടിരുന്നതെന്നു് അതിശയോക്തികലേശമെന്യെ പറയാം. യുദ്ധംചെയ്യുന്നവർക്കേ വിജയം ഉണ്ടാകയുള്ളൂ എന്നതു് പുതിയപാഠമൊന്നുമല്ല. മഗ്ദലേനായുടെ കായ്ത്തിലും ഇതു് അനുഭവപ്പെടമായിരുന്നു. പുതിയ പുതിയ ആശ്രമസ്ഥാപനങ്ങൾക്കായി ജനങ്ങൾ അനുസ്യൂതം അവളെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഓരോ സ്ഥാപനത്തിലും അവളുടെ സാന്നിദ്ധ്യവും നിർദ്ദേശങ്ങളും അപരിത്യാജ്യമായിരുന്നതിനാൽ, കഷ്ടപ്പെട്ട പലയാത്രകളിലും വിശ്രമലേശമെന്യെ, തുടരെത്തുടരെ ഏർപ്പെടുവാൻ അവൾ നിർബന്ധയായി. പുതിയ സഭയുടെ നിയമസംഹിതയ്ക്കു് പരിശുദ്ധ സിംഹാസനത്തിന്റെ അനുമതി ലഭിക്കുന്നതിലേക്കായിത്തന്നെ ഒന്നിലധികം പ്രാവശ്യം അവൾ റോമ്മായാത്രയും നടത്തേണ്ടിവന്നു. ഗതാഗതസൌകര്യങ്ങളും മറ്റും വിരളമായിരുന്ന അക്കാലത്തു് ഒരു ദീർഘയാത്രക്കുള്ള ക്ലേശങ്ങൾ

എത്രമാത്രമെന്നു് ആധുനികരായ നമുക്കു് ഊഹിക്കുവാൻപോലും സാദ്ധ്യമല്ല. അടിയന്തിരക്കായ്മ പ്രമാണിച്ചു് ഒരുസ്ഥലത്തെത്തിക്കഴിയുന്ന ക്ഷണത്തിൽ മറെറാരിടത്തു അവളുടെ സാന്നിദ്ധ്യം ആവശ്യമായിക്കഴിയും. ഉടനെ അങ്ങോട്ടതിരിക്കുകയായി. എല്ലായിടത്തും എല്ലാവരുടെയും ദാസിയായിരിക്കും മഗ്ദലേന. ഇങ്ങനെ ദുർവഹവും, ക്ലേശഭൂയിഷ്ഠവുമായ ഒരു ജീവിതമാണു് വെറോന ആശ്രമത്തിലേയ്ക്കു് കാലൂന്നിയ നാൾമുതൽ അവൾ നയിച്ചിരുന്നതു്. അവളുടെ ആരോഗ്യം, വിശ്രമരാഹിത്യഫലമായി അടിക്കടി ക്ഷയിച്ചുകൊണ്ടിരുന്നു. കുറച്ചുദിവസത്തേക്കെങ്കിലും ഒന്നു വിശ്രമിക്കേണ്ടതു് ആവശ്യമാണെന്നു് അവളുടെ സഹപ്രവർത്തകന്മാർ ചിലപ്പോൾ അവളെ ഉപദേശിച്ചുനോക്കിയിട്ടുണ്ടു്. "അതിനു് ഞാൻ സമയംകാണുന്നില്ല" എന്നായിരുന്നു നിസ്സങ്കോചം അവൾ മറുപടികൊടുത്തിരുന്നതു. ശാരീരികമായി അവൾ അധഃപതിച്ചുഎങ്കിലും, ആദ്ധ്യാത്മികമായ ഏതോ ഒരുശക്തി അവൾക്കു് അനുദിനം നവമായ ഒരു ചൈതന്യത്തെ പ്രദാനംചെയ്തിരുന്നു.

ദൈവസ്നേഹം.

അസഹനീയമായ ക്ലേശങ്ങൾക്കിടയിലും, നിരന്തരമായ കർത്തവ്യനിർവ്വഹണത്തിലും എന്നുവേണ്ടാ, ഊണിലും ഉറക്കത്തിലും സ്രഷ്ടാവിനെപ്പറ്റിയുള്ള

സാദരസ്മരണ, ഈ സാദ്ധ്വിയിൽ അന്യൂനമായി സ്ഥിതിചെയ്തിരുന്നു. എവിടെയായിരുന്നാലും "ഞാൻ എന്റെ സ്രഷ്ടാവിന്റെ സാന്നിദ്ധ്യത്തിൽ നില്ക്കുന്നു" എന്നുള്ള വിചാരമാണ് സദാ അവളിൽ ഉണ്ടായിരുന്നതു. ഈശ്വരൻ ദൈവസാന്നിദ്ധ്യത്തെ സ്മരിക്കയും, താൻ ദൈവസന്നിധിയിൽ ആണ് എന്നുള്ള ദൃഢവിശ്വാസത്തോടെ വ്യാപരിക്കയും ചെയ്യുന്നവരുണ്ടോ, ദുരാശകളാൽ ഖണ്ഡിതരാവുകയൊ, അവയുടെ വഴിപിഴച്ച പ്രേരണകൾക്ക് വശംവദരാവുകയോ, നേർവഴിയിൽ നിന്ന് അല്പമെങ്കിലും വ്യതിചലിക്കുകയോ ചെയ്യുന്നു. എന്നാൽ അനുകരണീയമായ ഈ സ്വഭാവം നൈസർഗ്ഗികമായിതന്നെ അവളിൽ അങ്കുരിച്ചു വളർന്നിട്ടുള്ളതാണെന്ന് വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഈ സ്മരണ സദാ പുലർത്തുന്നതിനവൾ അഹോരാത്രം അശ്രാന്തപരിശ്രമം നടത്തിയിരുന്നു. അതിൽ അവൾ പൂർണ്ണവിജയം പ്രാപിക്കയുംചെയ്തു. മാത്രമല്ല, ഈ ആദ്ധ്യാത്മികാഭിവൃദ്ധിക്ക് അനുരൂപമായ പ്രതിസമ്മാനവും ദൈവം തന്റെ വാത്സല്യമണവാട്ടിക്കു സംഭാവന ചെയ്യാതിരുന്നില്ല. അവാച്യമായ ആദ്ധ്യാത്മികാനന്ദാനുഭൂതി പലപ്പോഴും അവിടുന്ന് തന്റെ മണവാട്ടിക്ക് പ്രദാനംചെയ്തു. അനന്തമായ ഒരു നിർവൃതിയും സംതൃപ്തിയും ക്ലേശഭൂയിഷ്ഠമായ ജീവിതത്തിനിടയിലും അവളറിയാതെതന്നെ അനുഭവിച്ചു. കായക്ലേശത്തെ അവഗണിച്ചും, ജോലി തുടരുവാൻ അവൾക്കു സന്തോഷവും പ്രാപ്തിയും നൽകിയ ആ അദൃശ്യ

ശക്തി ഇതല്ലാതെ മറെറാന്നുമായിരുന്നില്ല. ദിവ്യകാരുണ്യസന്നിധിയിൽ പ്രാത്ഥനാനിരതയായി നിലകൊള്ളുമ്പോഠം പലപ്പോഴും മശലേന സ്വർഗ്ഗീയാനന്ദലഹരിയിൽ മതിമറന്നുപോവുക പതിവായിരുന്നു.

ഒരു ദിവസം അവഠം വെനീസിലെ ഒരു ദേവാലയത്തിൻസക്രാരിസവിധത്തിൽ ധ്യാനനിഷ്ഠയോടെ മുട്ടിന്മേൽ നില്ക്കുകയായിരുന്നു. ദൈവസ്നേഹാഗ്നി അവളിൽ കത്തിക്കാളി, അവളുടെ പ്രജ്ഞ നശിച്ചു. പെട്ടെന്നു് അവളുടെ മുഖഭാവം മാറി, സ്വർഗ്ഗീയമായ ഒരു പ്രഭാപൂരം ആ മുഖത്തു് പ്രത്യക്ഷപ്പെട്ടു. കുറെസമയം ഈ നിലയിൽതന്നെ അവഠം സ്ഥിതിചെയ്തു. പേരൊരവസരത്തിൽ അവഠം ഇങ്ങനെ പ്രാത്ഥനയിൽ ലയിച്ചിരിക്കുമ്പോഠം പെട്ടെന്നു നിശ്ചലയായി കാണപ്പെട്ടു. കൺമിഴികഠം ചൈതന്യരഹിതമായിത്തീന്നു. പ്രപഞ്ചം അവളുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞു. അവഠം അവളെത്തന്നെ മറന്നുപോയി. പിന്നീടാരോ തട്ടിവിളിച്ചപ്പോഠം മാത്രമാണു് അവഠംക്കു് പ്രജ്ഞയുണ്ടായതു്. അതുവരെ എവിടെയായിരുന്നെന്നുപോലും അവഠംക്കു നിശ്ചയമില്ലായിരുന്നു.

ദിവ്യകാരുണ്യമായിരുന്നു അവളുടെ സാക്ഷാൽ ഭക്ഷണം. ആ സ്നേഹനാഥന്റെ സ്മരണമാത്രയിൽ പുളകിതഗാത്രരായിത്തീരുന്നവരുണ്ടോ ആ നാഥന്റെ സമാശ്ലേഷത്തിൽ മതിമറക്കാതിരിക്കുന്നു. ഏതെങ്കിലും കായ്മത്തിൽ അവഠംക്കു തൃപ്തിവരാതെ ഉണ്ടായിരുന്നു എങ്കിൽ അതു് ദിവ്യകാരുണ്യസന്നിധി

യിൽ പ്രാർത്ഥിക്കുന്നതിൽ മാത്രമായിരുന്നു. അവളുടെ ദൈവസ്നേഹാധിക്യം മറ്റുള്ളവരോടു സംസാരിക്കുമ്പോഴും എഴുത്തുകാം എഴുതുമ്പോഴും അവളറിയാതെതന്നെ പ്രത്യക്ഷപ്പെട്ടുപോവുക പതിവായിരുന്നു. "ദൈവസ്മരണയിൽ എന്റെ ആത്മാവു സമാധാനം കണ്ടെത്തുന്നു; അപ്പോൾ എന്റെ ഹൃദയം പ്രശാന്തതയിൽ ലയിക്കുന്നു." "ദൈവത്തിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. എല്ലാം നഷ്ടപ്പെട്ടാലും അവിടുത്തെ എനിക്കു ലഭ്യമാകുമ്പോൾ എല്ലാം ലഭിക്കുന്നു." എന്നിങ്ങനെ സ്നേഹോജ്വലമായ പല വാചകങ്ങളും ഇടക്കിടെ അവളുടെ തൂലികയിൽനിന്നും അവളറിയാതെ നിർഗ്ഗമിച്ചിട്ടുണ്ട്. "എനിക്ക് ഒരു ആയിരം ഹൃദയങ്ങൾ ഉണ്ടായിരുന്നെങ്കിൽ അവ ഓരോന്നും കർത്താവേ, അങ്ങേക്കു ഞാൻ സമർപ്പിക്കുമായിരുന്നു". ഇപ്രകാരമായിരുന്നു അവളുടെ സാധാരണ പ്രാർത്ഥന. അവൾ ആശ്രമത്തിലെ അംഗങ്ങൾക്കു നൽകിയിരുന്ന ഒരു ദിവ്യോപദേശം ഇതാണ്: "എല്ലാവരും തന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്യാത്തതിനാൽ നമ്മുടെ കർത്താവു ഖേദിക്കുന്നു. വാത്സല്യമക്കളെ, കർത്താവിനെപ്പറ്റി കൊച്ചുകുട്ടികളെ നിങ്ങളറിയിപ്പിൻ. അതായിരിക്കട്ടെ നിങ്ങളുടെ ഉദ്യോഗം. അപ്പോൾ അവിടുത്തെ സങ്കടം ശമിക്കും. അവിടുന്ന് സ്നേഹവിഷയമാവുകയും ചെയ്യും."

പരസ്നേഹം.

ഒരു ഭക്തനായ സന്ന്യാസി ഇങ്ങനെ എഴുതിയിരിക്കുന്നു: "രണ്ടുതരം സ്നേഹങ്ങൾക്കേ നമ്മുടെ ആത്മാവിൽ സ്ഥാനമുള്ളൂ. ദൈവസ്നേഹവും സ്വസ്നേഹവും. ഇതിൽ സ്വസ്നേഹം കടന്നുകൂടിയാൽ പിന്നെ മറ്റൊന്നിനും അവിടെ സ്ഥാനമില്ല. ദൈവമാണ് അവിടെ സ്നേഹിക്കപ്പെടുന്നതെങ്കിൽ, തന്നോടൊന്നിച്ച് ലോകം മുഴുവനും – അതെ, ശത്രുക്കളും സ്നേഹിതർ, ദുഃഖിതർ, രോഗികൾ, സാധുക്കൾ, കുഞ്ഞുങ്ങൾ എന്നിവക്കെല്ലാം അവിടെ സ്ഥാനമുണ്ട്." മഗ്ദലേനയുടെ പരസ്നേഹത്തിന്റെ നിദാനം ഇതുതന്നെ ആയിരുന്നു എന്ന് സംക്ഷേപിച്ചു പറയാം. ദൈവസ്നേഹമാണ് അവളിൽ സ്ഥിതിചെയ്തിരുന്നതു്. അതോടെ സകലസൃഷ്ടവസ്തുക്കളും അവളുടെ സ്നേഹത്തിനു പാത്രീഭൂതമായി. സാധുക്കളും, ദുഃഖിതരും, രോഗികളും അവളുടെ പ്രത്യേകസ്നേഹത്തിനു വിഷയീഭവിച്ചു.

രോഗികളായ സഹോദരികളെ യഥാവിധി ചികിത്സിക്കുന്നതിനും പരിചരിക്കുന്നതിനുമായി ആവശ്യപ്പെട്ടാൽ ദേവാലയത്തിലെ തിരുപാത്രങ്ങൾപോലും വിൽക്കണമെന്ന് അവൾ തന്റെ സഭയുടെ നിയമസംഹിതയിൽ നിഷ്കൃഷ്ടിച്ചിരിക്കുന്നതിൽനിന്നും, ആതുരജനങ്ങളോടു് അവൾക്കുണ്ടായിരുന്ന ദീനാനുകമ്പ എത്രമാത്രമെന്നു ഏറെക്കുറെ അനുമിക്കാം. "നി

ങ്ങളിൽ ഉപവിയുടെ അഭാവം കാണുന്നെങ്കിൽ ദുഃഖാധിക്യത്താൽ ഞാൻ മരിക്കും". എന്നതെ അവർ ആശ്രമവാസികളോട് പറഞ്ഞിട്ടുള്ളതു്. ഇവിടെയാണു് പരസ്നേഹത്തിന്റെ പാരമ്യം – ഉപവിയുടെ ഉഗ്രതനാം കാണുന്നതു്.

കുഞ്ഞുകുട്ടികൾക്കു് മദ്ദലേന കനിവുള്ള ഒരു മാതാവുതന്നെയായിരുന്നു. മാതൃനിർവ്വിശേഷമായ സ്നേഹം അവളിൽ വഴിഞ്ഞൊഴുകിയിരുന്നു. കുട്ടികളെ സ്നേഹിക്കുന്നതും അവരെ പഠിപ്പിക്കുന്നതും എല്ലാം ഒരു ബഹുമതിയായിട്ടാണു് അവർ കരുതിയിരുന്നതു്. അവരുടെ ദുഃഖത്തിലും സന്തോഷത്തിലും ഒരുപോലെ അവർ പങ്കുകൊണ്ടു. അവരുടെ ആവലാതികൾ ഹൃദയപൂർവ്വം ശ്രദ്ധിച്ചുപോന്നു. കുട്ടികളുടെ കൂട്ടത്തിലായിരുന്നപ്പോൾ അവളും ഒരു കുട്ടിയായി ചമഞ്ഞിരുന്നു. മദ്ദലേനായുടെ സാമീപ്യവും സാന്നിദ്ധ്യവും കുട്ടികൾ എല്ലാവരും അഭിലഷിച്ചു. അവർ അവരൊന്നിച്ചു് ലീലാവിനോദങ്ങളിൽ ഏർപ്പെട്ടും. മറ്റു കന്യാസ്ത്രീകൾ കുട്ടികളെ പറഞ്ഞു വിടുവാൻ തുടങ്ങിയാലും മദ്ദലേന അതനുവദിക്കയില്ല. "അവരെ വിട്ടേയ്ക്കുക, അവർക്കായിട്ടാണു് ഞാൻ ഇവിടെ വന്നിരിക്കുന്നതു്" എന്നു് മദ്ദലേന അവരോടു പറയും.

വികൃതികളും കുസൃതികളുമായിരുന്ന കുട്ടികളോടായിരുന്നു മദ്ദലേനായ്ക്കു കൂടുതൽ സ്നേഹം. സ്വന്തമാതാക്കൾപോലും വിഷമിച്ചുപേക്ഷിക്കുന്ന ശുണ്ഠികളായ കുട്ടികളെയും മദ്ദലേന കാരുണ്യത്തോടെ സ്വീക

രിക്കും. വൃത്തിഹീനരായി നടക്കുന്നവരെ വിളിച്ചു് മ
ശലേനതന്നെ കൂളിപ്പിച്ചു് ശുചിയായ വസ്ത്രങ്ങൾ
ധരിപ്പിക്കും. വിളംബംവിനാ അവർ മശലേനായു
ടെ ഉത്തമ അനുയായികളായി രൂപാന്തരപ്പെടുകയും
ചെയ്യും. കുട്ടികളെ വശത്താക്കുന്നതിനു് അവർക്കു
ണ്ടായിരുന്ന അന്യാദൃശമായ പാടവം ഹേതുവാൽ അ
നുസരണയില്ലാത്ത വല്ല കുട്ടികളേയും കണ്ടാൽ "ന
മ്മുടെ വാഗ്ദത്തപ്പെട്ടവളുടെ കുട്ടിയാണതു്" എന്നു് മറ്റു
ള്ളവർ പറയുക പതിവായിത്തീർന്നു.

വല്ല കുട്ടികളും, അടങ്ങി ഒതുങ്ങി ജീവിക്കുവാ
നും, സ്കൂളിൽ ഇരിക്കുവാനും ഉള്ള മടിനിമിത്തം, കട
ന്നുകളഞ്ഞാൽ മശലേന ആ കുട്ടിയെ കണ്ടുപിടിച്ചു്
വീണ്ടെടുക്കുന്നതുവരെ സ്വസ്ഥചിത്തയാകുന്നതല്ല.
ശുദ്ധത നശിക്കുവാൻ ഇടയുള്ള സാഹചര്യങ്ങളിൽ
കുട്ടികൾ വല്ലവരും ഉൾപ്പെട്ടിരിക്കുന്നതായറിഞ്ഞാൽ
ആ നിമിഷംമുതൽ അവൾ ദൈവസാഹായ്യം അഭ്യ
ർത്ഥിച്ചുതുടങ്ങും. ദൈവത്തെ ഉപദ്രവിക്കുന്ന ഒരാത്മാവി
നുവേണ്ടി സ്വജീവനെ അപ്പിക്കുവാൻപോലും അവ
ൾക്കു മടിയുണ്ടായിരുന്നില്ല.

മശലേന മിലാനിലായിരിക്കുമ്പോൾ, അവിടെ
ഒരു യുവാവു് ഒരു യുവതിയിൽ അനുരക്തനായിരിക്കു
ന്നതറിഞ്ഞു. നിർഭാഗ്യവശാൽ അവരിരുവരും ഒരേ ഭ
വനത്തിലാണു് താമസിച്ചിരുന്നതും. മശലേന യുവാ
വറിയാതെ അവളെ സുരക്ഷിതമായ മറ്റൊരു സ്ഥാ
നത്തേക്കുമാറ്റി. മശലേനയാണു് ഇതിനു കാരണ

ക്കാരി എന്നു് യുവാവു ഗ്രഹിച്ചു. അയാൾക്കു കോപം സഹിക്ക വഹിയാതെയായി. അമഷ്ത്തോടെ അവൻ ആശ്രമത്തിലെത്തി. മൃഗലേന ഏകാകിനിയായി ഒരിടത്തു് നിൽക്കുന്നതുകണ്ടു. ആ യുവതിയെ എവിടെയാണു് താമസിപ്പിച്ചിരിക്കുന്നതെന്നു് ഇപ്പോൾ പറയണമെന്നവൻ ഉദ്വേഗത്തോടെ ആവശ്യപ്പെട്ടു. "എന്തായാലും അവളുടെ വാസസ്ഥലം നിന്നെയറിയിക്കുകയില്ല" എന്നു് മൃഗലേന സൌമ്യഭാവത്തിൽ അവനോടു പറഞ്ഞു. ആ യുവാവിന്റെ കോപത്തിനു തിരില്ലെന്നായി. അവൻ നഖശിഖാന്തം വിറച്ചു തുടങ്ങി. ഉത്തരക്ഷണത്തിൽ കൈവശമുണ്ടായിരുന്ന കൈത്തോക്കെടുത്തു. "ഇതു് ഇപ്പോൾ നിന്റെനേരെ പ്രയോഗിക്കും" എന്നു പറഞ്ഞുകൊണ്ടു് മൃഗലേനയുടെ നേരെ നീട്ടി. തോക്കു കണ്ടതുകൊണ്ടു് അവൾക്കു തെല്ലും മനശ്ചാഞ്ചല്യം ഉണ്ടായില്ല. "അതിനു നിനക്കു ധൈര്യമുണ്ടാകുമൊ? എന്നെ വധിക്കണമെന്നുണ്ടെങ്കിൽ ഇതാ ഞാനിവിടെ നിൽക്കുന്നു. യഥേഷ്ടം പ്രവർത്തിച്ചുകൊൾക" എന്നുമാത്രം അവൾ പതിഞ്ഞ സ്വരത്തിൽ പ്രതിവചിച്ചു. മൃഗലേനയുടെ ഈ ധൈര്യം കണ്ടപ്പോൾ കോപാക്രാന്തനായ യുവാവു് വളരെ ആശ്ചര്യപ്പെട്ടുകതന്നെചെയ്തു. അവൻ എടുത്ത തോക്കു് പൂർവ്വസ്ഥാനത്തു് നിക്ഷേപിച്ചു. അവൻ അവിടെനിന്നും കടന്നു. കുറെകഴിഞ്ഞപ്പോൾ അവൻ പശ്ചാത്തപിച്ചു മാനസാന്തരപ്പെട്ടു. പിന്നെ ആ യുവതിയെ കൊട്ടനേപ്പിച്ചതുമില്ല. ഇപ്പ

കാരം മഗ്ദലേനായുടെ ധൈര്യം രണ്ടാത്മാക്കളെ പാപത്തിൽനിന്നും സംരക്ഷിച്ചു.

ആശ്രമത്തിൽ അദ്ധ്യയനം നടത്തിയിരുന്ന കുട്ടികളിൽ ചിലരെപ്പറ്റി മഗ്ദലേന ചിലപ്പോൾ ചില ദീർഘദർശനങ്ങളും തന്നെ നടത്താറുണ്ടായിരുന്നു. അവളുടെ ആ പ്രവചനം അക്ഷരാർത്ഥം നിറവേറുകയും ചെയ്തിട്ടുണ്ട്. ഒന്നു രണ്ടുദാഹരണങ്ങൾമാത്രം ഇവിടെ രേഖപ്പെടുത്താം.

വെനീസിലെ സ്കൂളിൽ മഹാ തന്നിഷ്ടയായ ഒരു ബാലികയുണ്ടായിരുന്നു. ഒരു ദിവസം മഗ്ദലേന സ്കൂൾവരാന്തയിൽകൂടി കടന്നുപോകുമ്പോൾ, അവൾ ഏതൊ കുറ്റത്തിനു ശിക്ഷിക്കപ്പെടുന്നതായിക്കണ്ടു. ഉടനെ അവളെ കൈക്കുപിടിച്ചു് ആ ക്ലാസിലെ അദ്ധ്യാപികയായ സഹോദരിയെ സമീപിച്ചശേഷം അവൾക്കു് മാപ്പുകൊടുക്കണമെന്നും അവൾ ഒരു നല്ല കുട്ടിയായി ഈ ആശ്രമത്തിലെ ഒരംഗമായി ചേരുമെന്നും പറഞ്ഞു. അന്നോറാ (Annetta) എന്നായിരുന്ന ബാലികയുടെ പേർ. ഇതു കേട്ടപ്പോൾ കുട്ടി ഒന്നു കൂടി കലശൽ കൂട്ടുവാനാണു് തുടങ്ങിയതു്. "ഞാൻ ഇവിടെ ചേരുന്നതിനുപകരം ഇതിനു തീ വെച്ചുകളയും" എന്നവൾ നിസ്സങ്കോചം പറഞ്ഞു. "എന്റെ മകളെ, നീ ഇവിടെ ചെരുമെന്നു മാത്രമല്ല, എന്റെ അന്ത്യസമയത്തു് എന്നെ പരിചരിക്കാനും നിനക്കിടയാകും" എന്നു് മഗ്ദലേന ആ ക്ഷണത്തിൽ തന്നെ പറഞ്ഞു. ആരും ഇതര കായ്മയി അപ്പോൾ കരു

തിയില്ല. എങ്കിലും ആ പ്രവചനം അക്ഷരാർത്ഥം നിറവേറുകതന്നെ ചെയ്തു. അവർ പിൽകാലത്തു് സുശീലയായിത്തീർന്നു്, ആശ്രമത്തിൽ ചേർന്നു. മാത്രമല്ല മദ്രലേന ആ സഹോദരിയുടെ വക്ഷസ്സിൽ ശിരസ്സു വച്ചുകൊണ്ടു കിടന്നാണു് അന്ത്യശ്വാസം വിട്ടതു്.

കുറെ ചെറുബാലികമാർ ഒരുമിച്ചു കപ്പേളയിൽ നിന്നിറങ്ങിവരുമ്പോൾ നാലുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഒരു കുട്ടിയെ പിടിച്ചു തലോടിക്കൊണ്ടു് "ഇവൾ എനിക്കുള്ളവളാണു്" എന്നു് മദ്രലേന പറയുകയുണ്ടായി. ആരും ഇതത്ര കഥവച്ചില്ല. എങ്കിലും പിൽകാലത്തു് അവളും സ്വമനസാ അവിടത്തെ ഒരംഗമായി ചേർന്നു.

അഗതികളുടെ കാര്യത്തിൽ മാത്രമാണോ മദ്രലേന ശ്രദ്ധപതിച്ചിരുന്നതു എന്നൊരു പ്രശ്നത്തിനു് ഇവിടെ ന്യായമായ അവകാശമുണ്ടു്. സർവ്വപ്രധാനമായി അവൾ അതിലാണു് ശ്രദ്ധ പതിച്ചിരുന്നതെങ്കിലും മറ്റുള്ളവരുടെ കാര്യവും കേവലം ത്യാജ്യകോടിയിൽ തള്ളിക്കളഞ്ഞില്ല. കുബേരകുചേലഭേദമെന്യെ സകലരും അവൾക്കു് ഒരുപോലെ ആയിരുന്നു. മദ്രലേനായുടെ ഓരോ സ്ഥാപനങ്ങളോടും അനുബന്ധിച്ചു് അഗതികൾക്കുള്ള ശിക്ഷണാലയത്തിനുംപുറമെ, സാധാരണ വിദ്യാലയങ്ങളും കോളേജുകളും പ്രശസ്തമായ നിലയിൽ നടത്തിപ്പോരുന്നുണ്ടു്. അഗതികളുടെ കാര്യം അന്നു് അധികമാരുടേയും ശ്രദ്ധയ്ക്കു് വിഷയീഭവിച്ചിട്ടില്ലാഞ്ഞതിനാൽ അവൾ മുഖ്യമായും ആ കുറവി

നെ പരിഹരിക്കുവാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുവാൻ ഇടയായി എന്നേ ഉള്ളൂ.

യുവതികൾക്കും ബാലികമാർക്കുമായി ഏകാന്ത ധ്യാനം നടത്തുന്ന പതിവിനും മർദലേനയാണ് ആരംഭം ഇട്ടതു്. ആ പതിവു് പ്രസ്തുത സ്ഥാപനങ്ങളിൽ ഇപ്പോഴും പാലിക്കപ്പെടുന്നു. നിരവധി ആത്മാക്കൾ ഇതുമൂലം സന്മാർഗ്ഗത്തിൽ സ്ഥിരപ്പെടുവാൻ ഇടയാകുന്നുമുണ്ടു്.

ഊമന്മാരും ചെകിടന്മാരുമായവരുടെ വിദ്യാഭ്യാസവിഷയത്തിലും മർദലേനായുടെ ശ്രദ്ധ പതിയാതിരുന്നില്ല. ഊമനായിരുന്ന ഒരു ബാലനെ പ്രഥമദിവ്യകാരുണ്യത്തിനൊരുക്കുവാൻ ഒരിക്കൽ അവൾക്കിടയായി. ഇവർക്കായി പ്രത്യേകം ഒരു വിദ്യാലയം സ്ഥാപിക്കണമെന്നു് അന്നേ അവൾ തീർച്ചയാക്കി. തദർത്ഥം നടത്തിയ ശ്രമഫലമാണു് ഇറാലിയിൽ ഇപ്പോൾ ഇക്കൂട്ടർക്കായുള്ള വിദ്യാലയങ്ങളിൽ പലതും.

ദൈവമഹത്വത്തിനുപയുക്തമായ ഒരു കാര്യം വരുമ്പോൾ മർദലേന പ്രദർശിപ്പിച്ചിരുന്ന ഔത്സുക്യവും ധൈര്യവും ഒന്നു വേറേതന്നെയായിരുന്നു. ചക്രവർത്തിയെ സമീപിച്ചു് ആശ്രമത്തിനു സ്ഥലം ചോദിക്കുവാൻ ധൈര്യപ്പെട്ടതുതന്നെ ഇതിനൊരുദാഹരണമാണല്ലൊ. ബാലികമാർക്കായുള്ള സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിലാണു് ആദിമുതൽക്കേ അവളുടെ ശ്രദ്ധ പതിഞ്ഞതു്. പുരുഷന്മാർക്കായി ഒരു സ്ഥാപനം ആരംഭിക്കുവാനും അവൾക്കു മടിയുണ്ടായില്ല. ആയിരത്തി എണ്ണൂറ്റി മുപ്പത്തൊന്നിൽ (1831) വെനീസിൽ

ഇദംപ്രഥമമായി പുരുഷന്മാക്ക് ഒരു സ്ഥാപനം അവം ഏർപ്പെടുത്തി. അതിപ്പോഴും പ്രവർത്തനം തുടർന്നു പോരുന്നുണ്ട്. അതിനു് ഇപ്പോൾ ശാഖകളും, അവയിൽ എല്ലാംകൂടി അറുപതു് അംഗങ്ങളും ഉണ്ട്. ധാരാളം വിദ്യാർത്ഥികൾ അതിൽ അദ്ധ്യയനം നടത്തിപ്പോരുന്നു.

എളിമ.

മശലേനായിൽ പ്രശോഭിച്ചിരുന്ന വിരോചിത പുണ്യങ്ങളെ ബന്ധിച്ചുള്ള 'ഡിക്രി' വായിച്ചുശേഷം പരിശുദ്ധ പിതാവു് പതിനൊന്നാം പീയൂസ് മാർപ്പാപ്പ നടത്തിയ പ്രസംഗത്തിൽ അവളിൽ പ്രത്യേകവിധമായി വിളങ്ങിയിരുന്ന രണ്ടു സുകൃതങ്ങളെപ്പറ്റി അതിശയിക്കുന്ന വിധത്തിൽ ശക്തിയായ ഭാഷയിൽ വിശദമായി പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്. "അവർ ഉപവി പ്രകടിപ്പിക്കുന്ന വിഷയത്തിൽ എളിമയുള്ളവളും, എളിമയിൽ ഉപവിയുള്ളവളും ആയിരുന്നു." അവിടുന്നു് വീണ്ടും ഇങ്ങനെ തുടരുന്നു: "സാധുക്കളെ സഹായിക്കുവാനും, അവരെ സേവിക്കുവാനും മാത്രം ഉപവിയുള്ളവർ പലരുണ്ടു്; എന്നാൽ സാധുക്കളോടുകൂടി അഗതിയായിതീരുവാൻ ചുരുക്കംപേർക്കേ കഴികയുള്ളൂ."

സാധുക്കളോടുള്ള മഗ്ദലേനായുടെ അനുവർത്തനത്തേയും, അനുകമ്പയേയും പരിശുദ്ധപിതാവു തിരുമനസ്സിലെ മേലുദ്ധരിച്ച വാക്കുകളിൽ അവിടുന്നു മതിയാംവണ്ണം പ്രസ്പഷ്ടമാക്കുന്നുണ്ടു്. അഗതികളിൽ നിന്നും വ്യത്യസ്തമായ ഒരു മനസ്ഥിതി അവളിൽ ഉണ്ടായിട്ടില്ല. പരോക്ഷമായ കടാക്ഷത്തിലല്ല, പ്രത്യക്ഷമായ പ്രവർത്തനങ്ങളിലാണു് അവളുടെ ഉപവിയും സാധുജനങ്ങളോടുള്ള അനുകമ്പയും സാക്ഷാൽ അടങ്ങിയിരുന്നതു്. അവളും ഒരഗതിയായി. അതെ, പരിശുദ്ധപിതാവു പ്രസ്താവിക്കുന്നതുപോലെ അവൾ അഗതികളോടുകൂടി അഗതികൾക്കുവേണ്ടി അഗതിതപംവരിച്ചു.

പ്രഭുകുലജാതക്കനുയോജ്യമായ അഭ്യസനങ്ങളും ശിക്ഷണങ്ങളും ആണു് രാജസപ്രാഭവത്തോടുകൂടിയ ഒരു പ്രഭുകുലത്തിൽ ജനിക്കുവാനിടയായ മഗ്ദലേനായ്ക്കു് ബാല്യത്തിൽ സിദ്ധിച്ചതെന്നു് നാം കണ്ടുവല്ലൊ. എന്നാൽ അന്യരോടുള്ള വർത്തനത്തിൽ പ്രഭുത്വത്തിന്റെ ഒരു ലാഞ്ഛനപോലും അവളിൽ കണികാണാൻ കഴിഞ്ഞിരുന്നില്ല. സാധാരണ നിലയിലായിരുന്ന അവളുടെ അനുവർത്തനങ്ങൾ. എങ്കിലും അതിൽതന്നെ ഒരു പ്രത്യേക മഹിമ കളിയാടിയിരുന്നു.

താൻ സ്ഥാപിച്ച സഭയിലെ അംഗങ്ങൾക്കു സാധുസ്ത്രീകളുടെ വേഷവിധാനങ്ങളാണു് മഗ്ദലേന നിശ്ചയിച്ചതു്. അവളും അതുതന്നെ സ്വീകരിച്ചു. അവളുടെ സാമൂഹ്യമായ ഉന്നത നിലയേയോ കുലമ

ഹിമയേയോ ആഭിജാത്യത്തേയോ പററി ഒരിക്കലെങ്കി
ലും ഒന്നു സൂചിപ്പിക്കപോലും ഉണ്ടായിട്ടില്ല. സഭാ
സംബന്ധമായ കായ്യങ്ങളിലും മറുമായി പല
പ്പോഴും ഗവമ്മേണ്ടുദ്യോഗസ്ഥന്മാരേയും മറും അവർ സ
മീപിക്കേണ്ടിവന്നിട്ടുണ്ട്. കോടതികളിൽ പോകേ
ണ്ടിവന്നപ്പോഴെല്ലാം അവർ ഒരു സാധാരണ സ്ത്രീ
യുടെ നിലയിൽ ആണ് പോയിരുന്നതു്. അവളുടെ
കുടുംബനാമധേയം ഒന്നു സൂചിപ്പിക്കുകമാത്രം ചെയ്തി
രുന്നെങ്കിൽ, അധികൃതസാന്നിദ്ധ്യത്തിൽപോലും അ
വർക്കു് തന്റെ കുടുംബമഹിമയും പ്രതാപത്തിനും
അനുസരണമായ സത്കരണങ്ങളും ആചാരോപചാ
രങ്ങളും ലഭിക്കുമായിരുന്നു. മശ്ലേനായ്ക്കു് ഇതൊന്നും
അജ്ഞാതമായിരുന്നില്ല. എങ്കിലും ഒരിക്കലെങ്കി
ലും അവർ തന്റെ യഥാർത്ഥ സ്ഥിതി വെളിപ്പെടു
ത്തുക ഉണ്ടായിട്ടില്ല.

മശ്ലേനായ്ക്കു് നല്ലപോലെ അറിവുണ്ടായിരുന്ന
പല കായ്യങ്ങളും ഓരോ സാഹചര്യങ്ങളിൽ അറി
ഞ്ഞുകൂടാ എന്നു ഭാവിക്കുന്നതിനു് അവർക്കുണ്ടായിരു
ന്ന പാടവം ഒന്നു വേറേതന്നെയായിരുന്നു. ഒരിക്കൽ
അവളുടെ ബന്ധത്തിൽപ്പെട്ട ഒരു മാന്യൻ റോമാ
യാത്രയും കഴിഞ്ഞു് തിരിച്ചെത്തിയശേഷം റോമി
ൽ താൻ ചെന്നപ്പോൾ, ചില കർദ്ദിനാളന്മാരേയും
മെത്രാന്മാരേയും മറും കണ്ടതും പരിചയപ്പെട്ടതും
വിവരിക്കുവാൻ തുടങ്ങി. ഏതു കായ്യസാദ്ധ്യത്തി
നും അവരുമായി എഴുത്തുകുത്തുകൾ നടത്തുവാൻ വള

രെ സൌകര്യമുണ്ടെന്നും, അറിയിച്ചാൽ മതിയെന്നും മറും അദ്ദേഹം മശലേനായെ പറഞ്ഞുകേൾപ്പിച്ചു. പക്ഷെ ആ മാന്യൻ സൂചിപ്പിച്ച വൈദികാദ്ധ്യക്ഷന്മാരെല്ലാം മശലേനായ്ക്കു് അദ്ദേഹത്തെക്കാൾ കൂട്ടുതൽ പരിചയമായിരുന്നു; എങ്കിലും സംഭാഷണത്തിനിടയിൽ അതൊന്നും അവൾ വെളിക്കു വിട്ടില്ല. ആ വക കാര്യങ്ങളിൽ ഒരുവക അറിവും ഇല്ലാത്ത ആളാണു് മശലേന എന്നു് ആരും സംശയിച്ചുപോകത്തക്കവിധം അദ്ദേഹത്തിന്റെ സംഭാഷണം അവസാനിക്കുന്നതുവരെ, അക്ഷമത അശേഷം പ്രത്യക്ഷപ്പെടുത്താതെ അവൾ സസൂക്ഷ്മം ശ്രദ്ധിച്ചുകൊണ്ടിരുന്നു.

വേറൊരവസരത്തിൽ മശലേന ഒരു സഹോദരിയുമൊരുമിച്ചു് റോമ്മിൽനിന്നും മടങ്ങി വന്നവഴി രാത്രി കഴിച്ചുകൂട്ടുവാനായി ഒരു സത്രത്തിൽ ചെന്നു. ഇവരുടെ വേഷം കണ്ടപ്പോൾതന്നെ ഏതൊ സാധുക്കളാണിവരെന്നു് സത്രക്കാരി തീർച്ചയാക്കിക്കഴിഞ്ഞു. പണമില്ലാത്തവരെ ഉണ്ടോ ആരെങ്കിലും ലോകത്തിൽ കാര്യമായി കരുതുന്നു.! സത്രത്തിൽ ഒരൊഴിഞ്ഞ മൂലമാത്രം സത്രക്കാരി ഈ സാധുക്കൾക്കു നൽകി. മശലേനായ്ക്കു് ഇതിൽ അശേഷം അതൃപ്തി ഉണ്ടായില്ല. എളിയ നിലയിൽ എവിടെയെങ്കിലും കഴിച്ചുകൂട്ടുന്നതിനവൾക്കു് സാക്ഷാൽ സന്തോഷമേ ഉണ്ടായിരുന്നുള്ളു. പക്ഷെ തന്റെ കൂട്ടുകാരിക്കു് നല്ല സുഖമില്ലായിരുന്നതിനാൽ കുറേക്കൂടി സൌകര്യമുള്ള ഒരു മുറി അവൾക്കു് നൽകണമെന്നു് മശലേന ആവശ്യപ്പെട്ടു. ഇതു

കേട്ടപ്പോൾ സത്രക്കാരിക്കു് കുറേ നീരസംകൂടി ഉണ്ടാകാതിരുന്നില്ല. എങ്കിലും അതൊന്നും പുറത്തു കാണിക്കാതെ വാടക തരാമെങ്കിൽ സൌകര്യപ്പെട്ട സ്ഥലം സജ്ജമാക്കിക്കൊടുക്കാമെന്നു് മറുപടി കൊടുത്തു. ഉടനെ മശലേന മൂന്നു സ്വർണ്ണനാണയങ്ങളെടുത്തു് സത്രക്കാരിയെ ഏല്പിച്ചു. ഇതു കണ്ടപ്പോൾ സത്രക്കാരിയുടെ ഭാവമൊന്നു മാറി. തന്റെ അതിഥികൾ അത്ര അഗണ്യരല്ലെന്നു് അവൾ ഊഹിച്ചു. പ്രഭാതമായപ്പോൾ ഈ സംശയം നിശ്ശേഷം നീങ്ങി. മശലേനായുടെ സാന്നിദ്ധ്യത്തെപ്പറ്റി കേട്ടവർ കേട്ടവർ അവളെ ഒരു നോക്കു കാണുന്നതിനും, ആചാരോപചാരങ്ങൾ പ്രകടിപ്പിക്കുന്നതിനും ആയി അഹമഹമികയാ സത്രത്തിൽ തിക്കിക്കൂടി. അപ്പോളാണു് തനിക്കു പറ്റിയ ജാള്യത സത്രക്കാരിയ്ക്കു് പൂർണ്ണമായി ബോദ്ധ്യമായതു്. എന്തുവേണ്ടുവെന്നറിയാതെ ആദ്യമവൾ അല്പമൊന്നമ്പരന്നു. ഒടുവിൽ മശലേനായുടെ മുമ്പിൽ പോയി മുട്ടുകുത്തി മാപ്പപേക്ഷിച്ചു മശലേന സത്രക്കാരിയുടെ ഉദ്ദേശ്യം എല്ലാം നേരത്തെ ഗ്രഹിച്ചതാണു്. "നിങ്ങളുടെ ഊഹം തെറ്റിയില്ല; ഞങ്ങൾ സാധുക്കൾ തന്നെ" എന്നു പറഞ്ഞു സത്രക്കാരിയെ അയച്ചു.

മശലേന സഭാസ്ഥാപന സംരംഭങ്ങളിൽ ഏർപ്പെട്ടിരുന്ന ആദ്യകാലത്തു് പലരും അവളെ അവഹേളിച്ചിരുന്നു. ഇവൾ കേവലം ഭ്രാന്തിയാണെന്നും ഇതെല്ലാം വെറും പേക്കൂത്തുകളാണെന്നും പറഞ്ഞു്

പലരും ആക്ഷേപിച്ചു. പലയിടത്തുനിന്നും പല രീതിയിലും അവഹേളനപരമായ കത്തുകൾ ലഭിച്ചിരുന്നു. പക്ഷേ മഗ്ദലേന ഇതൊന്നും വകവെച്ചില്ല. ആക്ഷേപിച്ചവരെ അവജ്ഞയോടെ വീക്ഷിക്കുവാനും സന്നദ്ധയായില്ല. അവൾ സ്ഥിരോത്സാഹത്തോടെ മുന്നോട്ടു പ്രയാണം ചെയ്തു. ഒടുവിൽ വിജയം— പ്രശസ്തമായ വിജയം തന്നെ— കരസ്ഥമാക്കുകയും ചെയ്തു.

താൻ സ്ഥാപിച്ച സഭയെ അവൾ ഉള്ളഴിഞ്ഞു സ്നേഹിച്ചു. എന്നാൽ എളിമയുടെ ആധിക്യത്താൽ അതിനെ പ്രകീർത്തിക്കുവാനൊ അതെപ്പറ്റി ഘോഷപ്രഘോഷണം നടത്തുവാനൊ അവൾ ഒരിക്കലും ഒരുമ്പെട്ടില്ല. "ഞങ്ങൾ സാധുക്കൾ; അജ്ഞരും സാധുക്കളുമാണ് സഭാംഗങ്ങൾ; തിരുസഭാവാടിയിലെ യാതൊരു സഭയോടും തുലനംചെയ്യത്തക്കതായ യാതൊരുയോഗ്യതയും ഞങ്ങളുടെ സഭക്കില്ല" എന്ന് മഗ്ദലേന സഭയുടെ നിയമാവലിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതൊരു വെറും ഭംഗിവാക്കായി പറഞ്ഞിട്ടുള്ളതല്ല. അവളുടെ യഥാർത്ഥമായ അഭിപ്രായം അതേവിധം രേഖപ്പെടുത്തിയിരിക്കുന്നു എന്നു മാത്രം.

ആത്മസംയമനം.

ഈ സുകൃതം സമ്പാദിക്കുന്നതിനുള്ള സാഹചര്യം ദൈവപരിപാലനയാൽ മശലേന ശിശുപ്രായത്തിൽതന്നെ സമ്പാദിച്ചതായി നാം കണ്ടുകഴിഞ്ഞു. പ്രകൃത്യാ, ക്ഷിപ്രകോപിയായിരുന്നു എങ്കിലും അദ്ധ്യാപികയുടെ ശിക്ഷണത്തിനു വിധേയയായ നാൾമുതൽ സ്വയംനിഗ്രഹിച്ചു പരിശീലിക്കുവാൻ അവൾ ആരംഭിച്ചതാണ്. അതിന്റെ ഫലമായി പിൽകാലത്തു് അവൾ വളരെ ശാന്തശീലയായി തന്നെത്തന്നെ പരിപൂർണ്ണമായും കീഴടക്കി. നിരന്തരം ഘോരമായ ഒരു സമരത്തിന്റെ ഫലമായി അവൾ കരസ്ഥമാക്കിയ ഒരു വിജയമായിരുന്നു അതു്. കോപിഷ്ടയും തന്നിഷ്ടയുമായിരുന്ന മശലേന ചിലപ്പോൾ കോപാധിക്യത്താൽ വിറക്കുന്നതായിപ്പോലും കണ്ടിട്ടുണ്ടെങ്കിലും, അധരങ്ങൾ അനങ്ങുന്നതിനവൾ അനുവദിച്ചിരുന്നില്ല എന്നു് അവളുടെ ധാത്രിസ്റ്റെല്ല തന്നെ പറഞ്ഞിട്ടുണ്ടു്. കോപാധിക്യത്താൽ ഭാവംമാറി മൌനംദീക്ഷിക്കുക അസാദ്ധ്യമെന്നു തോന്നുമ്പോൾ അവൾ ഉദ്യാനത്തിനുചുറ്റും ഓടി കോപശാന്തി വരുത്തുക പതിവായിരുന്നു. ഇങ്ങനെ ആദ്യം ബാഹ്യമായും പിന്നീടു ആഭ്യന്തരമായും പോരാടി അവൾ സ്വയം ജയിച്ചു. ഇന്ദ്രിയങ്ങളുടെ പ്രകൃതിസിദ്ധമായ ചൈതന്യം അവളിൽ അസ്തമിച്ചുപോയോ എന്നു തോന്നുമാറു് അത്രക്കു് അവയെ അവൾ നിയ

ന്ത്രിച്ചു. സ്വന്തമുറിയിൽ മേശപ്പുറത്തുകിടക്കുന്ന സാമാനങ്ങൾപോലും പലപ്പോഴും അവളുടെ ദൃഷ്ടിക്കു് വിഷയീഭവിപ്പിക്കേണ്ടതായി വന്നിട്ടുണ്ടു്. കുട്ടികളുമായുള്ള സംഭാഷണം മഗ്ദലേന വളരെ ഇഷ്ടപ്പെട്ടിരുന്ന ഒന്നാണു്. ഒരിക്കലെങ്കിലും യാതൊരുത്തരോടും, കുട്ടികളോടൊ, അവരുടെ മാതപിതാക്കന്മാരോടൊ വിനോദത്തിനായിട്ടു മാത്രം ഉപയോഗപ്രദമോ ഫലപ്രദമോ അല്ലാത്ത ഒരുവാക്കു പറഞ്ഞതായിട്ടു് അറിയുവാനിടയായിട്ടില്ല. സ്വകൃത്യനിർവ്വഹണാർത്ഥം ഇറവലിയിലേക്കു് യാത്രകൾ കഴിക്കേണ്ടതായിട്ടുണ്ടായിരുന്നെങ്കിലും തീർത്ഥസ്ഥലങ്ങളല്ലാതെ കേവലം വിനോദാർത്ഥം യാതൊരുസ്ഥലവും സന്ദർശിച്ചിരുന്നില്ല.

കേവലം സാധാരണ ഭക്ഷ്യപദാർത്ഥങ്ങൾകൊണ്ടു് അവൾ തൃപ്തിപ്പെട്ടിരുന്നു. അക്കാര്യത്തിൽ ഒരു തൃപ്തി ഒരിക്കലും ഉണ്ടായിട്ടില്ല. ബന്ധുമിത്രാദികൾ ചിലപ്പോൾ നല്ല പഴവർഗ്ഗങ്ങൾ, വിശേഷപദാർത്ഥങ്ങൾ മുതലായവ അയച്ചുകൊടുക്കുക പതിവുണ്ടായിരുന്നു. വിശേഷമായി വല്ലതും കിട്ടിയാൽ ഇതു് ഇന്ന സഹോദരിക്കു പറിയതാണു്, ആ സാധുകുടുംബക്കാർക്കിതു നൽകണം, ഇന്നരോഗി ഇതു് പ്രതീക്ഷിച്ചിരിക്കുന്നതാണു്, എന്നിങ്ങനെ പറഞ്ഞു് ഓരോരുത്തർക്കുംനൽകി സംതൃപ്തയാകുന്നതല്ലാതെ അവ മഗ്ദലേനയുടെ ഉപയോഗത്തിനെടുക്കുക പതിവില്ലായിരുന്നു.

മരണശയ്യയിൽപോലും ഇന്ദ്രിയനിഗ്രഹം ശ്രദ്ധാപൂർവ്വമായനിലയിൽ അവൾ സാധിച്ചതോർക്കുമ്പോൾ ആ

രും അത്ഭുതപ്പെട്ടുകതന്നെ ചെയ്യും. പനി വഷ്ടിച്ചു് ചുണ്ടുകൾ വരണ്ടു്, ദാഹം അസഹനീയമായി തോന്നി. വല്ല പാനീയം മാത്രം കഴിക്കുവാൻ പാട്ടുള്ള എന്ന പതനത്തിലായി. ഈ അപകടഘട്ടത്തിൽ അടുത്തു നിന്നവർ കുറെ വെള്ളം വായിൽ ഒഴിച്ചു കൊടുത്തു. അധരം നനഞ്ഞു കഴിഞ്ഞപ്പോൾ മതിയാക്കി. അല്പംകൂടി കുടിക്കരുതോ എന്നു് അടുത്തുനിന്നവർ ചോദിച്ചപ്പോൾ "ഇതു കുടിച്ചതുകൊണ്ടു രോഗശമനം ഉണ്ടാകയില്ല. പിന്നെ കുടിച്ചില്ലെങ്കിൽ എന്താണു്" എന്നായിരുന്നു രോഗി നല്കിയ മറുപടി.

സമയത്തിന്റെവില മശ്രലേന ശരിക്കറിഞ്ഞിരുന്നു. ആശ്രമകാര്യങ്ങളിൽ ഏർപ്പെട്ടതിനുശേഷം ഒരു നിമിഷംപോലും അവൾ പാഴാക്കി കളഞ്ഞിട്ടില്ല എന്നു് അതിശയോക്തി ലേശമെന്യെ പറയാം. എപ്പോഴും എന്തുജോലിക്കും തയ്യാറായിരിക്കും. ജോലിയിൽ മുഷിച്ചിൽഎന്നതു് അവൾ അറിഞ്ഞിട്ടേയില്ല. മരണദിവസംവരെയെന്നല്ല, അവസാന വിനാഴിക വരെ കൃത്യാന്തരങ്ങളിൽ അവൾ വ്യാപൃതയായിരുന്നു. മരിക്കുന്നതിനു ഏതാനും മണിക്കൂറുകൾ മുമ്പിൽ വന്ന ഒരെഴുത്തു് അവൾതന്നെ വായിച്ചു. അതിനുള്ള മറുപടി പറഞ്ഞുകൊടുത്തെഴുതിച്ചു. കുറെ മിനിറുകൾ കഴിഞ്ഞപ്പോൾ ദേഹിയും വേർപിരിഞ്ഞു!!

മരണം.



മഗ്ദലേനായുടെ ആരോഗ്യം അടിക്കടി ക്ഷയിച്ചു തുടങ്ങി; അവസാനനാളുകളിൽ അവളുടെ ക്ലേശങ്ങൾ പൂർവ്വവൽ വർദ്ധിക്കുകയാണ് ചെയ്തത്. കൃശഗാത്രിയായി, രോഗബാധിതയായിത്തീർന്ന മഗ്ദലേന വല്ല യാത്രക്കിടയിലും അന്ത്യശ്വാസം വലിക്കുവാനിടയാകയില്ലെന്നുപോലും പലരും സംശയിക്കാതിരുന്നില്ല. പക്ഷെ മഗ്ദലേനായ്ക്കുമാത്രം ഈവക അധൈര്യങ്ങൾ കണക്കും ഇല്ലായിരുന്നു. ക്ഷീണം വർദ്ധിക്കുമ്പോൾ പെട്ടെന്നു അവൾ അറിയാതെതന്നെ വല്ല സ്ഥലത്തും ഇരുന്നുപോയാൽ ഉത്തരക്ഷണത്തിൽ "മഗ്ദലേന, എന്തു്? നീ മടിയായിരിക്കുന്നുവോ?" എന്നു് തന്നെത്താൻ ചോദിച്ചുകൊണ്ടു് വീണ്ടും എഴുന്നേറ്റുകഴിയും. അവസാനകാലത്തു്, ആരംഭിച്ച ഒരു ചുമ അവളെ വല്ലാതെ അലട്ടി. തന്മൂലം പല കൊല്ലങ്ങൾ കട്ടിലിൽ കിടക്കുവാൻ പാടില്ലാതെ അവൾ രാത്രി മുഴുവൻ ഇരുന്ന സമയം കഴിച്ചിട്ടുണ്ടു്.

മഗ്ദലേന ഒരു പുതിയ സഭയ്ക്കുടിസ്ഥാനമിട്ടു. എങ്കിലും അതിന്റെ പൂർത്തീകരണത്തിനു പിന്നെയും പല കായ്യങ്ങൾ നിർവ്വഹിക്കേണ്ടതായുണ്ടായിരുന്നു. പക്ഷെ വിജയമകുടം ചൂടുന്നതിനുള്ള സമയം അടുത്തു. 1834 അവസാനത്തോടെ അവൾ രോഗബാധിതയായി, ശയ്യയെ അവലംബിച്ചു. മഗ്ദലേന അപ്പോൾ ബർഗാമോ (Bergamo) എന്ന സ്ഥലത്തെ ആശ്രമ

ത്തിലായിരുന്നു. "ഞാൻ വെറോനായിൽ ചെന്നു ചേരാതെ മരിക്കുകയില്ലെന്നും എന്റെ അവശിഷ്ടങ്ങളും വെറോനായിൽ സംസ്കരിക്കപ്പെട്ടും" എന്നും അവൾ ഖണ്ഡിതമായി പറഞ്ഞു. എങ്കിലും ഡോക്ടരുടെ അഭിപ്രായം മറിച്ചായിരുന്നു. അന്ത്യകൂദാശകൾ ഇനി സ്വീകരിക്കുന്നതു് ഉത്തമമല്ലെ എന്നുപദേശിക്കുവാൻ ചെന്ന അവിടത്തെ ആശ്രമശ്രേഷ്ഠത്തിയോടുതന്നെയാണു് മദ്ധ്യേന ഇങ്ങനെ പ്രവചിച്ചതു്. അവസാനം അക്ഷരാർത്ഥം അതു് നിറവേറി.

ആയിരത്തി എണ്ണൂററി മുപ്പത്തഞ്ചിലെ (1835) വലിയ ആഴ്ചയിൽ രോഗിയുടെ സ്ഥിതി ആപൽക്കരമായിതീർന്നു. മുറിവിട്ടു പുറത്തിറങ്ങുവാൻതന്നെയും പാടില്ലെന്നായി. അന്ത്യകൂദാശകൾ നൽകണമെന്നു് അവൾതന്നെ ആവശ്യപ്പെട്ടു. മുട്ടിന്മേൽ നിന്നുകൊണ്ടു് അവസാനമായി തന്റെ സ്നേഹമണവാളനെ സ്വീകരിച്ചാശ്ലേഷിച്ചു. കുറെ സമയം കഴിഞ്ഞപ്പോൾ അവളുടെ പിൻഗാമിയായി സഭയുടെ അധിപയായി നിയമിക്കപ്പെട്ട ക്രിസ്റ്റീന പിലോട്ടി (Christina Pilotti) എന്ന കന്യാസ്ത്രീയെ വിളിച്ചു് സഭാഭരണസംബന്ധമായ പല നിർദ്ദേശങ്ങളും നൽകി; അനന്തരം അന്ത്യലേപനം യഥാവിധി സ്വീകരിച്ചു. ഏതാനുംവിനാഴിക കഴിഞ്ഞപ്പോൾ അനന്യസാധാരണമായ ചില ഭാവഭേദങ്ങൾ മുഖത്തു് കാണാറായി. "നന്മനിറഞ്ഞമറിയമേ" എന്ന നമസ്കാരം ഉച്ചത്തിൽ ചൊല്ലുവാൻ അടുത്തുനിന്നിരുന്ന കന്യക

കളോട് മശലേന ആവശ്യപ്പെട്ട. ആദ്യപ്രാവശ്യം "ശുദ്ധമാനമറിയമെ" എന്നുള്ളഭാഗം മുട്ടിന്മേൽനി ന്നുകൊണ്ടുചൊരിച്ചു. രണ്ടാംപ്രാവശ്യത്തേതു പൂർത്തിയാ ക്കുവാൻ സാധിച്ചില്ല. മൂന്നാംപ്രാവശ്യം ആ നമസ്കാ രം ചൊല്ലിത്തുടങ്ങിയപ്പോൾ ഒരു മഹാ പ്രസന്ന ത—അത്യന്തം സ്നേഹിക്കുന്ന ആരുടേയോ സാമീപ്യം ഉണ്ടായാലെന്നതുപോലെ ഒരു സന്തോഷം—രോഗി ണിയിൽ കാണപ്പെട്ട. അടുത്തക്ഷണത്തിൽ അവൾ ആഹ്ലാദസൂചകമായ ഒരു സ്വരം പുറപ്പെടുവിച്ചു. അതോടേ അടുത്തിരുന്ന കന്യാസ്ത്രീയുടെ—"ഞാൻ ഈ ആശ്രമത്തിനു് തീവച്ചുകളയു"മെന്നുപറഞ്ഞപ്പോ ൾ "ഇല്ലുമകളെ, നി ഇതിൽ ഒർംഗമായിച്ചേർന്നു് അ ന്ത്യസമയത്തു് എന്നെ പരിചരിക്കു"മെന്നു് ഏതൊ രുബാലികയെപ്പറ്റി മശലേന പ്രവചിച്ചിരുന്നുവോ ആ അന്നീറാരായുടെ—കരതല്പജങ്ങളിലേക്കു് മശലേ ന ശിരസ്സുചായിച്ചു. ഉത്തരക്ഷണത്തിൽ അവളുടെ പാവനാത്മാവു് നിത്യാനന്ദത്തിൽ ലയിച്ചു. അന്നു് വ്യാകുലമാതാവിന്റെ വെള്ളിയാഴ്ചയായിരുന്നു. "വ്യാ കുലവെള്ളിയാഴ്ച ഞാൻ മരിക്കും" എന്നു് അനേകവ ർഷംമുൻപു് ചെയ്തിരുന്ന വേറൊരുപ്രവചനവും ഇപ്ര കാരം നിറവേറി.

തന്റെ മണവാട്ടിയുടെ മരണാനന്തരം അനേ കം അത്ഭുതങ്ങളാൽ അവളുടെ പുണ്യധാവല്യത്തെ അതഹിക്കുന്നവിധത്തിൽ പ്രകീർത്തിക്കുവാൻ ദൈവം ചിത്തമായി. മശലേനായുടെ മൃതശരീരം ആശ്രമ



മഗ്ദലേനായുടെ ഭാഗ്യമരണം (1835.)

കപ്പേളയിൽ പരസ്യമായി സ്ഥാപിക്കപ്പെട്ടു. നിരവധി ജനങ്ങൾ അതു സന്ദർശിച്ചു് കൃതാർത്ഥതയടഞ്ഞു. മരണാനന്തരം അൻപത്താറുമണിക്കൂർ സമയത്തേക്കു് ശരീരത്തിനു് ഒരുമാറ്റവും സംഭവിച്ചില്ലെന്നു മാത്രമല്ല കാണികളെ ആശ്ചര്യപരതന്ത്രരാക്കുമാറു് അതു മരവിക്കാതെ മൂർച്ഛിതദേഹംപോലെ കാണപ്പെടുകയും ചെയ്തു. സ്പഷ്ടിയമായ ഒരു സൌരഭ്യം അതിൽനിന്നും വമിച്ചിരുന്നു. അവളുടെ വിശുദ്ധാവശിഷ്ടങ്ങൾ സന്ദർശിച്ചവർക്കെല്ലാം അവാച്യമായ ഒരു ആത്മിയ നിർവൃതി അനുഭൂതമായി. മർഗലേനായുടെ മൃതദേഹം ഇന്നും വെറോന ആശ്രമദേവാലയത്തിൽ അഭംഗമായി സൂക്ഷിക്കപ്പെടുന്നു.

പരേതയുടെ മാദ്ധ്യസ്ഥംവഴിയായി ഇറാലിയിലും വിദേശങ്ങളിലും വിശിഷ്യാ മിഷ്യൻരംഗങ്ങളിലും ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ അനവധിയാണു്. ആയിരത്തി എണ്ണൂറി എഴുപത്തെട്ടിൽ (1878) മർഗലേനായെ ധന്യരുടെ ഗണത്തിൽ ഉൾപ്പെടുത്തി. ആയിരത്തി ഞ്ഞൊള്ളായിരത്തി ഇരുപത്തേഴിൽ (1927) അവളുടെ വീരോചിത സുകൃതങ്ങളേപ്പറ്റിയുള്ള 'ഡിക്രീ' പരിശുദ്ധ പിതാവിന്റെ സന്നിധിയിൽ വായിക്കപ്പെട്ടു. മർഗലേന വിശുദ്ധരുടെ ഗണത്തിലേക്കുയർത്തപ്പെടുന്ന ആ സുദിനത്തിന്റെ സുപ്രഭാതത്തെ ഈ ധന്യയുടെ ആത്മിയ മക്കളായ സഭാംഗങ്ങൾ അക്ഷമരായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

ഉപസംഹാരം.

മിഷ്യൻ രംഗം.

വിശ്വാസദീപത്തിന്റെ പ്രകാശം ഏൽക്കാതെ അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിടന്നിരുന്ന ദേശങ്ങളിലൊക്കെ തന്റെ പ്രവൃത്തിപരിധിയിൽ ഉൾപ്പെടുത്തണമെന്നു് മശ്ലേനാ അഭിലഷിക്കാതിരുന്നില്ല. മിഷ്യനരംഗങ്ങളിൽ മനോദർപ്പണത്തിൽ ഈ പ്രേഷിതപ്രവീണയും അഭിവീക്ഷിച്ചു. അവളുടെ ഹൃദയം അതോടു തുടിച്ചുകൊണ്ടുമിരുന്നു. പക്ഷെ അന്നത്തെ കാലഘട്ടം മശ്ലേനായുടെ അഭിലാഷപൂർത്തിക്കു് അനുയോജ്യമല്ലായിരുന്നതിനാൽ അതു സാധിച്ചില്ല. എന്നാൽ കനോസാസ്ഥാപനത്തിനു് ബീജാവാപംചെയ്ത മശ്ലേനായുടെ അന്ത്യാഭിലാഷം ഇന്നു് ക്രമശ: സാധിതപ്രായമായിവരുന്നു. നിരവധി പ്രതിബന്ധങ്ങളെ തരണംചെയ്തശേഷം ആയിരത്തി എണ്ണൂററി അറുപതിൽ (1860) ഒരു സംഘം കനോസ മിഷനറിമാർ ഇറലിയിൽനിന്നു് ചൈനായിൽ ഹോംകോങ്ങിലേക്കു് (Hong-kong) യാത്രയായി. ഹോംകോങ്ങു് ആസ്ഥാനമാക്കി മിഷ്യനറിപ്രവർത്തനം സമാരംഭിച്ചു. ചൈനായിലെ കനോസാസ്ഥാപനം ഇന്നു്, പല ശാഖാസ്ഥാപനങ്ങളോടുകൂടി കായ്ക്ഷമമായ പ്രവർത്തനങ്ങൾ നടത്തിപ്പോരുന്നു. അവിടെനിന്നു മിഷ്യനറിമാർ ഇതരസ്ഥലങ്ങളിലേക്കും കടക്കാതിരിക്കുന്നില്ല. ആയിര

ത്തി എണ്ണൂറി എൺപതിൽ (1880) കൊച്ചിമെത്രാൻ ഡോക്ടർ ഗോമസ് Mons. Gomez തിരുമനസ്സ് കൊണ്ട് ആവശ്യപ്പെട്ടതനുസരിച്ച് ഹോംകൊങ്ങ് ആശ്രമത്തിൽനിന്നും ഒരു സംഘം കന്യകകൾ ആ ശ്രുപതയിൽ എത്തി. ഇൻഡ്യയിലേക്കുള്ള കനോസാസംഘക്കാരുടെ ഇദംപ്രഥമമായ ആഗമനമായിരുന്നു അതു്. രണ്ടാമതായി ഇവരുടെ സാന്നിദ്ധ്യസൌഭാഗ്യം അനുഭവിക്കുന്നതിനു ഭാഗധേയം സിദ്ധിച്ചതു് ഓഷ്യാനിയായ്ക്കായിരുന്നു.

കനോസാ സ്ഥാപനത്തിൽ ഇപ്പോൾ അയ്യായിരം (5000) കന്യകകൾ അംഗങ്ങളായുണ്ട്. ഇറലി, ഇംഗ്ലണ്ട്, അമേരിക്കാ, ചൈനാ, ഇൻഡ്യാ, ഓഷ്യാനിയാ എന്നീ ഭൂഭാഗങ്ങളിൽ മുന്നൂറിൽപരം സ്ഥാപനങ്ങളിലായി താമസിച്ചുകൊണ്ട് ദിവ്യരക്ഷകന്റെ ദ്രാക്ഷാവാടിയിൽ ഈ ധീരാത്മാക്കൾ അവരുടെ സ്ഥാപകയുടെ മതതീക്ഷ്ണതയെ ഇന്നും അനുസ്മരിപ്പിക്കുമാറു് ത്യാഗസംപൂർണ്ണമായ സേവനം അനുസ്യൂതം നടത്തിവരുന്നു. ഇവരുടെ ആഭിമുഖ്യത്തിൽ സ്കൂളുകൾ, അനാഥമന്ദിരങ്ങൾ, വേദപഠന ശാലകൾ എന്നിങ്ങനെ നിരവധി സ്ഥാപനങ്ങൾ നടത്തപ്പെട്ടുവരുന്നുണ്ട്. മഗ്ദലേനായുടെ ആത്മചൈതന്യം ഇന്നും അവളുടെ സഭാസന്താനങ്ങളിൽ കളിയാടുന്നു. സ്വർഗ്ഗത്തിൽനിന്നും അവൾ അവരുടെ പ്രവർത്തനങ്ങളെ സ്വർഗ്ഗീയാനുഗ്രഹതീർത്ഥത്താൽ അഭിഷേകം ചെയ്യുന്നു. അവയാകട്ടെ ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കയും ചെയ്യുന്നു.

കനോസായിലെ വന്ദ്യ മദ്ര
ലേനായുടെ സ്തുതിക്കായുള്ള പ്രാർത്ഥന.

ഇഹത്തിൽ വിശ്വസ്തതയോടെ അങ്ങേ സേവി
ക്കുന്നവരുടെ യോഗ്യതകൾക്കു സമ്മാനം നൽകുന്ന
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! അങ്ങേ ദാസി
യായ കനോസായിലെ വന്ദ്യ മദ്രലേനായെ അങ്ങു
കിരീടം ധരിപ്പിച്ചു എന്നു, അവളുടെ മാദ്ധ്യസ്ഥം വഴി
യായി ഞങ്ങളുടെ എളിയ പ്രാർത്ഥനയെ കേട്ടുകൊണ്ടു
ഞങ്ങൾക്കു കാണിച്ചുതരേണമെ.

ഫ്രാ. ഫ്ര. ഫ്രീ.

നിന്റെ ദരിദ്രന്മാരിൽ നിന്നെ ശുശ്രൂഷിക്കുന്ന
വർക്കു നിത്യാനന്ദം വാഗ്ദത്തംചെയ്തിട്ടുള്ളവനും നിത്യ
പിതാവിന്റെ കുമാരനുമായ ഞങ്ങളുടെ കർത്താവീശോ
മിശിഹായെ, ആയുഷ്കാലം മുഴുവനും ദരിദ്രരുടെ ശു
ശ്രൂഷയ്ക്കായി ചിലവഴിച്ചവളും തന്റെ സ്ഥാപനത്തി
ന 'സാധുജന ശുശ്രൂഷികൾ' എന്നു നാമകരണം ചെ
യ്തവളുമായ അങ്ങേ ദാസിയുടെ മാദ്ധ്യസ്ഥം വഴിയായി
ഞങ്ങൾ യാചിക്കുന്ന അനുഗ്രഹങ്ങൾ ഞങ്ങൾക്കു ന
ൽകേണമെ. ഫ്രാ. ഫ്ര. ഫ്രീ

മനുഷ്യാത്മാക്കളിൽ അത്ഭുതവരപ്രസാദങ്ങളെ
ചിന്തുന്നവനും ബാവായുടെയും പുത്രന്റെയും അതി
രറ സ്നേഹവുമായ പരിശുദ്ധാത്മാവേ, അങ്ങേ ശി

ഷ്യയായ കനോസായിലെ വന്ദ്യ മഗ്ദലേനായുടെ ഔദാര്യ ഹൃദയത്തിൽ ചിന്തിയ എരിവേറിയ സ്നേഹത്തെക്കുറിച്ചു അവളുടെ മാദ്ധ്യസ്ഥം വഴിയായി ഞങ്ങൾ യാചിക്കുന്ന നൽവരങ്ങളും ആശിർവ്വാദങ്ങളും നാം കേണമെ. ഫ ആ. ഫ ന. ഫ ത്രീ.

മറിയമെ, വ്യാകുലമാതാവെ, ഞങ്ങളുടെ സഭാസ്ഥാപക തന്റെ സ്ഥാപനത്തെ താഴ്മയോടെ അങ്ങേയ്ക്കു പ്രതിഷ്ഠിച്ചുവല്ലൊ. അങ്ങേ ദാസിയും ഇപ്പോൾ ദൈവകൃപയാൽ സ്വർഗ്ഗത്തിൽ നിന്നോടുകൂടി വസിക്കുന്നവളുമായവളെ പ്രേരിപ്പിച്ച വിശ്വാസം, ശരണം, ഉപവി എന്നീ പുണ്യാത്മരൂപി ഞങ്ങൾക്കു ലഭിച്ചുതരുന്നതിനും ഞങ്ങളുടെ പ്രാർത്ഥനകൾ അങ്ങേ മാദ്ധ്യസ്ഥംവഴിയായി ഞങ്ങളുടെ കർത്താവായ അങ്ങേ ദിവ്യപുത്രന്റെ തിരുസന്നിധിയിൽ യോഗ്യതയുള്ളതായി തീരുന്നതിനും ഇടയാക്കേണമെ.

ഫ ആ. ഫ ന. ഫ ത്രീ.

Printed and Published For the Proprietor by C. C. Joseph,
At St. Joseph's I. S. Press, Elthuruth. 12—9—'38.


GLORIA IN EXCELSIS DEO

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
0000163 1
LP M27

